Reg. M. No. 2293

ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 28 | 1130 കന്നി 27—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1954 ഒക്ടോബർ 13 | ലക്കം 9

## മുൾപ്പടപ്പിലെ ലില്ലിപ്പുഷ്പം

(റവ. ഫാദർ ഹിലാരിയോൻ ടി. ഒ. സി. ഡി., എം. എ.)

ദിവ്യഗീതയിലെ മണവാളൻ പാട്ടുകയാണു് തന്റെ പ്രിയ മുള്ളുകൾക്കിടയ്ക്കു് വളരുന്ന ലില്ലിപ്പുഷ്പമാണെന്നു്. ഈ വിരോധാഭാസപ്രകീർത്തനം അമലോത്ഭവയായ മറിയത്തെ സംബന്ധിച്ചിടത്തോളം തികച്ചും സാർത്ഥകമാണു്. കൂർത്തുമൂർത്ത പാപമുള്ളുകൾക്കിടയ്ക്കു് വിടൎന്നു വിലസുന്ന മനോഹരമായ ഒരു ലില്ലിപ്പൂവാണു് നമ്മുടെ നാഥ. ജഡമോഹതീക്ഷ്ണമായ ആധുനികലോകാന്തരീക്ഷത്തിൽ ജീവിച്ചുപോരുന്ന യുവതീയുവാക്കന്മാരുടെ മൃദുലഹൃദയങ്ങളെ തണുപ്പിച്ചു് സംശുദ്ധമാക്കുന്ന ശീതളമായ ലില്ലിപ്പുഷ്പമാണവിടുന്നു്. സംശയലേശമെന്യേ നമുക്കു സമർത്ഥിക്കുവാൻ സാധിക്കും നമ്മുടെ യുവലോകം വിമലമനോഹരിയായ മറിയത്തെ അഭയംഗമിക്കുമെങ്കിൽ, അവളെ അനുകരിക്കുമെങ്കിൽ അവരുടെ ഭാവി സുപ്രസന്നവും സുഭഗവുമായിരിക്കുമെന്നു്.

### ആ ഉദ്ബോധനം

മരിയൻ ജൂബിലിവത്സരം പ്രഖ്യാപിച്ചുകൊണ്ടു് പരിശുദ്ധപിതാവു് പ്രസിദ്ധീകരിച്ച "ഫുൾജെൻസ് കൊറോനാ" എന്ന വിശ്വലേഖനത്തിൽ ചില പ്രത്യേക സംഗതികൾക്കുവേണ്ടി നമ്മുടെ അമ്മയോടു പ്രാർത്ഥിക്കണമെന്നു് അവിടുന്നു ലോകത്തെ ഉദ്ബോധിപ്പിക്കുന്നുണ്ടു്. അവയിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നു് വളർന്നുവരുന്ന തലമുറയുടെ ശുദ്ധതയാണു്. ഉദാരഹൃദയരായ യുവജനങ്ങൾ ശുദ്ധരും നിർമ്മലരുമായി വളരുന്നതിനും വഷളായതും വഷളാക്കുന്നതുമായ ആധുനികലോകത്തിന്റെ നിശ്വാസത്താൽ രോഗബാധിതരായിത്തീരാതെ സുസ്ഥമായ ഒരു ലോകത്തെ കെട്ടിപ്പടുക്കുന്നതിനു് വേണ്ട ശക്തിയും ധീരതയും അവർക്കുണ്ടാകുന്നതിനും വേണ്ടി നാം തീക്ഷ്ണമായി പ്രാർത്ഥിക്കണമെന്നു് യുവലോകസ്നേഹിയായ മാർപ്പാപ്പാ ആവശ്യപ്പെടുന്നതു് ആധുനികലോകത്തിന്റെ ഗതിവിഗതികളെ സമ്യക്കായി നിരീക്ഷണം ചെയ്തുകൊണ്ടാണു്.

### പുരോഗമനത്തിന്റെ പേരിൽ

"നവയൗവനവും വന്നു് നാൾതോറും വളരുന്ന" നമ്മുടെ യുവാക്കൾ വഷളായിത്തീർന്നാൽ ലോകത്തിനു് ഒരു നല്ല നാളെയെ ദർശിക്കുവാൻ സാധിക്കുകയില്ല. കലാലയങ്ങളുടെ സംഖ്യ വർദ്ധിച്ചതുകൊണ്ടോ പുതിയ പുതിയ വിഷയങ്ങൾ പഠനവലയത്തിൽ ഉൾപ്പെടുത്തിയതുകൊണ്ടോ മാത്രം നമ്മുടെ വിദ്യാഭ്യാസപ്രസ്ഥാനം പുരോഗമിക്കുന്നുണ്ടെന്നു് നാം വിചാരിച്ചു പോകുന്നുണ്ടെങ്കിൽ അതു് ഒരു ഭീമമായ അബദ്ധമാണു്. മനഃശരീരങ്ങളുടെ ശക്തിക്കും സുസ്ഥിതിക്കും ആവശ്യകമായ സന്മാർഗ്ഗബോധം ഇന്നു ശോചനീയമാംവിധം തകർന്നുപോയിരിക്കുന്നതുകൊണ്ടു് അതിനെ വളർത്തുന്നതിനും പരിപാലിക്കുന്നതിനും അവശ്യാവശ്യമായ പ്രായോഗികപദ്ധതികൾ രൂപവൽക്കരിക്കാത്തിടത്തോളം കാലം നമ്മുടെ വിദ്യാഭ്യാസപ്രവർത്തനം ഒരു പരാജയമായിത്തന്നെ പരിഗണിക്കപ്പെടേണ്ടതാണു്. പുരോഗമനത്തിന്റെ പേരിൽ യുവലോകത്തെ വഷളാക്കുന്ന സാഹചര്യങ്ങൾ ഇന്നു വർദ്ധിച്ചുകൊണ്ടാണിരിക്കുന്നതു്. "ഹ്യൂമനിസ"ത്തിന്റെയും "ഫ്രോയിഡിസ"ത്തിന്റെയും "റിയലിസ"ത്തിന്റെയും മറയിൽ പ്രചരിച്ചുകൊണ്ടിരിക്കുന്ന അസാന്മാർഗ്ഗികപ്രസ്ഥാനങ്ങൾ എത്രയെത്ര! ചലച്ചിത്രങ്ങൾ, ഗ്രന്ഥങ്ങൾ, കലാസൃഷ്ടികൾ ഇവയിൽ പലതും മനുഷ്യന്റെ അധമവികാരങ്ങളെ ഉജ്ജ്വലിപ്പിച്ചു് യുവജനകുസുമങ്ങളുടെ മനോഹരതയെ നശിപ്പിക്കുവാൻ പോരുന്നവയാണു്. അശ്ലീലമുള്ളുകളാൽ കീറിമുറിഞ്ഞു് വിടരാതെ വാടിക്കരിഞ്ഞുപോകുന്ന ചെറുപൂമൊട്ടുകൾ ഇന്നു് ഒട്ടുംതന്നെ വിരളമല്ല.



ഫാത്തിമാനാഥയുടെ കുഞ്ഞുമക്കളുടെ ആനന്ദം.

### മുൾപ്പടർപ്പിലെ ലില്ലി

യുവജനപ്പൂമൊട്ടുകൾ വിടൎന്നു് ലോകാന്തരീക്ഷത്തെ സൗഗന്ധികമാക്കുന്നതിനു്, സാദ്ധ്യമാകണമെങ്കിൽ അവ പരിശുദ്ധകന്യകാമറിയത്തിലേക്കു് തിരിയണം. മുൾപ്പടപ്പിൽ ജനിച്ചെങ്കിലും എന്നും, ഉത്ഭവക്ഷണം മുതൽ വിശുദ്ധ സുകൃതകാന്തി ചിന്തിക്കൊണ്ടിരിക്കുന്ന ആ ദിവ്യലില്ലിക്കുസുമത്തിന്റെ സാന്ദ്രമായ തണലിൽ വളരണം. മറിയം കന്യകകളുടെ മാതാവാണു്. "അത്യന്തവിരക്തിയുള്ള" മാതാവാണു്, "ഈഷലററ കന്യകാമാതാവാണു്," "കന്യാവ്രതത്തിനന്തരം വരാത്ത മാതാവാണു്", "നിർമ്മലതനിർമ്മിതമായ കോട്ട"യാണു്, "സ്വർണ്ണാലയ"മാണു്. സുപ്രസിദ്ധ മരിയഭക്തനായ കാർഡിനൽ ന്യൂമൻ പറയുകയാണു്: "യുവജനങ്ങളുടെ ഹൃദയം പരിശുദ്ധമാക്കുന്നതിനുള്ള വരം കത്തോലിക്കാ സഭയ്ക്കുണ്ടെന്നു് അവർ അഭിമാനിക്കുന്നു. ഇതിന്റെ കാരണം അവർ ഈശോമിശിഹായെ നമുക്കു ഭക്ഷണമായും മറിയത്തെ നമ്മുടെ വളർത്തമ്മയായും തരുന്നുവെന്നുള്ളതാണു്."

സംശയമില്ല, മറിയത്തിന്റെ പരിലാളനയിൽ ജീവിക്കുന്ന യുവാക്കന്മാരും യുവതികളും മാലാഖായുടെ ഒരു ജീവിതംതന്നെ കഴിക്കുവാൻ പ്രാപ്തിയുള്ളവരായിത്തീരും. അത്രയധികം വരപ്രസാദമാണു് അവർക്കു ലഭ്യമാകുന്നതു് ഈ അമ്മ വഴിയായി.

### മൃതമായ വിശുദ്ധിയല്ല

മറിയം "വിശുദ്ധ" സുകൃതസുരഭിലമായ ലില്ലിയാണു്. (Lily of Purity). ഈ വിശുദ്ധതയാകട്ടെ വെറും മൃതമായ, തണുത്തു മരവിച്ച ശുദ്ധതയല്ല, പ്രത്യുത തീക്ഷ്ണതയാൽ ഉജ്ജ്വലിക്കുന്ന ശുദ്ധതയാണു്. അവൾ ഒരു മാതാവാണെങ്കിലും നിത്യ കന്യകയുമാണു്. അവൾ മഞ്ഞിനേക്കാൾ വെണ്മയേറിയവളാണു്, ഏററം സംശുദ്ധമായ മാടപ്രാവാണു്. അവളുടെ വിശുദ്ധി മാലാഖാമാരുടേതിനേക്കാൾ ഉൽകൃഷ്ടമാണു്. "എന്റെ പ്രിയേ, നീ മുഴുവനും അഴകുള്ളവളാകുന്നു; നിന്നിൽ യാതൊരു കളങ്കവുമില്ല" എന്നാണല്ലോ ദിവ്യപ്രിയൻ പ്രകീർത്തിക്കുന്നതു്.

അശുദ്ധപാപപങ്കിലമായ ലോകത്തിൽ മറിയം ജീവിച്ചെങ്കിലും അവളുടെ ശുദ്ധത സജീവമായി പരിലസിച്ചു. അസാന്മാർഗ്ഗികളെ നമ്രമുഖരാക്കുന്ന ഊർജ്ജസ്വലമായ വിശുദ്ധി മറിയം അഭ്യസിച്ചിരുന്നു. അവളുടെ സൗന്ദര്യം ദർശിച്ചിട്ടുള്ളവർ അവളെ ഒരു മനുഷ്യാതീതസൃഷ്ടിയായി പരിഗണിച്ചിരുന്നു. ഭൗതികമാത്രമായ പേഗൻ ഈജിപ്തിൽ മറിയം കുറെക്കാലം വസിച്ചിരുന്നുവെങ്കിലും സ്വന്തനാട്ടിലേക്കു തിരിച്ചുപോന്നതു് വർദ്ധമാനമായിത്തീർന്ന ഹൃദയശുദ്ധിയോടുകൂടിയാണു്.

### സ്ത്രീത്വത്തിനു് ഒരലങ്കാരം

നമ്മുടെ നാഥ സ്ത്രീത്വത്തിനു പ്രത്യേകിച്ചു് ഒരലങ്കാരവും നിദർശനവുമാണു്. ഇന്നു നമ്മുടെ യുവതികൾ ഒരുതരം പുതിയ "പേഗനിസ"ത്താൽ വലയിതരാണു്. ശാലീനതവെടിഞ്ഞു് ചിത്രശലഭങ്ങളെപ്പോലെ പാറിനടക്കുന്നതിനാണു് പലരും ആഗ്രഹിക്കുന്നതു്. അതു പുരോഗമനോന്മുഖമായ ഒരു ഫാഷനായിട്ടാണു് പലരും പരിഗണിക്കുന്നതു്. എന്നാൽ ആപല്ക്കരമായ ഈ പുരോഗമനവാസനയെ നിയന്ത്രിക്കാതിരുന്നതുമൂലം മനംനീറി കരയുവാൻ ഇടയായിട്ടുള്ളവർ ഒട്ടുംകുറവല്ലെന്നും നാം അനുസ്മരിക്കണം. ഓരോ യുവതിയും ഇന്നു് മറെറാരു മറിയമായിത്തീരണം. മറിയം ശാലീനതയുടെ ഒരുത്തമമാതൃകയായിരുന്നു. എല്ലാ നോക്കിലും വാക്കിലും പോക്കിലും അവൾ ശുദ്ധതയെ പ്രതിഫലിപ്പിച്ചി

രുന്നു. വി. തോമസ് അക്വിനാസ് പ്രസ്താവിക്കുന്നതുപോലെ "മറിയത്തിന്റെ അഴക്" അതു ദർശിച്ചിരുന്നവരിൽ വിശുദ്ധിയെ അങ്കുരിപ്പിച്ചിരുന്നു. വി. ജെറോമിന്റെ അഭിമതം വി. യൗസേപ്പുതന്നെ മറിയത്തോടുള്ള തന്റെ സമ്പർക്കംമൂലമാണ് സ്വന്തം ചാരിത്ര്യത്തെ പരിപാലിച്ചിരുന്നതു എന്നത്രെ. ലോകത്തെ ദർശിക്കുന്നതിനു മിശിഹായോടുകൂടി മറിയം സഹകരിച്ചു ഇതുപോലെ കാമാന്ധമായ ആധുനികലോകത്തെ ആദ്ധ്യാത്മികനാശത്തിൽ നിന്നു രക്ഷിക്കുന്നതിന് നമ്മുടെ യുവതികളെ പ്രത്യേകമായി തിരുസഭ ആഹ്വാനം ചെയ്യുകയാണ്. പ്രിയ യുവസഹോദരികൾ ഈ ക്ഷണം നിരാകരിക്കുമോ?

### യുവാക്കന്മാരും

യുവാക്കന്മാരും ആധുനികലോകപരിത്രാണവേലയിൽ യുവതികളോടുകൂടി സഹകരിക്കണം. അതു് നിർലജ്ജം അവരെ തുറിച്ചു നോക്കിക്കൊണ്ടോ, ഗോഷ്ടികൾ കാണിച്ചുകൊണ്ടോ, അശ്ലീലമായ പ്രേമലേഖനങ്ങൾ എഴുതിക്കൊണ്ടോ, പാപത്തിലേക്ക് അവരെ ആകർഷിച്ചുകൊണ്ടോ അല്ല. പ്രകൃത ചെറുപ്പത്തിന്റെ തള്ളലുകളേയും ദുരാശാപ്രവണതകളേയും നിയന്ത്രിച്ചുകൊണ്ടാണ്, സ്വന്ത്ര മാന്യതയോടും വിശുദ്ധസുകൃതത്തോടുമുള്ള മതിപ്പോടുംകൂടെ വർത്തിച്ചുകൊണ്ടാണ്. ചലച്ചിത്ര താരങ്ങളുടെ പടങ്ങൾക്കു പകരം അലോകസുന്ദരിയായ, ആന്തരികവും ബാഹ്യവുമായ രൂപലാവണ്യത്താൽ പ്രശോഭിതയായ മറിയത്തിന്റെ സ്വരൂപം അവരുടെ ഹൃദയത്തിലും വസതിയിലും മേശപ്പുറത്തും പ്രതിഷ്ഠിക്കപ്പെടട്ടെ. വിമലമനോഹരിയായ നമ്മുടെ അമ്മ അവരുടെ ചാരിത്ര്യത്തെ പരിരക്ഷിക്കും.

### ആത്മധൈര്യം

മറിയം ദുരാശാവിമുക്തയായിരുന്നെങ്കിലും അതേസമയംതന്നെ ധീരയുമായിരുന്നു. ധൈര്യവും പുരുഷാത്മകമായ വീര്യവും ആത്മശരീരശുദ്ധതയെ പരിപാലിച്ചുകൊണ്ടുപോകുന്നതിനു് ആവശ്യകമാണെന്നു് മറിയം നമ്മെ പഠിപ്പിക്കുന്നു. സകല സുകൃത (Virtue)ത്താലുംഅവൾ അലംകൃതയായിരുന്നതുമൂലമാണ് ധീരയായി വർത്തിച്ചതു്. Virtue എന്ന ഇംഗ്ലീഷ് പദം "പുരുഷാത്മകമായ ശക്തി" എന്നർത്ഥമുള്ള ലത്തീൻപദത്തിൽനിന്നാണ് ഉത്ഭവിക്കുന്നതു്. മറിയം ഒരു യഥാർത്ഥ പുരുഷനോടാണ് വിവാഹിതയായിരുന്നതു്. യൗസേപ്പ് ഒരു യഥാർത്ഥ പുരുഷനായിരുന്നു. മറിയം യഥാർത്ഥ സ്ത്രീയുമായിരുന്നു. പക്ഷെ, സ്ത്രീത്വവും പുരുഷത്വവും യഥാർത്ഥ സുകൃതജന്യമായ വീര്യത്തിലും ധീരതയിലും അധിഷ്ഠിതമായിരുന്നു. മറിയത്തിനു് ബ്രഹ്മചാരിയായ ഒരു ഭർത്താവാണുണ്ടായിരുന്നതു്. വി. യൗസേപ്പിന്റെ മരണത്തിനുശേഷം അവിവാഹിതനും ആമരണം കന്യാത്വം പാലിച്ചിരുന്നവനുമായ വി. യോഹന്നാനോടുകൂടിയാണ് അവിടുന്നു ജീവിച്ചതു്. മിശിഹാ യോഹന്നാന്റെ സംരക്ഷണയിലാണല്ലോ തന്റെ കന്യകാമാതാവിനെ ഏല്പിച്ചുകൊടുത്തതു്. പശ്ചാത്താപപ്രായശ്ചിത്തത്തിനുശേഷം മഗ്ദലേനാമറിയത്തെ സമാശ്വസിപ്പിച്ചു് അവളുടെ തദനന്തരമുള്ള കന്യാത്വജീവിതത്തെ സംരക്ഷിച്ചതും മറിയമാണ്. എല്ലാ യുഗങ്ങളിലും കന്യാത്വവേദിയിൽ ജീവിതം അർപ്പിച്ചിട്ടുള്ള എല്ലാവരെയും മറിയം പരിപാലിച്ചിട്ടുണ്ടെന്നു് ചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ടു്. ചാരിത്ര്യം ബലഹീനമായ ഒരു സുകൃതമല്ല. മറിയം ബലഹീനയും വീര്യരഹിതയുമായ ഒരു സുകൃതിനിയുമല്ല. കന്യാത്വപാലനത്തിൽ ഏതു സാഹചര്യത്തിലും മറിയം പ്രദർശിപ്പിച്ചിട്ടുള്ള ആത്മധൈര്യം അനുകരിച്ചു് നമുക്കു വിശുദ്ധരായിത്തീരാം.

### ഇതരമാർഗ്ഗങ്ങൾ

നമ്മെ ദൈവദൂതസദൃശരാക്കിത്തീർക്കുന്ന ഈ സുകൃതം അഭ്യസിക്കുന്നതിനു് മറിയത്തിന്റെ ആത്മവീര്യം അഭിനന്ദിച്ചതുകൊണ്ടുമാത്രം മതിയാകയില്ല. മററു ചില മാർഗ്ഗങ്ങളും നാം അവശ്യം അവലംബിക്കണം. വി. ബെല്ലർമിന്റെയും ഇതര ആദ്ധ്യാത്മികശാസ്ത്രജ്ഞന്മാരുടെയും അഭിപ്രായം അവയിൽ പ്രാധാന്യം അർഹിക്കുന്നവ പ്രാർത്ഥന, പ്രായശ്ചിത്തം, ആപല്ക്കരങ്ങളായ അവസരങ്ങളെ വിട്ടുമാറുക എന്നീ മൂന്നെണ്ണമാണ്. വി. എലിസബെത്തു് എന്ന ഒരു ബനഡിക്ടൻ സന്യാസിനിക്കു് മറിയം വെളിപ്പെടുത്തിയതു് പ്രാർത്ഥനയും പ്രായശ്ചിത്തവും കൂടാതെ യാതൊരു സുകൃതവും അവിടുന്നു സമ്പാദിച്ചിട്ടില്ലെന്നാണ്. നയനങ്ങളുടെയും ദുരാശകളുടെയും നിയന്ത്രണം വഴിയായി പ്രായശ്ചിത്തം നിർവ്വഹിക്കാവുന്നതാണ്. വി. എലിസബെത്തിനെ സന്ദർശിക്കുവാൻ പോയതു് വേഗതയോടുകൂടിയാണെന്നു് വി. ലൂക്കാ പ്രസ്താവിക്കുന്നു. മനുഷ്യകണ്ണുകളിൽനിന്നു മറഞ്ഞിരിക്കുന്നതിനുള്ള ആഗ്രഹമാണ് ഇതിനു തന്നെ പ്രേരിപ്പിച്ചതെന്നത്രേ ചില വ്യാഖ്യാതാക്കൾ പറയുന്നതു്. അശുദ്ധതയ്ക്കെതിരായിട്ടുള്ള യുദ്ധത്തിൽ ഭീരുക്കളാണ് വിജയം വരിക്കുന്നതു്, എന്നുള്ള വി. ഫിലിപ്പുനേരിയുടെ പ്രസ്താവം ഏററം അർത്ഥവത്താണ്. വി. എലിസബെത്തിനെ സന്ദർശിക്കാൻപോയ മറിയം യോഹന്നാന്റെ ജനനത്തിനു മുമ്പു തിരിച്ചുപോന്നതു് ആ അവസരത്തിൽ അവിടെ കൂടാനിരുന്ന ബന്ധുമിത്രാദികളിൽനിന്നു്, അവരുമായ സംഭാഷണത്തിൽനിന്നു്, കഴിയുന്നത്ര ഒഴിഞ്ഞിരിക്കുന്നതിനായിരുന്നുവെന്നാണ് ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നതു്.

### ഒരു വാക്കുകൂടെ

ഒരു വാക്കുകൂടെ എന്റെ യുവസഹോദരങ്ങളോടു പറഞ്ഞുകൊള്ളട്ടെ. ആദത്തിന്റെ അധഃപതനത്തിനുശേഷം ജഡം ബുദ്ധിക്കെതിരായി സമരിക്കുകയാണ്. അതുകൊണ്ടു ചാരിത്ര്യം എന്ന സുകൃതത്തിന്റെ അഭ്യസനം മനുഷ്യക്ക് അത്ര എളുപ്പമല്ലതന്നെ. മാത്രമല്ല മാംസത്തെയും ജഡികവാസനകളെയുംനിർലജ്ജം പുകഴ്ത്തുന്ന ഒരു ലോകത്തിൽ ജീവിക്കുന്നതുമൂലം വിഷയാസക്തിയോടുള്ള നമ്മുടെ യുദ്ധത്തിൽ സനാതനസന്മാർഗ്ഗതത്വങ്ങളെപ്പോലും മറന്നുപോകാനുള്ള ആപത്തിലാണ് നാം ഇന്നു കുടുങ്ങിയിരിക്കുന്നതും. എന്നാൽ എന്തിനു നാം അശരണരായിത്തീരുന്നു? മുള്ളുകളുടെ ഇടയ്ക്കാണ് നാം മനോഹരിയായ മറിയത്തെ, വെണ്മയേറിയ ആ ലില്ലിപ്പുഷ്പത്തെ ദർശിക്കുന്നതു്. നമുക്ക് അങ്ങേ അഭയംഗമിക്കാം. അവിടുത്തെ അനുകരിക്കാം. "ഓ മറിയമേ, അങ്ങേ അമലോത്ഭവത്തെപ്രതി എന്റെ ശരീരത്തെ നിർമ്മലവും എന്റെ ആത്മാവിനെ പരിശുദ്ധവുമാക്കിത്തീർക്കണമെ" എന്ന സുകൃതജപം എല്ലാ ദിവസവും ചൊല്ലുന്നതു വളരെ ഉപകാരപ്രദമാണ്. വി. ബർണാർദിന്റെ സുസ്മരണീയങ്ങളായ വാക്കുകളിൽ ഈ ലേഖനം ഉപസംഹരിച്ചുകൊള്ളട്ടെ.

"ആപത്തുകളിലും പ്രയാസങ്ങളിലും സംശയങ്ങളിലും മറിയത്തെ വിചാരിക്കുക, മറിയത്തെ വിളിക്കുക; നീ മറിയത്തെ അനുകരിക്കുന്നപക്ഷം നിനക്കു് മാർഗ്ഗഭ്രംശം ഭവിക്കുകയില്ല. നീ അവിടുത്തോടു പ്രാർത്ഥിക്കുന്നപക്ഷം നിരാശയിൽ ഉൾപ്പെടുകയില്ല. അങ്ങേ അനുസ്മരിക്കുന്നപക്ഷം നീ അബദ്ധം പ്രവർത്തിക്കുകയുമില്ല.



സെബസ്ത്യാനോസു പുണ്യവാന്റെ സഹായത്താൽ എന്റെ മകന്റെ സുഖക്കേടു സുഖമായതിനു നന്ദി. താമസിച്ചതിനു ക്ഷമാപണം.

കെ. പി. ആൻറണി
സത്യദീപം ഏജൻറു
കോഴിക്കോട്

# ക്രൂനൻ കുരിശു നിവരുന്നു

(സാഹിത്യതിലകം, ഷെവലിയർ സി. കെ. മററം)

മൂന്നു ശതവർഷങ്ങൾ കഴിഞ്ഞുപോയി ആ സത്യം കഴിഞ്ഞിട്ട്. എന്നിട്ടു വല്ലവരും അതാഘോഷിച്ചോ? ആരാഘോഷിക്കാനാണ്? ഇന്നു് ഏറെക്കുറെ എല്ലാവർക്കുമറിയാം ആ സംഭവം വാശിയിലും മത്സരത്തിലും ഉടലെടുത്തതാണെന്നു്. മാർപ്പാപ്പായോടായിരുന്നില്ല ആ ശണ്ഠ. വിദേശീയഭരണപ്പറങ്കികളോടാണ്. അവരിന്നു് നാടുവിട്ട് ഓടുകയുമാണല്ലോ. സുറിയാനിവേണം, പറങ്കിവേണ്ടാ. അതിനു് സത്യമോ? അതാണ് സംഭവത്തിനു് ആഘോഷമില്ലാത്തതു്. അതു ചെയ്തവരുടെ സന്താനങ്ങളാണ് ഇന്നത്തെ സുറിയാനിക്കാർ. അകത്തുനിന്നു യുദ്ധംചെയ്തു ഒരു വിഭാഗം—പഴയ കൂർ. പുറത്തുനിന്നു മത്സരിച്ചു ഭൂരിപക്ഷം—പുതിയ കൂർ. അന്നു പഴയതു ന്യൂനം. പുതിയതു ഭൂരി. ഇന്നോ? ക്ഷമിക്കണം. ഇന്നു് ഇരുപതു ഇരുപത്തിനാലുവർഷമേ ആയിട്ടുള്ളൂ ഏതാനും ബഥനിസന്യാസികൾ കൂട്ടമായി പുനരൈക്യപ്പെട്ടിട്ട്. അന്നത്തെ അഞ്ചുന്മാരിൽ ഒരാൾ മാത്രമേ ദിവംഗതനായിട്ടുള്ളൂ. മററു നാലുപേരും ഉണ്ടിന്നു്. അന്നത്തെ അഞ്ചു അമ്പതിനായിരമായിട്ട് വർഷങ്ങൾ പലതു കഴിഞ്ഞു. അചിരേണ രണ്ടമ്പതിനായിരമാകാൻ പോവുകയാണ്. ഒരിരുപതുമതി അതിനു്. ജപതപാദികൾക്കു് എന്തെന്തു ഫലമില്ല. പഴയകൂററിലെ അഞ്ചു സുറിയാനിരൂപതകളിലെ വൈദികരും സന്യാസിനീസന്യാസികളും പത്തു ലക്ഷം വരുന്ന വിശ്വാസികളും അടുത്ത പന്ത്രണ്ടുമാസത്തേക്കു് അവരുടെ പ്രാർത്ഥനാസഹായത്തിന്റെ ഹസ്തങ്ങളെ ഇവർക്കുവേണ്ടി നീട്ടുന്നപക്ഷം—നീട്ടാതിരിക്കുമോ—ഇരുപതിനു് ഈരിരുപതു് ആകാനെന്നുള്ള പ്രയാസം?

ഒരു ഗ്രിഗോറിയോസാണ് 1666-ൽ, ക്രൂനൻകുരിശിനുശേഷം, മലങ്കരയിൽ യാക്കോബായശീശ്മയുടെ വിത്തു് വിതച്ചതു്. മറെറാരു ഗ്രിഗോറിയോസിന്നു് ആ കളകളെ പിഴുതെറിയുന്നു.

ഒരത്താനാസിയോസ്സാണ് ഇവിടത്തെ യാക്കോബായസഭയെ രണ്ടുതുണ്ടമായി മുറിച്ചതു്. മറെറാരു അത്തനാസിയോസ്സ് ആ തുണ്ടങ്ങളെ മുറിവുകൂട്ടുകയാണ്. ഈ കളപറിക്കലും മുറിവുകൂട്ടലും അനസ്യൂതമായ പ്രാർത്ഥനയും പ്രവൃത്തിയുംകൊണ്ടു് അവരങ്ങനെ നിർവ്വഹിച്ചുവരുന്നു. അവരുടെ താങ്ങും തണലുമായി ബഥനിയും.

ഈ ബഥനിരംഗത്തിന്റെ അണിയറയിൽ ആരാരു് നർത്തനം ചെയ്തിട്ടില്ല? അവരിൽ പലരും ഇന്നു് പരേതർ. എന്റെ ബഹുമാന്യസുഹൃത്തുക്കളായ പുലിക്കോട്ടു ജോസഫ് റമ്പാൻ, കലയക്കാട്ടിൽ തോമ്മാകത്തനാർ; രണ്ടും രണ്ടു പ്രമുഖന്മാർ. അവരുടെ കാല്പാടുകൾ മായാത്തവിധം പുനരൈക്യപ്രസ്ഥാനത്തിൽ പതിഞ്ഞിട്ടുണ്ട്.

ഇനിയും അത്മായർ. ശ്രീമാന്മാരായ കെ. വി. ചാക്കോ, പനങ്ങോട്ടെത്തു് ഉമ്മച്ചൻ, സജീവരിൽ മത്തായിപ്പണിക്കർ, മാനേജർ ചാക്കോ, എ. പീലിപ്പോസ്, വി. എ. വറുഗീസ് ഇങ്ങനെ ചിലരുടെ നാമധേയങ്ങൾ അവിസ്മരണീയങ്ങളാണ്.. ഈ സ്മരണാവലിയിൽ പെടാത്തവരായി മററു ചിലരും കണ്ടേക്കാം. ഇതിനുപുറമെ ബഥനി പുനരൈക്യത്തിന്റെ ആവിർഭാവം മുതൽ അതിന്റെ ആശ്രയസ്തൂണമായി, കരുത്തേറിയ പ്രാകാരമായി നിലകൊള്ളുന്നതു് കണ്ടത്തിൽ മാർ ആഗുസ്തീനോസു തിരുമേനിയാണെന്നുള്ളതു് കൃതജ്ഞതാപുരസ്സരം അനുസ്മരിക്കേണ്ടതാണ്.

തിരുവനന്തപുരം സംസ്ഥാനയിടവകയുടേയും തിരുവല്ലാ സാമന്തഇടവകയുടേയും ശക്തികേന്ദ്രങ്ങൾ ആണ് നാലാംചിറ. അവിടെയാണ് ബഥനിസന്യാസികളുടേയും സന്യാസിനികളുടേയും മാതൃമന്ദിരങ്ങൾ. നാലാംചിറയ്ക്കു നന്നാലു പുളിനങ്ങളും.

മാർ ഈവാനിയോസ്സ് ബഥനിമെത്രാപ്പോലീത്താ, മാർ തിയോഫിലോസു് സഫ്റഗനും, തിരുമേനിയുടെ സാമന്തരൂപത തിരുവല്ലായും, ജോൺ സെറാഫിയോൻമാർ അംഗങ്ങളും. ആ നിലയിലാണ് അവർ പുനരൈക്യം കൈവരിച്ചതു്. ഒരു മെത്രാപ്പോലീത്തായും ഒരു സഫ്റഗനും ഒരു കത്തനാരും ഒരു ശെമ്മാശ്ശനും ഒരു അത്മേനിയും. എല്ലാവരും ബഥനിക്കാരും. മിശിഹായുടെ അനുഗാമികളാണവർ—ഒ. ഐ. സി. അവരാണ് അന്നു പുനരൈക്യപ്പെട്ടതു്. പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രതിനിധികൾ. പിറേറന്നു് അവരുടെ സഹോദരീസഹോദരന്മാരും അകത്തു കടന്നു. അതിന്റെ രജതജൂബിലിയാണ് ഈ വർഷം. ബഥനിക്കാർക്കു കിട്ടി ഒരു സംസ്ഥാനം. അവർക്കൊരു സാമന്തയിടവകയും. പക്ഷെ സാമന്തൻ ശിഷ്ടൻ, എന്നാൽ നഷ്ടാരോഗ്യൻ. സാരമില്ല, തിരുവല്ലായ്ക്കു് ഒരു ആർച്ചുബിഷപ്പ്-ബിഷപ്പുണ്ടു്. മാർ സെവേരിയോസു തിരുമനസ്സുകൊണ്ടു്—അരോഗദൃഢഗാത്രൻ, സർവ്വസംഗപരിത്യാഗി, പ്രതിഭാശാലി, സർവ്വങ്കഷഭാസ്സോടെ ഭരിക്കുന്നു.

ബഥനിയിലെ ആസൻനാമധാരികളുടെ പുനരൈക്യം ആയിരമായിരങ്ങളുടെ പുനരൈക്യത്തിന്റെ മുന്നോടിയായി. അങ്ങനെ മുൻഗാമികളും പിൻഗാമികളും ഒന്നുചേർന്നു് സീറോ-മലങ്കര മലയാളറീത്തുകാരായി. നോക്കണെ മലയാളഭാഷയുടെ മഹാഭാഗ്യം. ഭാരതത്തിലെ ഈ ഏകഭാഷയ്ക്കു് കൈവന്ന ദുർല്ലഭ സുഭഗത.

മിശിഹായുടെ മാതൃഭാഷ സുറിയാനി ആയിരുന്നു. ഗ്രീക്കുമല്ല, ലത്തീനുമല്ല. ഇന്നിതാ കുർബാന മലയാളത്തിലും. ഭാഷാഭിമാനികൾ ഒന്നടങ്കം പുളകംകൊള്ളേണ്ടതാണിന്നിതിൽ. തമിഴിലും കുർബാന നടക്കുമായിരുന്നു. തിരുമേനിയും ഈയുള്ളവനുംകൂടി അതിനൊരു ശ്രമം നടത്തിയതാണ്. തമിഴ്ഭാഷയ്ക്കു് അതിനു ഭാഗ്യം സിദ്ധിച്ചില്ല. 1929 മുതലേ, എന്നുവച്ചാൽ പുനരൈക്യത്തിനു മുമ്പുമുതലേ ബഥനിസമൂഹവുമായി സമ്പർക്കം പാലിച്ചുവന്നവനാണ് ഈ ലേഖകൻ. 1930 മുതൽ ഔദ്യോഗികമായി ആറുവർഷം അവരുടെയിടയിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. അനൗദ്യോഗികമായി പിന്നീടും എന്റെ സമ്പർക്കം പുലർന്നുവരികയാണ്.

ഈ സമൂഹത്തിനു് ബൃഹത്തായ ഒരു ഭാവിയാണ് ഞാനുദർശിക്കുന്നതു് — ഭാരതത്തിന്റെ മാനസാന്തരം.

തുകലശ്ശേരിയിലർത്ഥികൾ
നാലാംചിറയിൽനവശിഷ്യർ
പൂനായിൽ വൈദികവി
ദ്യാർത്ഥികൾ

പരിശീലനം കഴിഞ്ഞു് ഇവർ രംഗത്തിറങ്ങിക്കൊള്ളട്ടെ.

പഴയ കൂററുകാരുടെ കാര്യക്ഷമമായ സഹകരണം അവർ പ്രതീക്ഷിക്കുന്നുണ്ടു്. അതിനുണ്ടു് കാരണം. കരിയാററിയാണ് പുനരൈക്യത്തിന്റെ ആദ്യകാരണവർ. അദ്ദേഹത്തിന്റെ ത്യാഗഫലമാണ് നാമിന്നു കാണുന്നതു്. മററു ചിലരുമുണ്ടു് കരിയാററിയുടെ അനുഗാമികൾ. നിധിയിരിക്കൽ മാണിക്കത്തനാർ, കയ്യാളശ്ശേരിൽ തോമ്മാമെത്രാൻ, മൂലപ്പുറമ്പിൽ ചാണ്ടിമെത്രാൻ, തോട്ടാശ്ശേരിയിൽ ഡോമിനിക്കു് കത്തനാർ ഇങ്ങനെ പലരുമുണ്ടു് പഴയ കൂററുകാരിൽ പുനരൈക്യസാരഥികളായിട്ടു്. ഇവരെ തുടർന്നു് നമുക്കും നമ്മുടെ സഹോദരങ്ങളുടെ പുനരൈക്യശ്രമങ്ങൾക്കു് വിജയമാശംസിച്ചു് സഹകരിക്കാം. അങ്ങനെ രണ്ടോ മൂന്നോ അമ്പതിനായിരം തികയട്ടെ അടുത്ത സെപ്ററമ്പറിനകത്തു്.

### കൃതജ്ഞത

വി. പത്താംപീയൂസിന്റെ മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

മിസ്സിസ് ത്രേസ്യാ വി. കൂരൻ,
നായരമ്പലം

### കൃതജ്ഞത

വിശുദ്ധ യൗസേപ്പു പിതാവിന്റെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

പി. പി. പോൾ, രാമപുരം

## ഫ്രഞ്ചുകാർ ജർമ്മൻകുട്ടികളെ സൽക്കരിക്കുന്നു

ഫ്രാൻസിലുള്ള കത്തോലിക്കാ ചാരിട്ടി സംഘടനയുടെ നേതൃത്വത്തിൽ, നാടുകടത്തപ്പെട്ട ജർമ്മൻകാരുടെ 800 കുട്ടികളെ 7 ആഴ്ചത്തേക്കു ദീർഘിച്ച ഒരു വിശ്രമജീവിതത്തിനു ഫ്രഞ്ചുകത്തോലിക്കർ അവരുടെ ഭവനങ്ങളിൽ സ്വീകരിക്കുകയുണ്ടായി. അഭയാർത്ഥിസങ്കേതങ്ങളിൽ 8 കൊല്ലത്തോളം ജീവിച്ചിട്ടുള്ളവരായിരുന്നു ഭൂരിപക്ഷം കുട്ടികളും.




# വാർത്തകൾ

(പി. ജോസഫ്, റോം)

## അഖിലലോക മര്യൻകോൺഗ്രസ്സ്

സെപ്റ്റംബർ 8-9-10-11 എന്നീ തീയതികളിൽ റോമിൽ സമ്മേളിച്ച അഖിലലോകമരിയൻ തീർത്ഥാടകരുടെ കോൺഗ്രസ്സിൽ 70-ൽപ്പരം രാജ്യങ്ങളിലെ പ്രതിനിധികളടക്കം 15000 പേർ സംബന്ധിക്കുകയുണ്ടായി. നിറം ഭാഷ എന്നിവയിൽ വ്യത്യസ്ഥരായ ജനക്കൂട്ടത്തെ ആ ദിവസങ്ങളിൽ റോമൻ തെരുവുകളിൽ കാണാമായിരുന്നു. ആഫ്രിക്കയിൽനിന്നു സ്ത്രീപുരുഷരടക്കം 60 ഓളംപേർ ഒരു മെത്രാന്റെ നേതൃത്വത്തിൽവന്നു കോൺഗ്രസ്സിൽ പങ്കുകൊണ്ടു. ഇൻഡ്യയിൽനിന്നു വന്ന ഒരു ഗ്രൂപ്പിൽ 27പേർ ഉണ്ടായിരുന്നു. ആഫ്രിക്കൻ സ്ത്രീകൾ കുഞ്ഞുങ്ങളെ പുറത്തു കെട്ടിയിട്ടുകൊണ്ടും ഇൻഡ്യൻ സ്ത്രീകൾ സാരിയിട്ടുകൊണ്ടുമുള്ള സഞ്ചാരം യൂറോപ്യൻ രാജ്യക്കാരെ അതിശയം കൊള്ളിക്കയുണ്ടായി. ആഫ്രിക്കരുടെ വസ്ത്രധാരണം വളരെ വിചിത്രമായ ഒരു രീതിയിലാണ്.

കോൺഗ്രസ്സിന്റെ ചടങ്ങുകൾ ആരംഭിച്ചതു് പരിശുദ്ധ പിതാവിന്റെ പൈതൃകമായ ഉപദേശത്തോടുകൂടിയാണു്. 8-ാംതീയതി തിരുമനസ്സുകൊണ്ടു് കോൺഗ്രസ്സ് ഉൽഘാടനം ചെയ്യാൻ റോമിലേക്കു പോയിരുന്നു. മരിയൻ സഖ്യങ്ങൾ കഴിഞ്ഞ കാലങ്ങളിൽ എങ്ങനെ തിരുസഭയേയും മനുഷ്യവംശത്തേയും സേവിച്ചു എന്നു പരിശുദ്ധ പിതാവു് തന്റെ പ്രസംഗത്തിൽ അനുസ്മരിപ്പിക്കയുണ്ടായി ഭാവിയിൽ സംഘടിതമായ പ്രവർത്തനങ്ങളുടെ ആവശ്യത്തെപ്പറ്റി തിരുമനസ്സുകൊണ്ടു ജനാവലിയോടു സംസാരിച്ചു.

## ഇററലിയിലെ മരിയഭക്തി

ലോകത്തിന്റെ മററു ഭാഗങ്ങളിലെന്നപോലെ ഇററലിയിലും മരിയഭക്തിക്കു വലിയ ഉണർവുണ്ടായിട്ടുണ്ടു് ഈ വർഷത്തിൽ ഇററലിയിൽ എല്ലാഭാഗത്തും ആഘോഷമായ തോതിൽ ബാഹ്യപ്രകടനങ്ങൾ നടത്തിവരുന്നു. ലോകസമാധാനത്തിനും പീഡയനുഭവിക്കുന്ന സഭാംഗങ്ങൾക്കും വേണ്ടി പ്രാർത്ഥനകൾ ദൈനംദിനം പരിശുദ്ധ ജനനിവഴി തിരുക്കുമാരന്റെ സന്നിദ്ധിയിലേക്കയന്നുകൊണ്ടിരിക്കുന്നു മരിയവത്സരത്തിന്റെ ഈ അവസാനനാളുകളിൽ ഓരോ രൂപതയും ഒരുമിച്ചുചേർന്നു തങ്ങളെ മാതാവിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ചുവരുന്നു.

വി മരിയഗൊരേത്തിയുടെ ജന്മസ്ഥലവും, പരിശുദ്ധ പിതാവു തിരുമനസ്സിലെ വേനല്ക്കാലവസതിയും അൽബാനോ രൂപതയിലാണു്. അവിടത്തെ പ്രതിഷ്ഠാചടങ്ങുകളിൽ ലേഖകൻ സംബന്ധിക്കുകയുണ്ടായി. വിസ്തൃതമായ രൂപതയുടെ എല്ലാ ഭാഗത്തുനിന്നും തൊഴിലാളികൾ, കച്ചേരിജോലിക്കാർ, വിദ്യാർത്ഥികൾ, വൈദികവിദ്യാർത്ഥികൾ ഇവർ ജാഥയായി വന്നു് അൽബാനോയിൽ നടത്തപ്പെട്ട പട്ടണപ്രദക്ഷിണത്തിൽ സംബന്ധിച്ചു. പ്രദക്ഷിണം നയിച്ചിരുന്നതു് അൽബാനോയുടെ മെത്രാൻ തന്നെയായിരുന്നു. വിവിധതൊഴിൽക്കാരും ജീവിതാന്തസ്സുകാരും മാതാവിന്റെ ചിത്രങ്ങൾ വരച്ചിട്ടുള്ള വലിയ കൊടികൾ പിടിച്ചുകൊണ്ടു് പട്ടണത്തിൽക്കൂടി നടത്തിയ പ്രദക്ഷിണം ഇററലിയക്കു് മാതാവിനോടുള്ള വിശേഷസ്നേഹം വെളിവാക്കുകയുണ്ടായി. പ്രദക്ഷിണാവസാനത്തിൽ മാതാവിന്റെ അലങ്കരിച്ച ഒരു രൂപം സിംഹാസനത്തിൽ സ്ഥാപിച്ചുശേഷം പ്രതിഷ്ഠാജപം എല്ലാവരുംകൂടി ചൊല്ലി. ജപത്തിനു മുമ്പായി അൽബാനോയുടെ കർദ്ദിനാൾ പിസ്സാർദോ തിരുമനസ്സുകൊണ്ടു് തിങ്ങിക്കൂടിയിരുന്ന ജനാവലിയോടു് അല്പനേരം സംസാരിച്ചു കുടുംബത്തിൽ മാതാവിനുണ്ടായിരിക്കേണ്ട സ്ഥാനത്തെപ്പററി കർദ്ദിനാൾ ജനക്കൂട്ടത്തെ ഉൽബോധിപ്പിച്ചു ഇന്നു കുടുംബങ്ങളെ സ്പർശിക്കുന്ന എല്ലാ പ്രശ്നങ്ങളും നസ്രസ്സിലെ ആ വീട്ടിലുമുണ്ടായിരുന്നതായി കർദ്ദിനാൾ പറഞ്ഞു. മാതാവിനോടുള്ള ഭക്തിപ്രകടനം വെറും ബാഹ്യമായതു മാത്രമാകാതിരിപ്പാൻ ശ്രമിക്കണമെന്നും കുടുംബജീവിതത്തിലെ സന്തോഷത്തിലും സന്താപത്തിലും, ദാരിദ്ര്യം, രോഗം എന്നീ ദുരിതങ്ങളിലും ദിവ്യ അമ്മയുടെ സാന്നിദ്ധ്യം ഓരോ മനുഷ്യന്റേയും ഹൃദയത്തിൽ അനുഭവപ്പെടണമെന്നും കർദ്ദിനാൾ ഉൽബോധിപ്പിച്ചു.

ദിവ്യകാരുണ്യവാഴ്വു് നടത്താൻ ഉണ്ടാക്കിയിരുന്ന ഉയന്ന തട്ടിൻപുറത്തു കൊച്ചുകുട്ടികൾ മാലാഖാമാരുടെ വേഷമണിഞ്ഞു ചുററും നിന്നിരുന്നു. പരിശുദ്ധ തനെയായ സ്വർഗ്ഗീയപിതാവിന്റെ പ്രതിച്ഛായയാണു് ഓരോ കുഞ്ഞിന്റേയും മുഖത്തു പ്രതിഫലിക്കുന്നതെന്നും, പരിശുദ്ധ പിതാവിന്റെ അഭിഷ്ടമനുസരിച്ചു്, ലോകസമാധാനത്തിനു വേണ്ടി കുഞ്ഞുങ്ങൾ പ്രത്യേകം പ്രാർത്ഥിക്കണമെന്നും കർദ്ദിനാൾ തിരുമേനി അഭ്യർത്ഥിക്കയുണ്ടായി.

## വിയററ്നാം രാജ്ഞി റോമിൽ

വിയററ്നാം രാജ്ഞി "നാംഫുങ്ങ്" മരിയൻ തീർത്ഥാടനാർത്ഥം ഈയിടെ റോമിൽ വന്നിരുന്നു. റോമിൽനിന്നു ഇപ്പോൾ ഫാത്തിമാ, ലൂർദ്ദ് എന്നീ സ്ഥലങ്ങളിലേക്കു തീർത്ഥാടനാർത്ഥം പോയിരിക്കയാണ്. രാജകുടുംബത്തിൽ രാജ്ഞിയും അവരുടെ രണ്ടു മക്കളും മാത്രമേ കത്തോലിക്കാമതം സ്വീകരിച്ചിട്ടുള്ളു. രാജാവു് ഇതുവരെയും മാമ്മോദീസാ സ്വീകരിച്ചിട്ടില്ല. രാജ്ഞി തികഞ്ഞ ഒരു കത്തോലിക്കയാണ്. റോമിൽ ഗവമെൻറതിഥിയായിട്ടാണു് താമസിച്ചിരുന്നതു്. ഇവിടത്തെ താമസത്തിനിടയിൽ രാജ്ഞി പരിശുദ്ധ പിതാവിനെ സന്ദർശിച്ചു സംഭാഷണം നടത്തുകയുണ്ടായി. പ്രൊപ്പഗാന്താ കോളെജിലെ വിയററ്നാം വിദ്യാർത്ഥികൾ തങ്ങളുടെ രാജ്യത്തു സമാധാനമുണ്ടാകാൻ നടത്തിയിരുന്ന നൊവേനയിൽ ഒരു ദിവസം രാജ്ഞിയും സംബന്ധിക്കുകയുണ്ടായി.



രാജ്ഞി പ്രൊപ്പഗാന്തായുടെ പ്രീഫെക്ടായ കർദ്ദിനാൾ ഫുമസോണി ബിയോണ്ടിയെ സന്ദർശിച്ചു സംഭാഷണം നടത്തുന്നു. പ്രൊപ്പഗാന്താ കോളേജ് റെക്ടർ മോൺസിഞ്ഞോർ ചെഞ്ചിയേയും ചിത്രത്തിൽ കാണാം.

## രാഷ്ട്രീയനേതാവും തികഞ്ഞ കത്തോലിക്കനുമായ ഡി ഗാസ്പരി

എട്ടുവർഷക്കാലത്തേക്കു സാമ്പത്തികമായും സാമുദായികമായും ശക്തി ക്ഷയിച്ചിരുന്ന ഇററാലിയൻ മന്ത്രിസഭയിലെ പ്രധാനമന്ത്രിയായിരുന്ന സിഞ്ഞോർ അൽചിദെ ഡി ഗാസ്പരി ഇക്കഴിഞ്ഞ ആഗസ്റ്റുമാസം 19-ാംതീയതി ചരമമടയുകയുണ്ടായല്ലോ മൃതശരീരം അനേകം മൈൽ ദൂരെയുള്ള അദ്ദേഹത്തിന്റെ വേനൽക്കാലവസതിയിൽനിന്നു സ്പെഷ്യൽ ട്രെയിൻമൂലം റോമിൽ കൊണ്ടുവന്നു. വഴിക്കുള്ള റെയിൽവേസ്റ്റേഷനുകളിൽ തിങ്ങിക്കൂടിയിരുന്ന ഇററാലിയൻ ജനങ്ങൾക്കു തങ്ങളുടെ അനിഷേധ്യനേതാവിനോടു് അവസാനവന്ദനം പറയുവാൻ സൗകര്യം കൊടുത്തു. റോമിൽ ഈശോസഭക്കാരുടെ പ്രധാനപള്ളിയിലാണു രാത്രിയിൽ മൃതദേഹം സൂക്ഷിച്ചിരുന്നതു് പിറേറദിവസം കർദ്ദിനാൾ മിക്കാറായുടെ പ്രധാന കാർമ്മികത്വത്തിൽ മരിച്ചവരുടെ ഒപ്പീസു ചൊല്ലപ്പെട്ടു എല്ലാ രാഷ്ട്രീയപാർട്ടിക്കാരും ശവസംസ്കാരത്തിൽ പങ്കുകൊണ്ടു. കമ്മ്യൂണിസ്റ്റു് മെമ്പറന്മാരാകട്ടെ പള്ളിക്കുപുറത്തുള്ളനടയിൽ നില്ക്കുകയായിരുന്നു തിരുക്കർമ്മങ്ങളുടെ സമയത്തു്. ഇററലിയുടെ പുനരുദ്ധാരണത്തിൽ ഡി ഗാസ്പരി ചെയ്തിട്ടുള്ള സേവനങ്ങളെ അനുസ്മരിക്കുവാൻവേണ്ടി സെൻറ് ലോറൻസ് ബസിലിക്കായിൽ ഒരു സ്ഥലമാണു്, പരിശുദ്ധ പിതാവിന്റെ അനുവാദത്തോടുകൂടി, പ്രധാനമന്ത്രിയുടെ മൃതദേഹത്തിന്റെ അന്തിമവിശ്രമത്തിനുവേണ്ടി തിരഞ്ഞെടുത്തിരിക്കുന്നതു്.


തന്റെ രാഷ്ട്രീയപ്രവർത്തനരംഗങ്ങളിൽ വിവിധപാർട്ടികളെ ഒരുമിച്ചു കൊണ്ടുപോകാൻ അദ്ദേഹം പരിശ്രമിച്ചു കമ്മ്യൂണിസത്തിന്റെ വളർച്ചയ്ക്കു ഡി ഗാസ്പരി ഒരു വിലങ്ങുതടിതന്നെയായിരുന്നു. സംഭവബഹുലമായ തന്റെ ജിവിതത്തിൽ കത്തോലിക്കാതത്വങ്ങൾ ആദ്യംമുതൽ അന്ത്യംവരെ അദ്ദേഹത്തെ വഴികാട്ടിയിരുന്നു.

1945-ൽ ക്രിസ്ത്യൻ ഡെമോക്രാറ്റിക്കു് പാർട്ടിയുടെ പരിപാടി തയ്യാറാക്കിയപ്പോൾ മതത്തിനും സന്മാർഗ്ഗത്തിനും എതിരല്ലാത്ത കാര്യങ്ങളിൽ മററു പാർട്ടികളുമായി ഒത്തുതീർപ്പുകൾ ചെയ്യാൻ താൻ തയ്യാറാണെന്നു് അദ്ദേഹം പ്രസ്താവിക്കയുണ്ടായി "സാമ്പത്തികമായ ഏതൊരു വ്യത്യാസവും വരുത്താൻ ഞാൻ തയ്യാറാണു് എന്നാൽ ദിവ്യരക്ഷകന്റെ മധുരനാമം ഇററാലിയൻ ജനതയുടെ മനസ്സാക്ഷികളിൽനിന്നെടുത്തുകളയുവാൻ ഞാൻ ഒരിക്കലും സമ്മതിക്കയില്ല. നമ്മുടെ ക്രിസ്തീയസംസ്കാരത്തെ സംരക്ഷിക്കുവാൻ അവസാനംവരെ പോരാടുവാൻ ഞാൻ തയ്യാറാണു്" എന്നാണു് സിഞ്ഞോർ ഡി ഗാസ്പരി ഒരിക്കൽ പ്രസ്താവിച്ചതു്.

1948-ൽ തന്റെ ഒരു മകൾ റോമിലെ അസ്സംപ്ഷൻ മഠത്തിൽ ചേന്നപ്പോൾ ഡി ഗാസ്പരിയും കന്യകാലയത്തിലെ അവ്വതിവരെ സ്വപുത്രിയെ അനുഗമിക്കുകയുണ്ടായി. "എന്റെ മകളെ ദൈവശുശ്രൂഷയ്ക്കുവേണ്ടി സമർപ്പിക്കുന്നതിൽ ഞാൻ അഭിമാനം കൊള്ളുന്നു" എന്നാണു് മഠത്തിനുള്ളിലേക്കു കടന്നുപോയ തന്റെ മകളോടു് അവസാനമായി പറഞ്ഞ [illegible]കൾ.

മുസ്സോലിനിയുടെ കാലത്തു ഫാസിസത്തിനെതിരായിട്ടുള്ള തന്റെ പ്രവർത്തനങ്ങൾമൂലം 1927-ൽ 3 കൊല്ലത്തേക്കുള്ള തടവുശിക്ഷയ്ക്കു വിധിക്കപ്പെട്ടു. ജയിൽവാസത്തിനുശേഷം കുടുംബഭാരംകൊണ്ടും സ്വന്തം ശരീരാലസ്യംകൊണ്ടും വിഷമിച്ച ഡി ഗാസ്പരിക്കു് പതിനൊന്നാംപീയൂസുമാർപ്പാപ്പാ വത്തിക്കാൻ ഗ്രന്ഥശാലയിൽ ഒരുദ്യോഗം വാഗ്ദാനംചെയ്തു. ഇതിനെതിരുപറഞ്ഞ മുസ്സോലിനിക്കു് ഇററാലിയൻ അംബാസിഡർവഴി ധീരനായ മാർപ്പാപ്പാ കൊടുത്ത മറുപടി ഇപ്രകാരമായിരുന്നു. "സത്യസന്ധനായ ഒരു മനുഷ്യനു് ഒരു കഷണം അപ്പം കൊടുക്കുന്നതിൽ നാം അഭിമാനംകൊള്ളുന്നുവെന്നു സിഞ്ഞോർ മുസ്സോലിനിയോടു പറയുക."

—o—



സ്വർഗ്ഗീയരാജ്ഞിയുടെ കപ്പേളയിൽ വിയററ്നാം രാജ്ഞിയും പരിവാരവും മുട്ടുകുത്തി പ്രാർത്ഥിക്കുന്നു

തോട്ടാൻ കുഞ്ഞിപ്പാലു
റപ്പായി & ബ്രദേഴ്സ്
ആഭരണ വ്യാപാരം,
തൃശൂർ

## പ്രഥമ ചരമവാർഷികം

11-10-1954



ആലപ്പാട്ടു പാലത്തിങ്കൽ പാഞ്ചുണ്ണി വറീയതു് കരാഞ്ചിറ

ദയാപരനായ ഈശോയെ, ഈ ആളിന്റെ ആത്മാവിനു് നിത്യാശ്വാസം കൊടുക്കണമെ.

By hi, loving wife and Children

തിരുസഭാചരിത്രം: 4

# ആരിയൻ പാഷണ്ഡതയും നിക്യാ സൂനഹദോസും

(പ്രൊഫസർ പി. റ്റി. തോമസ് എം. എ.)

ആരിയൂസ് നിക്കോമീദിയായിൽ താമസിച്ചുകൊണ്ടിരുന്ന കാലത്താണ് ലിസീനിയസ് ചക്രവത്തി സാമ്രാജ്യത്തിന്റെ പൗരസ്ത്യവിഭാഗത്തു് ക്രിസ്തുമതപീഡനം ആരംഭിച്ചതു്. ഈ സംഭവത്തെപ്പററി "കോൺസ്റ്റൻറയിനും ക്രിസ്തുമതവും" എന്ന ലേഖനത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. മതപീഡനംമൂലം സംജാതമായ കുഴപ്പങ്ങളുടെ മറപിടിച്ചുകൊണ്ടു് ആരിയൂസ് അലക്സാണ്ട്റിയായിൽ മടങ്ങി എത്തി.

കോൺസ്റ്റൻറയിൻ ചക്രവത്തി എ. ഡി. 323-ൽ ലിസീനിയസിനെ പരാജയപ്പെടുത്തി സാമ്രാജ്യത്തിന്റെ മുഴുവൻ അധിപനായിത്തീർന്നു. സാമ്രാജ്യത്തിനുള്ളിൽ ഐക്യതയും സമാധാനവും പരിപാലിക്കണമെന്നുള്ളതായിരുന്നു കോൺസ്റ്റൻറയിന്റെ പ്രധാന ലാക്കു്. മതപരമായ ഛിദ്രങ്ങൾ തന്റെ ലക്ഷ്യത്തെ പരാജയപ്പെടുത്തുമെന്നു് ചക്രവത്തിക്കു ബോദ്ധ്യമായി. കോൺസ്റ്റൻറയിന്റെ സുഹൃത്തും ഉപദേഷ്ടാവും സ്പെയിനിലെ കോർഡോവാ (Cordova) എന്ന സ്ഥലത്തെ മെത്രാനുമായിരുന്ന ഹോസിയൂസ് (Hosius) വശം ചക്രവത്തി അലക്സാണ്ടർ മെത്രാന്റെയും ആരിയൂസിന്റെയും പേക്കു ഓരോ സന്ദേശം അയച്ചുകൊടുത്തു. സഭയുടെ സമാധാനത്തെ ഭഞ്ജിപ്പിക്കുന്ന നടപടികളിൽനിന്നു വിരമിക്കണമെന്നും അതിഗഹനങ്ങളായ പ്രശ്നങ്ങളെ സംബന്ധിച്ചുള്ള സംവാദങ്ങൾ പൊതുജനമദ്ധ്യത്തിലേക്കു് വലിച്ചിഴച്ചുകൊണ്ടു വരരുതെന്നുമായിരുന്നു പ്രസ്തുത സന്ദേശത്തിന്റെ സാരം. സദുദ്ദേശത്താൽ പ്രേരിതമായ ഈ ആഹ്വാനത്തിനു് രണ്ടു കൂട്ടരും ചെവികൊടുത്തില്ല.

ഇതുകൊണ്ടു ചക്രവത്തി ഭഗ്നാശനായില്ല. ഹോസിയൂസിന്റെ ഉപദേശത്തോടും അന്നു തിരുസ്സഭയെ ഭരിച്ചിരുന്ന സിൽവെസ്റ്റർ (Sylvester) മാർപ്പാപ്പായുടെ സമ്മതത്തോടുംകൂടി ബെഥീന്യയിലെ നിക്യാ (Nicaea) എന്ന സ്ഥലത്തു് സാർവ്വത്രികസഭയിലെ മെത്രാന്മാരുടെ ഒരു സൂനഹദോസ് ചക്രവത്തി വിളിച്ചുകൂട്ടി. നിക്യായിലെ രാജകീയ അരമനയായിരുന്നു സമ്മേളനരംഗം. തിരുസ്സഭാചരിത്രത്തിലെ പ്രഥമസാർവ്വത്രീക സൂനഹദോസ് എന്നു പ്രഖ്യാതമായിത്തീന്നിട്ടുള്ള ഈ സമ്മേളനം എ. ഡി. 325 മേയ് 20-ാംനു ഉൽഘാടനം ചെയ്യപ്പെട്ടു. 250 മെത്രാന്മാർ അന്നു് ഹാജരായിരുന്നു. സൂനഹദോസിന്റെ അവസാനസമ്മേളനത്തിനു മുൻപു് ഈ സംഖ്യ 318 ആയി വർദ്ധിച്ചു. ഓരോ മെത്രാനും അകമ്പടിയായി രണ്ടു വൈദികരോ ശമ്മാശ്മാരോ ഉണ്ടായിരുന്നു. പലക്കും ഇതിൽ കൂടുതലായ അകമ്പടിക്കാർ ഉണ്ടായിരുന്നു. സൂനഹദോസിന്റെ ചർച്ചകളിൽ അകമ്പടിക്കാരായ വൈദികരോ ശമ്മാശ്മാരോ പങ്കെടുത്തിരുന്നില്ല. എന്നാൽ അണിയറയിൽ നടന്നിരുന്ന ചർച്ചകളിലും സംവാദങ്ങളിലും അവർ കാര്യമായ പങ്കുവഹിച്ചിരുന്നു. സിറിയാ, സിലീഷ്യ, അറേബ്യാ, പലസ്തീന, ഈജിപ്ത്, പേർഷ്യ, മാസിഡോണിയാ തുടങ്ങി ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നുമുള്ള മെത്രാന്മാർ അവിടെ സന്നിഹിതരായിരുന്നു. സ്പെയിനിൽനിന്നു് കോർഡോവായിലെ പ്രശസ്തനായ ഹോസിയൂസും ഹാജരായിരുന്നു. പ്രായാധിക്യംമൂലം സിൽവെസ്റ്റർ മാർപ്പാപ്പാക്കു് സൂനഹദോസിൽ സംബന്ധിക്കുവാൻ കഴിഞ്ഞില്ല എന്നു് സിസേറിയായിലെ യൂസേബിയൂസ് "കോൺസ്റ്റൻറയിന്റെ ജീവചരിത്രം" എന്ന തന്റെ ഗ്രന്ഥത്തിൽ പറയുന്നു. മാർപ്പാപ്പായുടെ പ്രതിനിധി (Legate) യായി സൂനഹദോസിൽ ആദ്ധ്യക്ഷം വഹിച്ചതു് കോർഡോവായിലെ ഹോസിയൂസാണു്. അദ്ദേഹത്തെ സഹായിക്കുവാൻ വിത്തൂസ് (Vitus) എന്നും വിൻസെൻറു് (Vincent) എന്നും പേരായ രണ്ടു റോമൻവൈദികരുമുണ്ടായിരുന്നു.

കോൺസ്റ്റൻറയിൻ ഒരു പ്രസംഗത്തോടുകൂടി സൂനഹദോസിന്റെ പ്രഥമസമ്മേളനം ഉൽഘാടനം ചെയ്തു. യൂസേബിയൂസിന്റെ ചരിത്രത്തിൽ പ്രസംഗത്തിന്റെ സംക്ഷേപം ഇങ്ങനെ ചേത്തിരിക്കുന്നു: "സഭയിലെ ഛിദ്രം മററതൊരു യുദ്ധത്തെക്കാളും ഭയങ്കരവും വേദനാജനകവുമാണു്. ദൈവാനുഗ്രഹത്താൽ എന്റെ ശത്രുക്കളുടെമേൽ ഞാൻ വിജയം വരിച്ചപ്പോൾ നിങ്ങളോടു ചേന്നുകൊണ്ടു് ദൈവത്തിനു് നന്ദി പ്രകാശിപ്പിക്കുക എന്ന കൃത്യമല്ലാതെ മററൊന്നും ചെയ്യേണ്ടതായി അവശേഷിച്ചിട്ടില്ലെന്നു് ഞാൻ വിശ്വസിച്ചു. എന്നാൽ നിങ്ങളുടെ ഇടയ്ക്കുള്ള വഴക്കുകളെപ്പററി കേൾക്കാനിടയായപ്പോൾ എനിക്കു ബോദ്ധ്യമായി, ഇതാണു് എന്റെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കേണ്ടതായ ഏററം ഗൗരവമായ പ്രശ്നമെന്നു്. അതുകൊണ്ടു് നിങ്ങളുടെ ഗുണത്തെമാത്രം ലാക്കാക്കിക്കൊണ്ടു് നിങ്ങളെ എല്ലാവരെയും ഞാൻ ഇവിടെ വിളിച്ചുകൂട്ടിയിരിക്കുന്നു" ചക്രവത്തിയുടെ പ്രസംഗാനന്തരം സൂനഹദോസിന്റെ ഔപചാരികമായ ഉൽഘാടനം പേപ്പൽ പ്രതിനിധിയായ ഹോസിയൂസ് നിർവ്വഹിച്ചു. ചക്രവത്തി സൂനഹദോസിന്റെ എല്ലാ സമ്മേളനങ്ങളിലും സന്നിഹിതനായിരുന്നു. ചർച്ചകളെ താല്പര്യപൂർവ്വം അദ്ദേഹം ശ്രദ്ധിച്ചുകൊണ്ടിരുന്നു. ആവശ്യമെന്നു തോന്നിയ ഘട്ടങ്ങളിൽ സ്വാധികാരം പ്രയോഗിച്ചു സമാധാനപാലനവും ചക്രവത്തി നിർവ്വഹിച്ചു.

ചക്രവത്തിയുടെ ഇടപെടൽ വേണ്ടിവന്ന സന്ദർഭങ്ങൾ ചുരുക്കമല്ലായിരുന്നു. വികാരാവേശംമൂലം സദസ്സു് പലപ്പോഴും പ്രക്ഷുബ്ധമായിക്കൊണ്ടിരുന്നു. പാഷണ്ഡികളുടെ കുയുക്തികളും തന്ത്രങ്ങളും മററുള്ളവരിൽ വെറുപ്പും വിദ്വേഷവും ജനിപ്പിച്ചു. ആദ്യംതന്നെ ആരിയൂസിന്റെ പക്ഷക്കാർ തയ്യാറാക്കിക്കൊണ്ടുവന്നിരുന്ന ഒരു വിശ്വാസപ്രമാണം സമ്മേളനത്തിൽ വായിക്കപ്പെട്ടു. അതോടുകൂടി പ്രതിപക്ഷം ക്ഷോഭിച്ചുവശരായി. ആരിയൂസിനെ അപ്പോൾത്തന്നെ ശപിച്ചു പുറംതള്ളുമെന്നുള്ള നിലവന്നു. എങ്കിലും ക്രിസ്തുവിന്റെ ദൈവത്വത്തിൽ അധിഷ്ഠിതമായ കത്തോലിക്കാവിശ്വാസത്തെ സംശയത്തിനിടകൊടുക്കാത്ത വണ്ണം നിർവ്വചിക്കുകയും പ്രഖ്യാപിക്കുകയുമാണു് ആരിയൂസിന്റെമേൽ ശാപോച്ചാരണം നടത്തുന്നതിനെക്കാൾ പ്രാധാന്യം അർഹിക്കുന്നതെന്നു് മെത്രാന്മാർക്കു ബോദ്ധ്യമായതുകൊണ്ടു് സൂനഹദോസ് അക്കാര്യത്തിലേക്കു ശ്രദ്ധ തിരിച്ചു.

സൂനഹദോസിലെ ചർച്ചകളിൽനിന്നും അവിടെ മൂന്നു കക്ഷികളുണ്ടെന്നു പ്രത്യക്ഷമായി. കത്തോലിക്കാപാരമ്പര്യം അനുസരിച്ചുള്ള വിശ്വാസത്തെ അനുകൂലിക്കുന്നവരായിരുന്നു ബഹുഭൂരിപക്ഷവും. ഇരുപത്തിരണ്ടു മെത്രാന്മാർ ചേന്ന ഒരു ന്യൂനപക്ഷം ആരിയൂസിനെ പൂർണ്ണമായി പിൻതാങ്ങി. ഈ രണ്ടു കക്ഷികളുടെയും മദ്ധ്യേ മൂന്നാമതൊരു പക്ഷംകൂടി ഉണ്ടായിരുന്നു. നിക്കോമീദിയായിലെ യൂസേബിയൂസായിരുന്നു ഇവരുടെ നേതാവു്. വളരെ സമത്ഥനും കൗശലപ്രയോഗത്തിൽ അഭിജ്ഞനുമായിരുന്നു ഇദ്ദേഹം. ആരിയൂസിന്റെ പാഷണ്ഡസിദ്ധാന്തങ്ങളിൽ അല്പം ചില ഭേദഗതികൾ വരുത്തി അയാളുടെ നില സുരക്ഷിതമാക്കണമെന്നായിരുന്നു യൂസേബിയൂസ് പക്ഷത്തിന്റെ ലാക്കു്. ദൈവശാസ്ത്രപണ്ഡിതനായ സിസ്സേറിയായിലെ യൂസേബിയൂസും (Eusebius of Caesarea) അവക്കു് അനുകൂലമായി നിന്നു.

പല രീതിയിലുള്ള വിശ്വാസപ്രമാണങ്ങൾ ഹാജരാക്കപ്പെട്ടെങ്കിലും അവ ഒന്നുംതന്നെ സ്വീകൃതമായില്ല. പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തെ കത്തോലിക്കാ വിശ്വാസത്തിനനുസൃതമായ വിധത്തിൽ ശരിയായും ക്ലിപ്തമായും നിർവ്വചിക്കുന്നതിനു് പയ്യാപ്തമായ ഒരു പദം കണ്ടുപിടിക്കുന്നതിനായിരുന്നു പിതാക്കന്മാരുടെ ശ്രമം. രണ്ടു പക്ഷത്തുനിന്നും പല പദങ്ങളും നിർദ്ദേശിക്കപ്പെടുകയുണ്ടായി. അവയുടെ അത്ഥവ്യാപ്തിയെ സംബന്ധിച്ചു് തീക്ഷ്ണമായ വാദപ്രതിവാദങ്ങൾ നടന്നു. ഒടുവിൽ "സാരാംശത്തിൽ ഐകരൂപ്യമുള്ള" എന്നത്ഥം വരുന്ന "homo-ousios" Con-substantial) എന്ന ലത്തീൻപദം കത്തോലിക്കാപക്ഷം ഐകകണ്ഠ്യേന സ്വീകരിച്ചു. കോൺസ്റ്റൻറയിനും അവരോടനുകൂലിച്ചു. ഒടുവിൽ നാലാഴ്ചത്തെ തീവ്രമായ വാദപ്രതിവാദങ്ങൾക്കുശേഷം എ. ഡി. 325 ജൂൺ 19-ാം തീയതി സൂനഹദോസിന്റെ സെക്രട്ടറിയായ ഹെർമോജനസ് (Hermogenes) എന്ന ശമ്മാശൻ പൊതുവേ അംഗീകൃതമായ വിശ്വാസപ്രമാണം സമ്മേളനത്തിൽ വായിച്ചു. നിക്യായിലെ വിശ്വാസപ്രമാണം എന്ന പേരിലാണു് ഇതു് ചരിത്രത്തിൽ അറിയപ്പെടുന്നതു്.

പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തെ നിക്യാവിശ്വാസപ്രമാണത്തിൽ നിർവ്വചിച്ചിരിക്കുന്നതു് താഴെ കാണുംപ്രകാരമാണു്: "സർവ്വശക്തനായ പിതാവും ദൃശ്യങ്ങളും അദൃശ്യങ്ങളുമായ എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ പുത്രനും, ദൈവത്തിൽനിന്നുള്ള ദൈവവും, പ്രകാശത്തിൽനിന്നുള്ള പ്രകാശവും, സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും, സാരാംശത്തിൽ പിതാവിനോടു് ഐകരൂപ്യമുള്ളവനും, സൃഷ്ടിക്കപ്പെടാതെതന്നെ പിതാവിന്റെ സാരാംശത്തിൽനിന്നു പുറപ്പെടുന്ന തന്റെ (പിതാവിന്റെ) ഏകജാതനും നമ്മുടെ ഏകകർത്താവുമായ യേശുക്രിസ്തുവിലും ഞങ്ങൾ വിശ്വസിക്കുന്നു...... അവൻ (പുത്രനായ ദൈവം) ഇല്ലാതിരുന്ന ഒരു കാലം ഉണ്ടായിരുന്നു എന്നോ, ഇല്ലായ്മയിൽനിന്നും അവൻ ഉണ്ടായി വന്നു എന്നോ, പിതാവിൽനിന്നു പുറപ്പെടുന്നതിനു മുൻപു് അവൻ ഇല്ലായിരുന്നു എന്നോ, സ്വഭാവത്തിലും സാരാംശത്തിലും അവൻ പിതാവിൽനിന്നു വ്യത്യസ്തനാണെന്നോ, യാതൊരുത്തർ പറയുന്നുവോ അവർ ശപിക്കപ്പെട്ടവരായിരിക്കട്ടെ."

രണ്ടു മെത്രാന്മാരൊഴികെ മററുള്ളവരെല്ലാം ഈ പ്രമാണത്തിനു് ഒപ്പുവച്ചു് അതിനെ അംഗീകരിച്ചു. വിസമ്മതിച്ചവർ മർമാറിക്കായിലെ മെത്രാനായ തിയോനാസും (Theonas of Marmarica) ടോളമൈസിലെ മെത്രാനായ സെക്കൻഡസും (Secundus of Ptolemais) ആണു്. ചക്രവത്തി ഇവരെ രണ്ടു പേരെയും ആരിയൂസിനോടുകൂടി ഇല്ലീറിയ (Illyria)യിലേക്കു നാടുകടത്തി. നിക്കോമീദിയായിലെ യൂസേബിയൂസും നിക്യായിലെ തിയോഗ്നിസും (Theognis) വിശ്വാസപ്രമാണത്തിനു് ഒപ്പുവച്ചെങ്കിലും ആരിയൂസിന്റെമേൽ സൂനഹദോസ് കല്പിച്ച ശാപവിധിയെ അവഗണിച്ചുകൊണ്ടു് ആരിയൻ പാഷണ്ഡികൾക്കു് ആതിഥ്യം നൽകുകയും ആരിയൂസിന്റെ അബദ്ധതത്വങ്ങളിലുള്ള വിശ്വാസം പരസ്യമായി പ്രകടിപ്പിക്കയും ചെയ്തു. അതിനാൽ സൂനഹദോസ് കഴിഞ്ഞു് മൂന്നുമാസത്തിനുശേഷം ചക്രവത്തി ഇവരെ ഗാളിലേക്കു നാടുകടത്തി.

ആരിയൻ പാഷണ്ഡതയെ സംബന്ധിച്ചുള്ള വിധിപ്രഖ്യാപിച്ചശേഷം സൂനഹദോസ് തിരുസ്സഭയിലെ പ്രാത്ഥനക്രമത്തേയും ശിക്ഷണത്തേയുംപററി ചർച്ചചെയ്തു് പല സുപ്രധാന തീരുമാനങ്ങളിൽ എത്തിച്ചേരുകയും അവയെ കാനോന (Canones) കളായി രേഖപ്പെടുത്തുകയും ചെയ്തു.

കൊട്ടാരത്തിൽവച്ചു നടത്തപ്പെട്ട രാജകീയവിരുന്നോടുകൂടി തിരുസ്സഭയിലെ ഒന്നാം സാർവ്വത്രികസൂനഹദോസ് പയ്യവസാനിച്ചു. മേലിൽ നടക്കുവാനിരുന്ന സൂനഹദോസുകൾക്കു് നിക്യാ സൂനഹദോസ് ഒരു മാതൃകയായി ഭവിച്ചു. സമാധാനത്തിനും പരസ്പരസൗഹാർദ്ദത്തിനുംവേണ്ടിയുള്ള ഒരാഹ്വാനത്തോടുകൂടി കോൺസ്റ്റൻറയിൻ നിക്യായിൽ സമ്മേളിച്ച മെത്രാന്മാരെ യാത്രയാക്കി.

പ്രഹസനം

# ത്യാഗവേദി

(ദേവസ്യാ അഞ്ഞൂററിമംഗലം)

രംഗം 9

(കാരാഗൃഹം. കാതറൈൻ ഒരു പ്രാർത്ഥനാഗാനമാലപിക്കുന്നു. ഗാനം തീരുന്നതോടുകൂടി മാക്സീമിയൻ പ്രവേശിക്കുന്നു)

മാക്:- കാതറൈൻ, ഇവിടത്തെ ഏകാന്തജീവിതംകൊണ്ടു് ഭവതി വല്ലാതെ വിഷമിച്ചിരിക്കുമെന്നു നമുക്കറിയാം.

കാത:- ഇല്ല. ഈ ജയിലിലെ ഏകാന്തത എനിക്കാശ്വാസകരമായിരുന്നു.

മാക്:- അതു സംഭവ്യമല്ല. വികാരസമ്പന്നയായ ഒരു യുവതി ശ്മശാനമൂകമായ ഒരന്തരീക്ഷത്തിൽ ഏകാകിനിയായി കഴിഞ്ഞുകൂടുവാൻ ഇഷ്ടപ്പെടുമെന്നു വിചാരിക്കുവാൻപോലും നമുക്കു സാദ്ധ്യമല്ല. കാതറൈൻ! ഭവതിയുടെ അഭിപ്രായദാർഢ്യവും സൗശീല്യാദിഗുണവിശേഷങ്ങളും നമ്മെ ഹഠാദാകർഷിച്ചുകഴിഞ്ഞിരിക്കുന്നു. ഭവതിയെ അണുവും വേദനിപ്പിക്കണമെന്നു നമുക്കുദ്ദേശമില്ല.

കാത:- പ്രഭോ, അവിടത്തെ കാരുണ്യം അസ്ഥാനത്താണെന്നു പറയേണ്ടിവന്നതിൽ ഞാൻ ഖേദിക്കുന്നു. അതിനെനിക്കർഹതയില്ലെന്നു മാത്രമല്ല ഞാനതു പ്രതീക്ഷിക്കാത്തതുമാണു്.

മാക്:- ഭവതി വീണ്ടും ആദർശാന്ധ്യം തുടരുകയാണു്. ഭവതിയുടെപേരിൽ നമുക്കു തോന്നീട്ടുള്ള സീമാതീതമായ അനുകമ്പ ഒന്നുകൊണ്ടുമാത്രമാണു് നാം നേരിട്ടുതന്നെ ഇവിടെ സമാഗതനായിരിക്കുന്നതു്. ഇനിയെങ്കിലും നമ്മേയും നമ്മുടെ ദേവന്മാരേയും ആദരിക്കുന്നപക്ഷം ഉചിതമായ ബഹുമതികളാൽ ഭവതിയെ നാം മാനിക്കുന്നതാണു്. കരഗതമായ മഹാഭാഗ്യം തിരസ്കരിക്കാതിരിക്കൂ.

കാത:- ഭാഗ്യമോ! ലൗകികമായ സൗഭാഗ്യങ്ങളൊന്നും ഞാനാഗ്രഹിക്കുന്നില്ല ക്രിസ്തുവിനുവേണ്ടി പ്രാണത്യാഗംചെയ്തു ഒരു രക്തസാക്ഷിയായിത്തീരുന്നതിൽ കവിഞ്ഞ മഹാഭാഗ്യം ഒരു ക്രിസ്ത്യാനിക്കുണ്ടാകാനില്ല.

മാക്: ഭവതി ഇനിയും അതിഭയാനകമായ അജ്ഞതയിൽ ആണ്ടുതിണ്ടാടുകയാണു്. അതിൽനിന്നു രക്ഷനേടാൻ ശ്രമിക്കാത്തതു ബുദ്ധിപൂർവ്വകമല്ല. ഭവതിയുടെ സർവ്വാപരാധങ്ങളും ക്ഷമിക്കുവാൻ നാം സന്നദ്ധനാണു്. മാത്രമല്ല നമ്മുടെ ഹിതാനുസാരം പെരുമാറുന്നപക്ഷം നമ്മുടെ അന്തഃപ്പുരത്തിൽത്തന്നെ മാന്യമായ ഒരു സ്ഥാനം ഭവതിക്കു നാം പ്രദാനം ചെയ്യുന്നതാണു്.

കാത:- ശാന്തം! പാപം! ആത്മവഞ്ചനയ്ക്കുള്ള പ്രതിഫലം ഗണികാവൃത്തി!!

മാക്:- സംശയിക്കാതെ. ഭവതിയെ നാം നമ്മുടെ പട്ടമഹിഷിയായി അഭിഷേകംചെയ്യാം.

കാത:- എന്തു്! സുചരിതയും സുശീലയുമായ അവിടത്തെ പ്രേയസി ജീവിച്ചിരിക്കെ, അപരയെക്കൂടി ആ സ്ഥാനത്തു സ്വീകരിക്കുകയോ!

മാക്:- നമുക്കതിനധികാരമുണ്ടു്; അവകാശമുണ്ടു്. രാജഹിതത്തെ ദേവന്മാർപോലും നിഷേധിക്കുകയില്ല. കാതറൈൻ, ഭവതി ബുദ്ധിശൂന്യയാവാതെ. ഈ സാമ്രാജ്യത്തിലുള്ള ഒരു സ്ത്രീക്കും സ്വപ്നത്തിൽപ്പോലും ആശിക്കുവാനാവാത്ത ഔന്നത്യത്തിലേക്കാണു് ഭവതിയെ നാം ക്ഷണിക്കുന്നതു്. വരൂ, ആനന്ദാതിശയങ്ങൾ അലതല്ലുന്ന മധുരവും മാദകവുമായ ജീവിതം ഇതാ ഭവതിയെ കാത്തുനില്ക്കുന്നു.

കാത:- വിചിത്രംതന്നെ! ഒരു ക്രിസ്ത്യാനിയെപ്പററി അവിടത്തേക്കുള്ള അജ്ഞത എത്ര ബൃഹത്താണെന്നോക്കുമ്പോൾ എനിക്കത്ഭുതമാണു തോന്നുന്നതു്. ലോകം മുഴുവൻ നേടിയാലും ആത്മരക്ഷ അപകടത്തിലായാൽ അതെത്രയോ ഭയങ്കരമാണു്! രാജൻ! ക്ഷണികങ്ങളായ ലൗകികസുഖഭോഗങ്ങൾ സ്വർഗ്ഗീയാനന്ദത്തോടു കിടപിടിക്കുകയില്ല.

മാക്:- സ്വർഗ്ഗീയാനന്ദം! കേവലം സാങ്കല്പികമായ ഒരു സൗഭാഗ്യമത്രെ അതു്. കാതറൈൻ, മാക്സിമിയൻ ചക്രവത്തി ഭവതിയുടെ നേക്കു തരളിതചിത്തനായിത്തീന്നിരിക്കുന്നു. നമ്മുടെ രാജ്യവും രാജാധികാരവുമെല്ലാം ഭവതി

ക്കടിയറവച്ചുവാൻപോലും നാം സന്നദ്ധനാണു്.

കാത:- അല്ലയോ പ്രതാപവാനായ മഹാരാജാവേ, മനുഷ്യോചിതമല്ലാത്ത അസംഖ്യം പാപകർമ്മങ്ങൾമൂലം അവിടുത്തെ പൗരുഷവും ബുദ്ധിയും ഇങ്ങിനിവരാത്തവണ്ണം അങ്ങയെ വിട്ടുപിരിഞ്ഞുകഴിഞ്ഞു. ഒരുകാര്യം മാത്രമേ എനിക്കവിടുത്തെ അറിയിക്കുവാനുള്ളു. ഞാൻ ഒരു ക്രിസ്ത്യാനി, എന്നെ നിയമാനുസാരം ശിക്ഷിച്ചുകൊള്ളുക.

മാക്:- കാതറൈൻ! റോമൻ സാമ്രാജ്യാധിനാഥനായ മാക്സിമിയൻ ചക്രവർത്തിയാണു്, കേവലം അഗണ്യയായ നിന്നോടു് അഭ്യർത്ഥന ചെയ്യുന്നതെന്നു് അനുസ്മരിക്കൂ. സ്വേച്ഛാനുസാരം പ്രവർത്തിക്കുവാൻ നമുക്കാരുടേയും അനുവാദം ആവശ്യമില്ല. അതിനിട കൊടുക്കാതിരിക്കുന്നതാണു നന്നു്.

## ഉപകാരസ്മരണ

വി. റീത്താപുണ്യവതിയുടെ മാദ്ധ്യസ്ഥതാലും, ബ. അൽഫോൻസാമ്മയുടെ സഹായത്താലും എൻെറ മകളുടെ അസാദ്ധ്യമെന്നു കരുതിയ സുഖക്കേടു മാറിയതിനു ഉപകാരസ്മരണ.

എ. സി. കുഞ്ഞാപ്പു
ചിലവന്നൂർ

കാത:- അവിടുന്നു വൃഥാ വ്യാമോഹിക്കുകയാണു്. ഭീഷണിയുടെ മുൻപിൽ അലിഞ്ഞുപോകുന്നതല്ല ഒരു ക്രിസ്ത്യാനിയുടെ വിശ്വാസമെന്നു അവിടുന്നിനിയും ധരിക്കാത്തതാണത്ഭുതം.

മാക്:- അപ്പോൾ നീ നമ്മെ അനുസരിക്കുകയില്ല അല്ലേ?

കാത:- ഒരുനാളുമില്ല.

മാക്:- നിന്നെ നാം അനുസരിപ്പിക്കും.

കാത:- ഞാൻ ഭയപ്പെടുന്നില്ല. ഞാൻ വിശ്വസിക്കുന്നതു് സർവ്വശക്തനായ ദൈവത്തിലാണു്.

മാക്:- ഹ ഹ ഹ! സർവ്വശക്തനായ ദൈവം! ആ ദൈവത്തിൻെറ കഴിവുകേടു് ഇപ്പോൾതന്നെ നീ അറിയുവാൻ പോവുകയാണു്. (ചക്രവർത്തി കോപിഷ്ഠനായി മടങ്ങിപ്പോകുന്നു)

(കർട്ടൻ)

(തുടരും)

## വിനോദവീഥി



നമ്മുടെ ബേബിക്കേ, ഇസ്ക്കൂളിപ്പോവാൻ ബഹു മടി. അവനെ ഒന്നു കൊണ്ടാക്കാൻ പോവ്വാണു്.

* * *

ഭർത്താവു്:- പ്രിയേ, നീ ഉള്ളതുകൊണ്ടു തൃപ്തിപ്പെടണം.


ഭാര്യ:- അതേ, ഞാൻ ഉള്ളതുകൊണ്ടു തൃപ്തിപ്പെട്ടിരിക്കയാണു്. പക്ഷേ ഇല്ലാത്ത കാര്യങ്ങളോർക്കുമ്പോഴാണു് വിഷാദമുണ്ടാകുന്നതു്.

* * *

അയർലണ്ടിൽ ഒരു പണക്കാരി മദാമ്മ സ്വന്ത കൂട്ടുകാരെയെല്ലാം വിളിച്ചുവരുത്തി ഒരു ഡിന്നർകൊടുത്തു. അപ്പോൾ കട്ട്ലറ്റു് നല്ലതോ ചീത്തയോ എന്നൊരു സംശയം. അവർ ഒരു കഷണം മുറിച്ചെടുത്തു പൂച്ചയ്ക്കിട്ടുകൊടുത്തു. അതു സുഖമായി തിന്നു. അനന്തരം ഡിന്നർ മുറയ്ക്കുനടന്നു. ഭക്ഷണം തീരാറായപ്പോൾ വേലക്കാരൻചെന്നു് മദാമ്മയുടെ ചെവിയിൽ മന്ത്രിച്ചു. "പൂച്ച ചത്തുപോയി" എന്നു്. ഉടനെ ഡിന്നറെല്ലാം ധൃടുതിയിൽ നിറുത്തി. മദാമ്മ ഡോക്ടറെ വരുത്തി, ഉദരപരിശോധനയും മററും ആരംഭിച്ചു. സംഭ്രമത്തിനിടയിൽ മദാമ്മ വേലക്കാരനോടു ചോദിച്ചു: "എടോ, താൻ ആ പൂച്ചയെ എന്തുചെയ്തു?"

വേലക്കാരൻ:- "ഞാനൊന്നും ചെയ്തില്ല. അതു് റോഡിൽ വണ്ടികയറിച്ചത്ത സ്ഥലത്തുതന്നെ കിടക്കുന്നു."

(K. E. J.)




പന്തക്കു: 19-ാം ഞായർ

# ദൈവാനുഗ്രഹത്തെ പ്രയോജനപ്പെടുത്തണം

സുവിശേഷം—വിശുദ്ധ മത്തായി 22: 1-14

"ഈശോ വീണ്ടും അവരോടു് ഉപമകളിൽ സംസാരിച്ചു. അവിടുന്നു പറഞ്ഞു: ഇതാ സ്വർഗ്ഗരാജ്യത്തിൻെറ ഒരു പ്രതിഛായ. ഒരിക്കൽ ഒരു രാജാവു തൻെറ പുത്രൻെറ കല്യാണത്തിനുള്ള വിരുന്നു തയാറാക്കി. കല്യാണത്തിനു ക്ഷണിച്ചിരുന്നവരെയെല്ലാം വിളിക്കുന്നതിനുള്ള നിർദ്ദേശവുമായി അവൻ തൻെറ ദാസന്മാരെ അയച്ചു. എന്നാൽ വരുവാൻ അവർക്കിഷ്ടമുണ്ടായിരുന്നില്ല. അപ്പോൾ ഒരു പുതിയ നിർദ്ദേശവുമായി അവൻ വേറെ ഭൃത്യന്മാരെ അയച്ചു. ഇതാ ഞാൻ വിരുന്നു തയ്യാറാക്കിക്കഴിഞ്ഞു. കാളകളും കൊഴുത്ത മൃഗങ്ങളും



സേവകൽ ആക്രമിക്കപ്പെടുന്നു

കൊല്ലപ്പെട്ടിരിക്കുന്നു. എല്ലാം തയ്യാറായി. കല്യാണത്തിനു വരുവിൻ എന്നു ക്ഷണിക്കപ്പെട്ടവരോടു പറയുവിൻ എന്നു അവൻ അവരോടാജ്ഞാപിച്ചു. എന്നിട്ടും അവർ വകവയ്ക്കാതെ മററു കാര്യങ്ങൾക്കായി പോയി. ഒരാൾ ഗ്രാമത്തിൽ തൻെറ വയലിലേക്കും മറെറാരാൾ തൻെറ വ്യാപാരത്തിനും. ശേഷിച്ചവർ അവൻെറ ഭൃത്യന്മാരെപ്പിടിച്ചു അവമാനിച്ചു നിഗ്രഹിച്ചു. ഇതുകേട്ടു രാജാവു കുപിതനായി ആ കൊലപാതകികളെകൊന്നൊടുക്കുന്നതിനും അവരുടെ നഗരം ചുട്ടുനശിപ്പിക്കുന്നതിനുമായി തൻെറ പട്ടാളത്തെ അയച്ചു. അനന്തരം അവൻ തൻെറ ഭൃത്യന്മാരോടു പറഞ്ഞു: ഇതാ കല്യാണവിരുന്നെല്ലാം തയ്യാറായിരിക്കുന്നു. ക്ഷണിക്കപ്പെട്ടവരാകട്ടെ ഇതിനു അർഹരല്ലെന്നു തെളിഞ്ഞുകഴിഞ്ഞു. അതിനാൽ നിങ്ങൾ വഴിക്കവലകളിലേക്കു പോയി അവിടെ കാണുന്ന എല്ലാവരേയും കല്യാണത്തിനായി ക്ഷണിക്കുവിൻ. ഉടനെ അവൻെറ ഭൃത്യന്മാർ തെരുവുകളിലേക്കു ചെന്നു അവിടെ കണ്ട എല്ലാവരേയും, മര്യാദക്കാരേയും മര്യാദയില്ലാത്തവരേയും ഒരുമിച്ചു കൂട്ടിക്കൊണ്ടുവന്നു. ഇങ്ങനെ അതിഥികളെക്കൊണ്ടു കല്യാണ



കല്യാണവസ്ത്രമില്ലാത്തവൻ പുറംതള്ളപ്പെടുന്നു.

ശാല നിറഞ്ഞു. എന്നാൽ അതിഥികളെ കാണാൻ രാജാവു വന്നപ്പോൾ കല്യാണവസ്ത്രം ധരിച്ചിട്ടില്ലാതിരുന്ന ഒരാളെ അദ്ദേഹം അവിടെ കണ്ടു. ഉടനെ, സ്നേഹിതാ, കല്യാണവസ്ത്രമില്ലാതെ നീ എങ്ങനെ ഇവിടെ വരുവാൻ ഇടയായി? എന്നു അദ്ദേഹം അവനോടു ചോദിച്ചു. അതിനു അവൻ ഒരു മറുപടിയും പറഞ്ഞില്ല. ആകയാൽ അവൻെറ കൈകാലുകൾ ബന്ധിച്ചു. പ്രലാപവും പല്ലുകടിയും ഉള്ള അന്ധകാരത്തിലേക്കു അവനെ എറിഞ്ഞുകളയുവിൻ എന്നു രാജാവു് സ്വഭൃത്യന്മാരോടാജ്ഞാപിച്ചു. വിളിക്കപ്പെട്ടവർ വളരെ; തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം."

ജോ:- ഇതെന്തുകഥയാ, അപ്പച്ചാ, കല്യാണത്തിനു വിളിച്ചിട്ടു് ആരും പോകുന്നില്ല. കണ്ണിൽ കണ്ടവരെ ഒക്കെ വിളിച്ചിട്ടു് ഒരുത്തനു ഉടുപ്പില്ലാഞ്ഞതിനു ശിക്ഷയും. ഇതൊരു നല്ല കഥയല്ല.

മേരി:- അങ്ങിനെ പറയാമോ? ഇതു വേദപുസ്തകത്തിലെ കഥയല്ലേ. അതിനു അർത്ഥമുണ്ടാകും. നമുക്കു മനസ്സിലാകാഞ്ഞിട്ടാ.

പിതാവു്:- ഇതുകേട്ടോ ജോണി, "കാള പെററു എന്നു കേട്ടു കയറെടുക്കരുതു്." നമുക്കു ശരിയായില്ല എന്നു തോന്നുന്നതെല്ലാം കേൾക്കുമ്പോഴേ പുച്ഛിച്ചുതള്ളരുതു്. നമുക്കു മനസ്സിലാവാത്ത പല കാര്യങ്ങളും അതിലുണ്ടാകും. അതിലും പ്രത്യേകിച്ചു് വേദപുസ്തകം പോലെ പ്രാമാണികവും ദൈവനിവേശിതവുമായ ഒരു ഗ്രന്ഥത്തിൽ നിഗൂഢങ്ങളായ പലതും അടങ്ങിയിട്ടുണ്ടു്. നമ്മെക്കാൾ അറിവും പരിചയവുമുള്ളവർ പറയുന്ന കാര്യങ്ങളിലും ഇതുതന്നെ നാം ശ്രദ്ധിക്കണം.

ജോണി:- അപ്പച്ചാ ഞാൻ പെട്ടെന്നു പറഞ്ഞതാണു്. തെററിപ്പോയി.

പിതാവു്:- സാരമില്ല മേലിൽ എപ്പോഴും സൂക്ഷിക്കുക. ഈ ഉപമയെപ്പററി ഞാൻ വിശദമാക്കിത്തരാം. കേട്ടുകൊള്ളുക.

യഹൂദന്മാരുടെ പ്രയോഗമനുസരിച്ചു സ്വർഗ്ഗസൗഭാഗ്യത്തെ പലപ്പോഴും കല്യാണവിരുന്നിനോടുപമിക്കാറുണ്ടു്. ആവിധത്തിൽ നോക്കിയാൽ ഈ ഉപമയിൽ, ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ജനമായിരുന്ന യഹൂദന്മാർ ആദ്യം മുറപ്രകാരം ക്ഷണിക്കപ്പെട്ടവരും മററുള്ളവർ രണ്ടാമത്തെ അതായതു പൊതുവായ ക്ഷണത്തിൽ പെട്ടവരുമെന്നു കണക്കാക്കാം. പൂർവ്വദേശങ്ങളിലെ ആചാരമനുസരിച്ചു വീണ്ടുംവീണ്ടും ക്ഷണം ആവർത്തിക്കുന്ന പതിവുമുണ്ടു്. ഇങ്ങനെ യഹൂദന്മാരെ ദൈവം തിരഞ്ഞെടുത്തു; പ്രവാചകന്മാർവഴി വീണ്ടുംവീണ്ടും അതോർമ്മിപ്പെടുത്തി. പക്ഷെ അവസാനം അവർ ക്ഷണം നിരസിച്ചു വിരുന്നിൽ വരാതിരുന്നു. പ്രവാചകന്മാരെ ദ്രോഹിക്കുകയും ശിക്ഷയ്ക്കർഹരാവുകയുംചെയ്തു. ദൈവം അവിടുത്തെ സ്വർഗ്ഗസൗഭാഗ്യം എല്ലാവർക്കും വാഗ്ദാനംചെയ്തു. ലോകത്തിൽ കണ്ട എല്ലാവരേയും ക്ഷണിച്ചു ആ കല്യാണവിരുന്നിലേക്കു്. അവരിൽ പലരും അതിൽ സംബന്ധിച്ചു. കല്യാണവസ്ത്രം ധരിക്കാത്തവർമാത്രം പുറംതള്ളപ്പെട്ടു. ലോകത്തിൽ ആദ്യംമുതൽ ഇന്നുവരെ നടന്നിട്ടുള്ള സംഭവങ്ങൾ നാം പരിശോധിക്കുമ്പോൾ ഈ ഉപമയുടെ അർത്ഥം നമുക്കു വിശദമായി മനസ്സിലാകുന്നില്ലേ?

ലൂസി:- ഉവ്വു് അപ്പച്ചാ, എന്നാൽ അതിൽ എനിക്കൊരു സംശയംതോന്നുന്നു. രാജാവു വന്നു നോക്കിയപ്പോൾ ഒരുത്തനു കല്യാണവസ്ത്രമില്ലായിരുന്നു. അയാളെ പുറത്താക്കി. ആ പാവത്തിനു കല്യാണവസ്ത്രം തയ്പിക്കാൻ സാധിച്ചില്ലെങ്കിൽ ഇങ്ങനെ നിർദ്ദയമായി പ്രവർത്തിച്ചതു കഷ്ടമല്ലേ?

പിതാവു്:- അതിൽ ചില സൂചനകളെല്ലാമുണ്ടു്. ഒരു കാര്യം തീർച്ചയാണു്. ദൈവം എല്ലാവരേയും ക്ഷണിച്ചിരിക്കുന്നു. ഈ ക്ഷണത്തെ മനപ്പൂർവ്വം നാം നിരസിക്കുകയോ വിരുന്നിനു അയോഗ്യരാവുകയോ ചെയ്യുന്നില്ലെങ്കിൽ നാം അതിൽ ഭാഗഭാക്കുകളാകും. നിരസിക്കുക എന്നുള്ളതു് ആദ്യത്തെ കൂട്ടരെപ്പോലെ നാംതന്നെ മനപ്പൂർവ്വം ചെയ്യുന്ന ഒരു ധിക്കാരമാണു്. രണ്ടാമതായി സദ്യയിൽ പ്രവേശിക്കുമ്പോൾ നമുക്കു കല്യാണവസ്ത്രം വേണമെന്നുള്ളതും ഒഴിച്ചുകൂടാത്ത ആവശ്യമാണു്. മററുപ്രകാരത്തിൽ നാം പറയുന്നില്ലേ, മോക്ഷത്തിൽ പ്രവേശിക്കുന്നതിനു ആത്മാവു് ദൈവേഷ്ടപ്രസാദത്തിലായിരിക്കണമെന്നു്. ഈ സ്ഥിതി നമുക്കുണ്ടാകുന്നതിനുവേണ്ട സഹായമെല്ലാം ദൈവം അവിടുത്തെ അനുഗ്രഹംമൂലം നമുക്കു ചെയ്തുതരും. നാം അതോടു സഹകരിച്ചാൽമതി. പൂർവ്വകാലങ്ങളിൽ സദ്യയിലേക്കു പ്രവേശിക്കുന്നതിനുമുമ്പായി കല്യാണവസ്ത്രങ്ങൾ ധരിക്കുന്നതിനു അവ പുറത്തു ഒരുക്കിവച്ചിരിക്കുമെന്നു പ്രസ്താവിക്കുന്ന പല വ്യാഖ്യാതാക്കളുമുണ്ടു്. അതെടുത്തു ധരിക്കേണ്ടതു് പ്രവേശിക്കുന്നവൻെറ കടമയാണു്. ഒരാൾ അതു ധരിക്കാതിരുന്നതു ധിക്കാരമാണെന്നു കരുതാം.

അതുകൊണ്ടു ഈ ഉപമയിൽനിന്നും നമുക്കു മനസ്സിലാക്കാനുള്ളതിതാണു്, നിത്യമായ ആ സ്വർഗ്ഗീയവിരുന്നിനു ക്ഷണിക്കപ്പെട്ടവരാണു് നാമെല്ലാം. അതിനുള്ള അർഹതയുടെ കല്യാണവസ്ത്രം നാം ധരിക്കണം. ദൈവാനുഗ്രഹങ്ങൾ നമ്മുടെ ആവശ്യമനുസരിച്ചു ദൈവം തരുന്നു. ഈ ക്ഷണം നാം സ്വീകരിച്ചു് അവിടുത്തെ അനുഗ്രഹത്തോടു സഹകരിച്ചു് ക്ഷണത്തിനു നാം അർഹരായിത്തീരുക. നാമോരോരുത്തരും വിളിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരുമായി തീരുക.


## നീരിറക്കം

(ഏങ്ങൽ, താരൻ, മെരിച്ചുണങ്ങ്) ഈ രോഗങ്ങൾമൂലം ഒരെണ്ണയും പിടിക്കാതെ കഷ്ടപ്പെടുന്നവർ ഞങ്ങളുടെ അമൃത തൈലം ഉപയോഗിക്കുക.

N. B. കാളൻ ആയുർവ്വേദഔഷധശാലയുടെ ഉടമസ്ഥനായ കെ. കെ. പാവുണ്ണി വൈദ്യൻ എല്ലാ തിങ്കളാഴ്ചയും ആലപ്പുഴ ബ്രാഞ്ചിലും, ചൊവ്വ, വെള്ളി ചാലക്കുടി ബ്രാഞ്ചിലും, ബുധൻ ശനി, ഇരിങ്ങാലക്കുട ബ്രാഞ്ചിലും 1മണി മുതൽ 5 മണിവരെ രോഗികളെ പരിശോധിച്ചു് ചികിത്സ നിശ്ചയിച്ചു് കൊടുക്കുന്നതാകുന്നു.

രോഗവിവരക്കത്തുകൾ അറിയിക്കേണ്ടവക്കു് ചോദ്യാവലി പുസ്തകം സൌജന്യം 2ണ സ്റ്റാമ്പുസഹിതം കെ. കെ. പാവുണ്ണിവൈദ്യൻ, നെല്ലായി എന്ന വിലാസത്തിൽ എഴുതുക.


തിരുക്കുടുംബത്തിനോടും ഉണ്ണിശോയോടും ഉള്ള അപേക്ഷയാലെ ഞങ്ങൾ ഉദ്ദേശിച്ച കാര്യങ്ങൾ യാതൊരു ബുദ്ധിമുട്ടുകളും കൂടാതെ സാധിച്ചതിനു ഉപകാരസ്മരണ.

കോക്കാട്ടു വാറു ചാക്കു
കല്ലേററുംകര


സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| ഇൻഡ്യയിൽ | ക. 6— 8—0 |
| ഇൻഡ്യക്കുപുറമെ | " 8—12—0 |



## ★ പാലായിൽ ★

നവീനരീതിയിലുള്ള എല്ലാവിധ റെഡിമെയിഡു് ഡ്രസ്സുകൾക്കും, തയ്യൽസംബന്ധമായ എല്ലാ ജോലികളും കൃത്യസമയത്തു് ചെയ്തുകൊടുക്കുന്നതുമായ "ജോൺസൺ റെയലറിംഗു്ഹാൾ" (സ്വരാജ് ബുക്കിങ്ങു് ഓഫീസിനു സമീപം) സന്ദർശിക്കുക.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 ‖ ERNAKULAM, OCTOBER, 13 ‖ No. 9


## ഇന്ത്യൻ കോൺഫറൻസ് ഓഫ് സോഷ്യൽവർക്ക്—തിരുകൊച്ചി സ്റ്റേററ ശാഖ

"ഇന്ത്യൻ കോൺഫറൻസ് ഓഫ് സോഷ്യൽവർക്ക്" സംഘടനയുടെ തിരുകൊച്ചി സ്റ്റേററു ശാഖ സെപ്തംബർ 3-ാംതീയതി ഞായറാഴ്ച വൈകിട്ട് 3 മണിക്കു എറണാകുളത്തു സെൻറ് ആൽബർട്ട്സ് കോളേജ് ഹാളിൽവച്ചു ബോംബെ ധനകാര്യമന്ത്രി ഡോക്ടർ ജീവരാജ് മേത്തായുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട യോഗത്തിൽ തിരുകൊച്ചി പ്രധാനമന്ത്രി ശ്രീ പട്ടംതാണുപിള്ള ഉൽഘാടനംചെയ്തു. യോഗത്തിനു വിജയമാശംസിച്ചുകൊണ്ടു ഡോക്ടർ രാധാകൃഷ്ണൻ, രാജകുമാരി അമൃതകൗർ, ഖണ്ഡുഭായി ദേശായി, മിസ്സിസ് ഇന്ദിരാഗാന്ധി, മൗലാന അബുൾകലാം ആസാദ്, മിസ്സിസ് അമ്മുസ്വാമിനാഥൻ, ജസ്റ്റിസ് പഞ്ചാപകേശഅയ്യർ, തിരുകൊച്ചി രാജപ്രമുഖൻ മുതലായവർ ആശംസാസന്ദേശങ്ങൾ അയച്ചിരുന്നു. മൂന്നുദിവസത്തേക്കു നീണ്ടുനിന്ന പരിപാടികൾക്കിടയിൽ കൊച്ചിൻ പോർട്ടു അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ എം. എസ്. വെങ്കിട്ടരാമൻ, തിരുകൊച്ചി തൊഴിൽവകുപ്പുമന്ത്രി ശ്രീ പി. കെ. കുഞ്ഞ്, മദ്രാസ് എം. എൽ. സി. മിസ്സിസ് എം. ക്ലബ്‌വാലാ ജാധവ്, വെരി റവ. മോൺ. ജോസഫ് വൈപ്പിശ്ശേരി മുതലായവരുടെ പ്രസംഗങ്ങളുണ്ടായിരുന്നു. വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള ഗ്രൂപ്പുചർച്ചകളിൽ സ്റ്റേററിലും പുറമേയുമുള്ള പല പ്രശസ്ത സാമൂഹികപ്രവർത്തകരും പങ്കെടുത്തു. സ്റ്റേററിൽ സമാരംഭിച്ചിട്ടുള്ള ഈ സാമൂഹികപ്രവർത്തനസംഘടനയുടെ ശാഖ രാജ്യത്തിൻെറ സാമൂഹികമായ പുരോഗതിക്കവേണ്ട നേതൃത്വം നൽകുന്നതിനിടവരട്ടെയെന്നു ഞങ്ങൾ ആശംസിച്ചുകൊള്ളുന്നു.

### കോൺഫറൻസിൻെറ ലക്ഷ്യം

സോഷ്യൽവർക്ക് കോൺഫറൻസിൻെറ ഉദ്ദേശ്യത്തെ വിശദീകരിച്ചുകൊണ്ടു ശ്രീ മേത്ത പ്രസ്താവിച്ചതിങ്ങനെയാണ്:- നമ്മുടേതുപോലെയുള്ള ഒരു സ്വതന്ത്രരാജ്യത്ത്—വളരെയധികം പരിവർത്തനങ്ങൾക്കു വിധേയമായ ഒരു രാജ്യത്ത്—ദുഷിച്ച ആചാരങ്ങൾ കടന്നുകൂടുകയും, സ്വയം ചിന്തിക്കുന്നതിനും തങ്ങളെ വലയംചെയ്തിരിക്കുന്ന അന്ധകാരത്തിൽനിന്നു തങ്ങളെത്തന്നെ സ്വതന്ത്രരാക്കുന്നതിനും സാമാന്യജനങ്ങളെ അശക്തരാക്കത്തക്കവിധം വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന ദാരിദ്ര്യവും അജ്ഞതയും രോഗവും അവരെ കീഴ്പ്പെടുത്തുകയും ചെയ്തതിൽ ആശ്ചര്യത്തിനവകാശമില്ല. ഈ സാഹചര്യങ്ങളിലാണ് സാമൂഹികക്ഷേമത്തിൻെറ ഏററവും പ്രധാനപ്പെട്ട ഈ രംഗത്തു നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ ഏകീകരിക്കുവാനും, ശക്തിപ്പെടുത്തുവാനും, വിപുലീകരിക്കുവാനും, അവയ്ക്കെല്ലാം മാർഗ്ഗദർശനം നൽകുവാനുമായി "ഇന്ത്യൻ കോൺഫറൻസ് ഓഫ് സോഷ്യൽ വർക്ക്" എന്ന സംഘടന രൂപീകൃതമായിട്ടുള്ളതു്. സാമൂഹികപ്രവർത്തനത്തിലും സാമൂഹികാവശ്യങ്ങളിലും പൊതുജനതാല്പര്യത്തെ ഉദ്ദീപിപ്പിക്കുവാൻ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള ഏക കേന്ദ്രസംഘടനയാണ് ഇന്ത്യൻ കോൺഫറൻസ് ഓഫ് സോഷ്യൽ വർക്ക്. അതിൻെറ ഭരണഘടനയനുസരിച്ച് സാമൂഹികപ്രവർത്തനം അതിനു നേരിട്ട് ഏറെറടുക്കുവാൻ വയ്യാ എങ്കിലും കൂടുതൽ ആവശ്യമെന്നു തോന്നുന്ന പ്രദേശങ്ങളിൽ അത്തരം പ്രവർത്തനം ഏറെറടുക്കുന്നതിനു കോൺഫറൻസ് അതിൻെറ ശാഖകൾക്കു നിർദ്ദേശം നൽകാറുണ്ട്. സാമൂഹികനയം സംബന്ധിച്ച വിവിധ പ്രശ്നങ്ങളെപ്പററിയുള്ള വിവരങ്ങളും അനുഭവങ്ങളും പരസ്പരം കൈമാററം ചെയ്യുന്നതിനുള്ള ഒരു രംഗമായും, സാമൂഹികപ്രവർത്തനം സംബന്ധിച്ച എല്ലാ കാര്യങ്ങളേയുംപററിയുള്ള വിവരങ്ങൾ നൽകാനുള്ള ഒരു കേന്ദ്രമായും സേവനം അനുഷ്ഠിക്കുക എന്നതാണ് കോൺഫറൻസിൻെറ ലക്ഷ്യം.

### പ്രവർത്തനരംഗങ്ങൾ

കോൺഫറൻസിൻെറ ലക്ഷ്യത്തെ ഇപ്രകാരം വിശദമാക്കിയതിനുശേഷം നമ്മുടെ രാജ്യത്തു കോൺഫറൻസിനഭിമുഖീകരിക്കേണ്ട ചില അടിയന്തിരപ്രശ്നങ്ങളെ അദ്ദേഹം ഉദാഹരിച്ചു.- ഈ രാജ്യത്തു വിപുലവും കുഴപ്പംനിറഞ്ഞതുമായ പല പ്രശ്നങ്ങളും നമുക്കുണ്ട്. ദീർഘകാലത്തെ ഉപേക്ഷനിമിത്തം അവയിൽ ചിലതു പരിഹരിക്കുവാൻ നിവൃത്തിയില്ലാത്ത രീതിയിലായിരിക്കുന്നു. മാത്രമല്ല, അവ ഏറെക്കുറെ നമ്മുടെ നാട്ടിൻെറ ഒരവിഭാജ്യഘടകംപോലെ ആയിത്തീർന്നിട്ടുമുണ്ട്. അനാഥജനങ്ങളുടെ പ്രശ്നം, യാചകരുടെ പ്രശ്നം, സ്ത്രീകളുടേയും കുട്ടികളുടേയും ഇടയിലുള്ള അസാന്മാർഗ്ഗികജീവിതത്തിൻെറ പ്രശ്നം, തൊഴിലില്ലായ്മപ്രശ്നം എന്നിങ്ങനെ പല പ്രശ്നങ്ങളും ജീവിതത്തോതുയർത്തുവാൻവേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള സാമ്പത്തികവികസനപദ്ധതിവഴി കൈകാര്യം ചെയ്യപ്പെടേണ്ടവയായിട്ടുണ്ട്. ദേശീയവരുമാനത്തെ കൂടുതൽ നീതിപൂർവ്വകമായ രീതിയിൽ വിതരണം ചെയ്യേണ്ടതും ഒരു മുഖ്യപ്രശ്നമാണ്. നമ്മുടെ രാജ്യത്തിൻെറ വലിയൊരുവിഭാഗം ഉൾക്കൊള്ളുന്ന വിപുലമായ ഗ്രാമീണപ്രദേശങ്ങളുടെ പ്രശ്നവുമുണ്ട്. നമ്മുടെ സാമ്പത്തികവ്യവസ്ഥിതിയിലെ അടിസ്ഥാനഘടകമെന്ന നിലയിൽ അവയ്ക്കു അർഹമായിട്ടുള്ളതിൽ വളരെ താണതായ ഒരു ശ്രദ്ധമാത്രമാണ് കമ്മ്യൂണിററിപ്രാജക്ററുകളും നാഷനൽ എക്സ്റ്റൻഷൻ പദ്ധതികളും നടപ്പിൽ വരുന്നതുവരെ ഈ ഗ്രാമങ്ങൾക്കു ലഭിച്ചിരുന്നതു്. സ്ത്രീകളും, ഹരിജനങ്ങളും, ഗോത്രവംശക്കാരും, പാർപ്പിടമില്ലാത്തവരും അനുഭവിക്കുന്ന സാമൂഹികാവശതകൾ ദൂരീകരിക്കുന്ന വിഷയത്തിൽ ഇനിയും വളരെയൊക്കെ ചെയ്യേണ്ടതായിട്ടുണ്ട്. ജനങ്ങളിൽ അംഗവൈകല്യം സഹിക്കുന്ന വിഭാഗത്തിനുവേണ്ടിയുള്ള ഒരു ദേശീയനയം ഇനിയും രൂപപ്പെടുത്തുവരുന്നതേയുള്ളു. അവസാനമായി നമ്മുടെ ഇടയിൽ ആരോഗ്യഹീനരും അക്ഷരജ്ഞാനമില്ലാത്തവരുമായ ജനങ്ങൾ എണ്ണത്തിൽ വളരെയധികമുണ്ടെങ്കിലും അവരുടെ ആ അവശതകൾ പരിഹരിക്കുന്നതിനുള്ള നമ്മുടെ ശ്രമങ്ങൾ തൃപ്തികരമാണെന്നു പറയാൻ നിവൃത്തിയില്ല.

### പാസാക്കിയ പ്രമേയങ്ങൾ

മേലുദ്ധരിച്ച ലക്ഷ്യത്തെ മുൻനിർത്തിയും തിരുകൊച്ചിയിൽ നിലവിലുള്ള പരിതസ്ഥിതികളെപ്പററി ഗ്രൂപ്പുചർച്ചകളിൽ സുദീർഘമായി പര്യാലോചനകൾ നടത്തിയതിൻെറ ഫലമായും ക്രോഡീകരിക്കപ്പെട്ട പ്രമേയങ്ങൾ അവസാനത്തെ പൊതുസമ്മേളനത്തിൽ പാസ്സാക്കുകയുണ്ടായി. പ്രമേയങ്ങളുടെ സംഗ്രഹം ഇപ്രകാരമാണ്:- മുൻകൊച്ചിയിൽ നിലവിലിരുന്ന വേഗ്രൻസി ആക്ട് തിരുകൊച്ചിയിലാകമാനം വ്യാപിപ്പിക്കണമെന്നും യാചകകേന്ദ്രങ്ങൾ കൂടുതൽ സ്ഥാപിക്കണമെന്നും അവയുടെ ഭരണം ഗവർമ്മേണ്ടിൻേറയും സ്വയംഭരണസ്ഥാപനങ്ങളുടേയും പ്രതിനിധികളും ഏതാനും സാമൂഹികപ്രവർത്തകരും ഉൾപ്പെട്ട കമ്മിററികളെ ഏല്പിക്കണമെന്നും, കുഷ്ഠരോഗാശുപത്രികൾ തുടങ്ങിയ ആതുരശാലകൾ നടത്തി ജനസേവനം നടത്തുന്നവരെ അനുമോദിച്ചുകൊണ്ടു് അവരുടെ പ്രവർത്തനങ്ങളെ ഏകീകരിക്കുന്നതിനായി പ്രസ്തുത പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നവരുടെ ഒരു യോഗം വിളിച്ചുകൂട്ടണമെന്നാവശ്യപ്പെട്ടുകൊണ്ടുമുള്ള പ്രമേയങ്ങൾ യോഗം അംഗീകരിച്ചു. സംസ്ഥാനമൊട്ടുക്കു് സാമൂഹികപ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നവരുടെ ഒരു കണക്കെടുക്കുന്നതിനായി സോഷ്യൽ സർവ്വീസ് സംബന്ധിച്ചു ഒരു ഡയറക്ടറി തയാറാക്കി പ്രസിദ്ധപ്പെടുത്തുന്നതിനും, സ്വകാര്യഏജൻസികൾ നടത്തിക്കൊണ്ടിരിക്കുന്ന സേവനങ്ങളെ അനുമോദിച്ചും അവക്കാവശ്യമായ ധനസഹായം നൽകണമെന്നാവശ്യപ്പെട്ടും ഉള്ള നിർദ്ദേശങ്ങളും യോഗം അംഗീകരിച്ചു. കൂടാതെ സംസ്ഥാനമാകെ സോഷ്യൽ വെൽഫയർഎക്സ്റ്റൻഷൻ പ്രോജക്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ ചെലവിൻെറ 25 ശതമാനം ഗവമ്മേണ്ടിൽനിന്നു നൽകണമെന്നും, ചിൽഡ്രൻസ് ആക്ട് സംസ്ഥാനമൊട്ടുക്കു വ്യാപകമാക്കണമെന്നും, വനിതാജഡ്ജികളുള്ള ജൂവനയിൽ കോടതികൾ സ്ഥാപിക്കണമെന്നും മററും ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയങ്ങളും സ്വീകരിക്കുകയുണ്ടായി.

### അനന്തരകരണീയം

ഇന്ത്യൻ സോഷ്യൽവർക്ക്കോൺഫറൻസിൻെറ ശാഖ തിരുകൊച്ചി സ്റ്റേററിലും സ്ഥാപിതമായി. സംസ്ഥാനത്തെ പ്രധാനമന്ത്രി അതു ഉൽഘാടനം ചെയ്തു. സുപ്രസിദ്ധ സാമൂഹികപ്രവർത്തകനായ ബോംബെ ധനകാര്യമന്ത്രി ഡോക്ടർ ജീവരാജ് മേത്താ മൂന്നുദിവസത്തെ പരിപാടികളിൽ അദ്ധ്യക്ഷതവഹിച്ചു. സാമൂഹികപ്രവർത്തനത്തിൽ പാണ്ഡിത്യവും പരിചയവുമുള്ള മഹതീമഹാന്മാർ പ്രസംഗിച്ചു. ഗ്രൂപ്പുചർച്ചകളിൽ ഓരോ പ്രശ്നങ്ങളും അവഗാഹം പരിചിന്തിക്കപ്പെട്ടു. ഏററം ആവശ്യങ്ങളായ നല്ലനല്ല പ്രമേയങ്ങളും പാസാക്കപ്പെട്ടു. ഇനി മെയന്താണു് ചെയ്യേണ്ടതു്? അഖിലേന്ത്യാടിസ്ഥാനത്തിൽ സംഘടിതമായിട്ടുള്ളതും സേവനരംഗത്തിൽ തഴക്കവും പഴക്കവുമുള്ള മഹാരഥന്മാർ ഏർപ്പെട്ടിരിക്കുന്നതും നമ്മുടെ സ്റ്റേററിൽ ഔദ്യോഗികമായിട്ടല്ലെങ്കിലും പ്രധാനമന്ത്രിയാൽതന്നെ ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നതുമായ ഈ സാമൂഹികസേവനപ്രസ്ഥാനം വിജയോന്മുഖമായി പ്രവർത്തിക്കുമെന്നും സാമൂഹികരംഗത്തു നടമാടുന്ന ഭയങ്കരാസ്വാസ്ഥതകളെ ദൂരീകരിച്ചു സൗഹൃദമായ സഹോദര്യവും എല്ലാവർക്കും ഐശ്വര്യസംതൃപ്തിയും കൈവരുത്തുന്നതിനുള്ള ഒരുത്തമമാർഗ്ഗമായിത്തീരുമെന്നും പ്രതീക്ഷിക്കുകയും, എല്ലാവരും ആത്മാർത്ഥമായും ത്യാഗമനോഭാവത്തോടുകൂടിയും സഹകരിച്ചു ഈ പ്രസ്ഥാനത്തെ വിജയിപ്പിക്കണമെന്നഭ്യർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

കോൺഫറൻസിൽ പാസാക്കപ്പെട്ടിട്ടുള്ള പ്രമേയങ്ങളെ പരിശോധിച്ചാൽ കാണാം, എത്ര അടിയന്തിരമായ സാമൂഹികപ്രശ്നങ്ങളിലേക്കാണു് അതു ശ്രദ്ധതിരിച്ചിരിക്കുന്നതു് എന്നു്. യാചകപ്രശ്നം, ആതുരസംരക്ഷണം, സോഷ്യൽ വെൽഫയർ എക്സ്റ്റൻഷൻ, ചിൽഡ്രൻസ് ആക്ട്, ജൂവനൈൽ കോടതികൾ എന്നിങ്ങനെ സാമൂഹികസുസ്ഥിതിയെ അവഗാഢമായി സ്പർശിക്കുന്ന പ്രശ്നങ്ങളിലാണു് കോൺഫറൻസു് കരണീയമായ അനുമാനങ്ങളിൽ എത്തിയിട്ടുള്ളതു്. കൂടാതെ സാമൂഹികരംഗത്തെ ഇളക്കിമറിച്ചുകൊണ്ടിരിക്കുന്നതും അനേകലക്ഷങ്ങളുടെ ജീവിതത്തെ നേരിട്ടു സ്പർശിക്കുന്നതുമായ തൊഴിൽപ്രശ്നവും കോൺഫറൻസിൻെറ അവഗാഢമായ ശ്രദ്ധാവിഷയമായിരുന്നു.

തൊഴിലാളിപ്രശ്നത്തെപ്പററി ഉപസംഹാരപ്രസംഗത്തിൽ അദ്ധ്യക്ഷനവർകൾ പ്രസ്താവിച്ചതിപ്രകാരമാണ്:- പല വിധത്തിലുള്ള സാമ്പത്തികവും സാമൂഹികവുമായ പരിഷ്കാരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടു് പണിമുടക്കുകളും ലഹളകളും ഇടക്കിടയ്ക്കുണ്ടായിക്കൊണ്ടിരിക്കുന്നു. കമ്പനിഡയറക്ടർമാരുടേയും, സമീന്ദാരന്മാരുടേയും, വ്യവസായപ്രവർത്തകന്മാരുടേയും ഇഷ്ടാനിഷ്ടങ്ങൾക്കു സമുദായത്തിൻെറ ഈ വിഭാഗത്തെ വിട്ടുകൊടുക്കാതെ യുക്തിയുക്തവും ശരിയായ രീതിയിൽ സംവിധാനം ചെയ്യപ്പെട്ടതുമായ പരിഷ്കാരങ്ങൾ അവർക്കു നാം കൈവരുത്തിക്കൊടുക്കേണ്ട സമയം ആസന്നമായിരിക്കുന്നു. നമ്മുടെ വ്യവസായസംരംഭങ്ങളിലും കാർഷികരംഗങ്ങളിലും ഉല്പാദനം ഉണ്ടാകുന്നതിനു സംതൃപ്തിയുള്ള വ്യവസായതൊഴിലാളികളും കർഷകതൊഴിലാളികളും അനുപേക്ഷണീയമാണ്. അവർക്കു ഹിതകരമായ എല്ലാ ജീവിതസൗകര്യങ്ങളും ശ്രദ്ധാപൂർവ്വം ഏർപ്പെടുത്തിക്കൊടുക്കണം.

### ചില സൂചനകൾ

സൃഷ്ടിപരമായി കോൺഫറൻസ് ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികളിൽ സാമൂഹികാവശതകൾ പരിഹരിക്കുന്നതിനുള്ള സദുദ്ദേശപരമായ തീരുമാനങ്ങൾ സ്വാഗതാർഹങ്ങളാണ്. ഏതൊരു പ്രവർത്തനത്തിലും മനുഷ്യൻെറ വ്യക്തിഗതവും കുടുംബപരവും സാമൂഹികവുമായ സുസ്ഥിതിയെ ഭദ്രമാക്കുന്ന സനാതനതത്വങ്ങൾ ദീക്ഷിക്കപ്പെടണമെന്നുള്ളതു് ഓരോ പ്രവർത്തകനും സവിശേഷം അനുസ്മരിക്കേണ്ടതുണ്ട്. യൂറോപ്പിലും മററും നിർഭാഗ്യവശാൽ പ്രചാരത്തിൽ വന്നിട്ടുള്ളതും രാജ്യങ്ങളുടേയും ജനപദങ്ങളുടേയും അപരിഹാര്യമായ വിനാശത്തിനു നിദാനമായിത്തീർന്നിട്ടുള്ളതുമായ അബദ്ധസിദ്ധാന്തങ്ങൾ ആർഷഭാരതത്തിൻെറ ആദ്ധ്യാത്മികാദർശങ്ങളെ അധഃപ്പതിപ്പിക്കുന്നതിനിടയാകത്തക്കവണ്ണം നമ്മുടെ സാമൂഹികോദ്ധാരണ ബദ്ധപ്പാടിൽ നുഴഞ്ഞുകയറാതിരിക്കുവാൻ നാം പ്രത്യേകം ശ്രദ്ധാലുക്കളായിരിക്കണം. അഭേദ്യമായ നമ്മുടെ മതസിദ്ധാന്തങ്ങൾക്കു ഉടവുവരുത്തുന്ന ദുഷിച്ച ഉപാധികൾ യാതൊരു രംഗത്തും കാലുകുത്തുവാൻ നാമനുവദിക്കരുതു്. ദൈവവിശ്വാസവും തജ്ജന്യമായ സഹോദരസ്നേഹവും ഓരോ സാമൂഹികപ്രവർത്തകനേയും ഉത്തേജിപ്പിക്കുകയും സനാതനധർമ്മതത്വങ്ങൾ നമുക്കു മാർഗ്ഗദർശകമായിരിക്കുകയും ചെയ്യട്ടെ.

## പ്രസാധകക്കുറിപ്പുകൾ

### കത്തോലിക്കർക്കെതിരായ ആരോപണങ്ങളെ നെഹ്റു ഖണ്ഡിക്കുന്നു

വിദേശകാര്യം സംബന്ധിച്ച് ഇത്തവണത്തെ ലോകസഭാസമ്മേളനത്തിൽ പ്രധാനമന്ത്രി നെഹ്റു നടത്തിയ പരാമർശനവേളയിൽ, കത്തോലിക്കാസഭാദ്ധ്യക്ഷനായ മാർപ്പാപ്പായോ മററു കത്തോലിക്കാ സഭാധികൃതരോ ഗോവാക്കാര്യത്തിൽ ഇടപെട്ടുവെന്നോ പോർത്തുഗീസുഭരണം തുടരുവാൻ പ്രേരണ നൽകിയെന്നോ പാർലമെൻറിലെ ഏതെങ്കിലും അംഗമോ മററാരെങ്കിലുമോ ആരോപണം പുറപ്പെടുവിക്കുന്നെങ്കിൽ അതു ഏററവും ദുരുപദിഷ്ടവും അനാശാസ്യവുമാണെന്നു് പ്രസ്താവിച്ചു. ആരോപണങ്ങളെ ശക്തിയായി പ്രതിഷേധിച്ചുകൊണ്ടു് നെഹ്റു പ്രസ്താവിച്ചതു് കത്തോലിക്കാസഭാദ്ധ്യക്ഷനും കത്തോലിക്കാ നേതാക്കന്മാരും ജനങ്ങളും കൊളോണിയലിസത്തെ ശക്തിയായി എതിർക്കുന്നുവെന്നാണ്. മതാദ്ധ്യക്ഷനായ മാർപ്പാപ്പായുമായി രാജ്യതന്ത്രബന്ധത്തിൽ ഏർപ്പെട്ടതു ഉചിതമായില്ല എന്ന ചില മെമ്പറന്മാരുടെ അഭിപ്രായത്തെ നെഹ്റു ഖണ്ഡിച്ചു. അദ്ദേഹം ഇപ്രകാരം തുടർന്നു:-

വത്തിക്കാൻ സംസ്ഥാനത്തിൻെറ ഭൗതികാധികാരികൂടെയായ മാർപ്പാപ്പാ ലോകത്തിലുള്ള ഒരു വലിയ ജനവിഭാഗത്തിൻെറ മതാദ്ധ്യക്ഷനാണെന്നുള്ളതു ശരിയാണ്. ഗോവായുടെ കാര്യത്തിൽ മാർപ്പാപ്പാ ഇടപെട്ടു എന്നു പറയുന്നതു് തികച്ചും അനാവശ്യമാകുന്നു. ഗോവൻ പ്രശ്നത്തിനു ഒരു തീരുമാനമുണ്ടായിക്കാണുവാനാണു മാർപ്പാപ്പാ ആഗ്രഹിച്ചിട്ടുള്ളതു്.

### കത്തോലിക്കാസഭ അപകടത്തിലാകയില്ല

ഗോവ ഇൻഡ്യയിൽ ലയിച്ചാൽ കത്തോലിക്കാസഭ അപകടത്തിലാകുമെന്നുള്ള പ്രചരണത്തെപ്പററി നെഹ്റു ഇങ്ങനെ പ്രസ്താവിച്ചു:-

ഇൻഡ്യയിലെ 50ലക്ഷം കത്തോലിക്കാ ജനതയുടെ നേതാക്കന്മാർ പോർത്തുഗലിൻെറ വാദത്തെ ഖണ്ഡിച്ചിട്ടുണ്ട്. ഗോവായിലെ പോർത്തുഗീസുഭരണം അവസാനിപ്പിക്കണമെന്നു അവർ വാദിക്കുന്നു. മൈലാപ്പൂരി

ലെ സെന്റ് തോമസ് കബറിടം നൂററാണ്ടുകളായി അവിടെ സ്ഥിതിചെയ്യുന്നു. യാഥാർത്ഥ്യം ഇതായിരിക്കെ സെന്റ് ഫ്രാൻസിസ് സേവ്യറിന്റെ ഭൗതികാവശിഷ്ടങ്ങളുടെ കാര്യം സംബന്ധിച്ച് പോർത്തുഗീസ് എന്നുകൊണ്ട് കൃത്രിമമായ പ്രചരണവേല നടത്തുന്നു. ഗോവയിലും പുറത്തുമുള്ള കത്തോലിക്കരിൽ മഹാഭൂരിപക്ഷവും ഗോവായുടെ വിമോചനസമരത്തെ അനുകൂലിക്കുന്നു, എന്നു ഹർഷാരവമദ്ധ്യേ നെഹ്റു പ്രസ്താവിച്ചു.

നെഹ്റുവിന്റെ ഈ പ്രസംഗഭാഗം അവസാനിച്ചപ്പോൾ ശ്രീ ജോർജ്ജ് തോമസ് കൊട്ടുകാപ്പള്ളി എഴുന്നേററു ഒരു കത്തോലിക്കാ പ്രതിനിധിയെന്ന നിലയിൽ, നെഹ്റുവിന്റെ പ്രസ്താവനയോടു പരിപൂർണ്ണമായി യോജിക്കുന്നുവെന്നു പ്രസ്താവിച്ചു. നെഹ്റു ജോർജ്ജ് തോമസിനു കൃതജ്ഞത പറയുകയും മററുള്ളവർ അനുമോദനപ്രകടനം നടത്തുകയും ചെയ്തു.

* * *

## വ്യക്തികൾ സ്വാർത്ഥം വെടിഞ്ഞില്ലെങ്കിൽ അവരും സമുദായവും നശിക്കുമെന്നു് ജയപ്രകാശ്

ഭൂദാനയജ്ഞം പ്രമാണിച്ച് ശ്രീ ജയപ്രകാശ് നാരായണൻ നമ്മുടെ സംസ്ഥാനത്തു ഉടനീളം പര്യടനം നടത്തുകയും സർവ്വത്ര ഹാർദ്ദമായ സ്വീകരണങ്ങൾക്കു് പാത്രമാകുകയും ചെയ്തല്ലോ. തദവസരങ്ങളിൽ അദ്ദേഹം ചെയ്ത പ്രസംഗങ്ങളുടെ താല്പര്യം ഇങ്ങനെ സംഗ്രഹിക്കാം:-

വിനോബാജി, മഹാത്മജിയുടെ പിൻതുടർച്ചാവകാശി ആണെന്നു പറയാം. പുതിയ ഒരു സാമൂഹ്യ —സാമ്പത്തിക— രാഷ്ട്രീയപരിവർത്തനത്തിലൂടെ ഇന്നത്തെ സാമൂഹ്യപ്രശ്നങ്ങൾക്കു് പരിഹാരം കാണുവാനുള്ള മാർഗ്ഗമാണ്, ഒരു നൂതനജീവിതസമ്പ്രദായമാണ് ഭൂദാനപ്രസ്ഥാനംവഴി നമ്മെ പഠിപ്പിക്കുന്നതു്. സാമൂഹികമായ ഇന്നത്തെ വിഷമപ്രശ്നങ്ങളുടെ അടിസ്ഥാനപരമായ മൂലകാരണങ്ങൾ നമുക്കു മനസ്സിലാക്കിത്തരാൻ അദ്ദേഹം ശ്രമിക്കുകയാണ്. നമ്മുടെയെല്ലാം ഹൃദയങ്ങളിലാണ് അടിസ്ഥാനപരമായ കാരണങ്ങൾ കിടക്കുന്നതു്. നാം ഓരോരുത്തരും നമ്മുടെ വ്യക്തിപരമായ ജീവിതത്തിലും എല്ലാംതന്നെ സ്വാർത്ഥപരമായി പെരുമാറുന്നു. ധനികനിർധനഭേദം കൂടാതെ നാം സ്വാർത്ഥതാല്പര്യങ്ങൾക്കായി പ്രവർത്തിക്കുന്നു. ഈ സ്വാർത്ഥതാല്പര്യം പ്രകടമാകുന്നതു് വ്യക്തികളുടെ ജീവിതത്തിൽ മാത്രമല്ല, കുടുംബത്തിലും സമൂഹത്തിലും വർഗ്ഗങ്ങളിലും രാഷ്ട്രങ്ങളിലുമെല്ലാം ആണ്. ഇതിന്റെ ഫലമാണ് ഇന്നു ലോകത്തിൽ കാണുന്ന സാമ്പത്തിക— സാമൂഹിക—രാഷ്ട്രീയ കുഴപ്പങ്ങൾ. നാടുവാഴിത്തമായാലും, മുതലാളിത്തമായാലും, സാമ്രാജ്യത്വമായാലും ഇവയെല്ലാമുള്ള അടിസ്ഥാനകാരണം ജീവിതത്തോടുള്ള നമ്മുടെ മനോഭാവത്തിലാണ് കിടക്കുന്നതു്. വിനോബാജി ഇന്നത്തെ ജീവിതമത്സരത്തിൽ, സഹകരണാടിസ്ഥാനം പുനർനിർമ്മിക്കാൻ വീണ്ടും പരിശ്രമിക്കുകയാണ്. വിനോബാജിയുടെ ഈ സന്ദേശം നമുക്കു പുത്തരിയല്ല. മതപ്രവാചകന്മാർ നേരത്തെ പറഞ്ഞിട്ടുള്ളതാണ്.

ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ സന്ദേശം അനുസരിച്ച് ജീവിക്കുവാനും ഹിന്ദുവും മുസ്ലീമും അവരുടെ മതബോധങ്ങളനുസരിച്ച് ജീവിതം നയിക്കുവാനും അങ്ങനെ സ്നേഹത്തിന്റേയും, പരോപകാരത്തിന്റേയും മഹത്വം മനസ്സിലാക്കാനും ജയപ്രകാശ് അഭ്യർത്ഥിച്ചു.

ശാസ്ത്രത്തിന്റെ പുരോഗതികൊപ്പം മനുഷ്യനും ഉയരുന്നില്ലെങ്കിൽ വരാനിരിക്കുന്ന ഭവിഷ്യത്തു എന്താണെന്നു ജയപ്രകാശ് മുന്നറിയിപ്പു നൽകി. മനുഷ്യരെ കൂട്ടക്കൊലചെയ്യുന്ന ഏർപ്പാടുകൾ മുൻപും ഉണ്ടായിരുന്നു. എന്നാൽ അണുകായുധങ്ങളുടെ കണ്ടുപിടുത്തത്തോടെ, ഒന്നുകിൽ മനുഷ്യരാശി ഒന്നോടെ നശിക്കുക, അല്ലെങ്കിൽ സർവ്വോദയത്തിൽ ഉയരുക എന്ന രണ്ടു മാർഗ്ഗങ്ങളേ ശേഷിക്കുന്നുള്ളു എന്നു് ജയപ്രകാശ് അറിയിച്ചു.

## യഥാർത്ഥവും സജീവവുമായ ദൈവവിചാരം കൊണ്ടേ സ്വാർത്ഥത നീങ്ങുകയുള്ളു

ലോകത്തിൽ കാണുന്ന സാമ്പത്തിക—സാമൂഹ്യ—രാഷ്ട്രീയകുഴപ്പങ്ങൾക്കു് മൂലകാരണം മനുഷ്യവ്യക്തികളുടെ സ്വാർത്ഥതയാണെന്നു് ശ്രീ ജയപ്രകാശ് പ്രസ്താവിച്ചതു് ഏററവും ശരിയായിരിക്കുന്നു. എന്നാൽ സ്വാർത്ഥത നീങ്ങുവാനുള്ള യഥാർത്ഥവും സജീവവുമായ മാർഗ്ഗമേതെന്നുകൂടി ചൂണ്ടിക്കാണിച്ചിരുന്നെങ്കിൽ അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലെ ഉദ്ബോധനം കൂടുതൽ പ്രയോജനകരമായിരുന്നേനെ. ക്രിസ്ത്യാനികൾ ക്രിസ്തുവിന്റേയും, ഹിന്ദുവും മുസ്ലീമും അവരുടെ മതങ്ങളിലേയും ബോധനങ്ങളനുസരിച്ച് ജീവിതം നയിക്കാൻ അദ്ദേഹം അഭ്യർത്ഥിച്ചു കാണുന്നതിൽ സന്തോഷമുണ്ടു്. എങ്കിലും അവരങ്ങനെ ചെയ്യണമെങ്കിൽ ഏതൊന്നായിരിക്കണം അവർക്കുള്ള പ്രേരണയെന്നുകൂടി ചൂണ്ടിക്കാണിക്കേണ്ടതായിരുന്നു. ആ പ്രേരണ യഥാർത്ഥവും സജീവവുമായ ദൈവവിചാരത്തിൽനിന്നുതദ്ഭവിക്കുന്നതു മാത്രമാകുന്നു. സ്വാർത്ഥം വെടിഞ്ഞു തന്റെ സഹോദരനെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യേണ്ടതാണെന്നുള്ള ബോധം ഏതു കുടുംബത്തിലേയും അംഗമായിരിക്കുന്ന ഏതു മനുഷ്യനിലും നാം കാണുന്നുണ്ടു്. ആ ബോധത്തിന്റെ പ്രേരണയനുസരിച്ച് അവൻ പ്രവർത്തിക്കുകയും ചെയ്യുന്നു. എന്നാൽ മനുഷ്യസമുദായം ഒന്നാകെ ഒരു മഹാകുടുംബമാണെന്നും അതിലെ സകല അംഗങ്ങളും പരസ്പരം സഹോദരങ്ങളാണെന്നുമുള്ള സജീവബോധം മനുഷ്യരിൽ ഇല്ല. ഉണ്ടായിരുന്നെങ്കിൽ അവർ പരസ്പരം സ്നേഹിക്കുകയും സേവിക്കുകയും ചെയ്തേനെ. ആ ബോധം ഉണ്ടാകണമെങ്കിൽ അതിനടിസ്ഥാനമായ ദൈവബോധം ഉണ്ടായിരിക്കണം. ദൈവം സകല മനുഷ്യരുടേയും പിതാവാണെന്ന ബോധമുള്ളവനേ മററു മനുഷ്യരെല്ലാം തന്റെ സഹോദരന്മാരാണെന്നുള്ള ബോധം ഉണ്ടാകയുള്ളു. സ്വസഹോദരനെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നതു് സ്വപിതാവിനു പ്രീതികരമായിരിക്കുമെന്നും, പിതാവിൽനിന്നു സമ്മാനം ലഭിക്കാൻ താൻ അർഹനായിത്തീരുമെന്നും അവനു ബോധമുണ്ടാകണം. ഈ ജീവിതം കഴിഞ്ഞുപോകുന്നതാണെന്നും, ദൈവത്തെപ്രതി ഈ ജീവിതത്തിൽ ചെയ്യുന്ന സ്വാർത്ഥപരിത്യാഗങ്ങൾക്കെല്ലാം ഇനിയത്തെ ജീവിതത്തിൽ നിത്യമായ സമ്മാനങ്ങൾ ദൈവത്തിൽനിന്നു ലഭിക്കുമെന്നുമുള്ള ബോധം ഉണ്ടാകണം. നിർഭാഗ്യവശാൽ ഇങ്ങനെയുള്ള ദൈവവിചാരം സകല മനുഷ്യരിലും സജീവമായി ഉണ്ടാവാൻ സഹായിക്കുന്ന ആശയങ്ങളൊന്നും സാമ്പത്തികവും സാമൂഹ്യവും രാഷ്ട്രീയവുമായ രംഗങ്ങളിൽ മുൻനിന്നു പ്രവർത്തിക്കുവാൻ ചുമതലപ്പെട്ടവർ ജനസാമാന്യത്തിനു പ്രദാനംചെയ്യുന്നില്ല. നേരെമറിച്ച് എതിരായ ആശയങ്ങൾക്കാണ് സർവ്വത്ര പ്രചാരം ലഭിച്ചുകൊണ്ടിരിക്കുന്നതു്. പിന്നെയെങ്ങനെയാണു മനുഷ്യർ സ്വാർത്ഥത വെടിയുവാൻ തയ്യാറാകുന്നതു്? നന്മ ചെയ്യാനുള്ള ഏക പ്രേരണ അലൗകികവും ആദ്ധ്യാത്മികവുമായ ചിന്തകളാണെന്നു് ജയപ്രകാശ്‌തന്നെ സമ്മതിച്ചു പറഞ്ഞിട്ടുള്ളതാണ്. ആ ഉദ്ബോധനംകൂടി അദ്ദേഹം തന്റെ പ്രസംഗങ്ങളിലുൾപ്പെടുത്തിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു!

* * *

## ദേശീയ പ്രാർത്ഥനാദിനം

### അമേരിക്കൻ പ്രസിഡന്റ് പ്രഖ്യാപിക്കുന്നു

യഥാർത്ഥവും സജീവവുമായ ദൈവവിചാരം രാജ്യവാസികളിൽ ഉളവാക്കുവാൻ അമേരിക്കൻ ഐക്യസംസ്ഥാനങ്ങളിലെ പ്രസിഡന്റന്മാർ എല്ലാവരുംതന്നെ ശ്രമിച്ചിട്ടുണ്ടു്. ഇപ്പോഴത്തെ പ്രസിഡന്റു് ഐസനോവർ മുൻഗാമികളെ അപേക്ഷിച്ച് അക്കാര്യത്തിൽ തീക്ഷ്ണവാനായി കാണപ്പെടുന്നു. ഇക്കഴിഞ്ഞ സെപ്റ്റംബർ 22-ാംതീയതി യു. എസ്സ്. എ. യിൽ ഒരു ദേശീയപ്രാർത്ഥനാദിനം ആഘോഷിക്കപ്പെട്ടു. അതുസംബന്ധിച്ച് പ്രസിഡന്റു് ഐസനോവർ ചെയ്ത ഔദ്യോഗികപ്രഖ്യാപനമാണ് താഴെ ചേർക്കുന്നതു്:-

കോൺഗ്രസ്സ് (നിയമസഭകൾ രണ്ടും) 1952 ഏപ്രിൽ 17-ാംനു ഒരു സംയുക്തപ്രമേയം പാസ്സാക്കി, ഓരോ കൊല്ലവും ഞായറാഴ്ചയല്ലാത്ത സൗകര്യമുള്ള ഒരു ദിവസം ദേശീയപ്രാർത്ഥനാദിനമായി ആചരിക്കാൻ പ്രസിഡന്റു് നിശ്ചയിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യണമെന്നും, ആ ദിവസത്തിൽ യു. എസ്സ്. എ. യിലെ ജനങ്ങൾ പ്രാർത്ഥനയിലും ധ്യാനത്തിലും ദൈവത്തിങ്കലേക്കു് തിരിയാൻ ഇടവരണമെന്നും.

സകല പുരുഷാന്തരങ്ങളിലേയും അമേരിക്കാക്കാർ അവരുടെ വ്യക്തിപരവും ദേശീയവുമായ പ്രശ്നങ്ങളിൽ സഹായവും മാർഗ്ഗദർശനവും സർവ്വശക്തനായ ദൈവത്തിൽനിന്നും അഭ്യർത്ഥിച്ചിട്ടുള്ളതും കൈവരിച്ചിട്ടുള്ളതുമാകുന്നു.

ദൈവസഹായത്തിൽ നമുക്കുള്ള ആശ്രയബോധവും പ്രാർത്ഥനയുടെ ശക്തിയിൽ നമുക്കുള്ള വിശ്വാസവും വീണ്ടും വീണ്ടും ഉറപ്പിച്ചുപറയുവാൻവേണ്ടി ഓരോ കൊല്ലത്തിലും ഒരുദിവസം സകല അമേരിക്കാക്കാരും ഒത്തൊരുമിച്ചു പ്രാർത്ഥിക്കേണ്ടതു് സമുചിതമാകുന്നു.

ആകയാൽ അമേരിക്കൻ ഐക്യസംസ്ഥാനങ്ങളുടെ പ്രസിഡന്റായിരിക്കുന്ന ഞാൻ, ഡ്വൈററു് ഡി ഐസനോവർ, ഇതിനാൽ പ്രഖ്യാപിക്കുന്നു, 1954 സെപ്റ്റംബർ 22-ാംനു ബുധനാഴ്ച പ്രാർത്ഥനാദിനമായി ആചരിക്കണമെന്നു്. നമുക്കു ലഭിച്ചിരിക്കുന്ന ദൈവാനുഗ്രഹങ്ങൾക്കു് കൃതജ്ഞത പ്രകാശിപ്പിക്കുന്നതിനും, ലോകസമാധാനത്തിനുവേണ്ടിയുള്ള നമ്മുടെ ശ്രമങ്ങളിൽ നമുക്കു ശക്തിനൽകാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നതിനും ആ ദിവസം നമുക്കു വിനിയോഗിക്കാം.

ഇന്നു ലോകത്തിലുള്ള മതേതരവും പ്രജായത്തപരവും സ്വതന്ത്രവുമായ സകല രാഷ്ട്രങ്ങളിലും വച്ചു് സാമ്പത്തികമായി ഏററവും അധികം ഉന്നതിയിലെത്തിയിരിക്കുന്ന അമേരിക്കൻ ഐക്യസംസ്ഥാനങ്ങളിലെ പരമാധികാരി അവിടത്തെ ജനങ്ങളെ യഥാർത്ഥവും സജീവവുമായ ദൈവവിചാരത്തിലേക്കു് ഔദ്യോഗികമായി ആഹ്വാനംചെയ്യുന്നതു് എത്രയോ മനോഹരമായ കാഴ്ചയാണ്!

ആദ്ധ്യാത്മികവീഥി 32

## എന്റെ മിത്രം

(തുടർച്ച)

ദൈവത്തിന്റെ വത്സലമക്കളേ,

ശുദ്ധനിയോഗത്തെക്കുറിച്ചുള്ള ഭാഗമാണല്ലോ കഴിഞ്ഞലക്കത്തിൽ ഉദ്ധരിച്ചതു്. പിന്നീടു് എളിമ, പരസ്നേഹം, പരിത്യാഗം, പ്രേഷിതവൃത്തി എന്നീ അതിപ്രധാനവിഷയങ്ങളെ സംബന്ധിച്ച് വേദപുസ്തകവാക്യങ്ങൾ ഉദ്ധരിച്ചും കൊച്ചുകുട്ടികൾക്കുപോലും മനസ്സിലാക്കി അനുകരിക്കത്തക്ക അനേക ഉദാഹരണങ്ങൾ എടുത്തുകാണിച്ചും പ്രതിപാദിക്കുന്നുണ്ടു്. അവ അതുപടി പകർത്തുന്നതിനാഗ്രഹമുണ്ടെങ്കിലും സ്ഥലച്ചുരുക്കംകൊണ്ടു ഏതാനും ഉദാഹരണങ്ങൾമാത്രം ഉദ്ധരിക്കാം:

എളിമ—തന്നെത്തന്നെ സ്തുതിച്ചു സംസാരിക്കാതിരിക്കുക, സ്വന്ത അഭിപ്രായം സ്വീകരിക്കപ്പെടാതിരിക്കുമ്പോൾ പരിഭവിക്കാതിരിക്കുക, നിലയിൽ കവിഞ്ഞ ഉദ്യോഗങ്ങൾ ആഗ്രഹിക്കാതിരിക്കുക, ഇതരന്മാരോടു് പ്രത്യേകിച്ചും അധികാരികളോടും പ്രായംചെന്നവരോടും സംസാരത്തിലും പെരുമാററത്തിലും മര്യാദയും ബഹുമാനവും വിധേയത്വവും കാണിക്കുക, സമനിലയിലുള്ളവർ ചെയ്യുന്നതിനു മടിക്കുന്ന താണതരം ജോലി ചെയ്യുവാൻ സന്നദ്ധനാവുക......

പരസ്നേഹം—സംസാരത്തിലും പെരുമാററത്തിലും മററും ഇതരന്മാർക്ക വേദനയോ ഉപദ്രവമോ വരുത്താതെ വർത്തിക്കുക, സദ്ഗ്രന്ഥങ്ങൾ വായിക്കുന്നതിനു കൊടുക്കുക, ദേവാലയവാതുക്കൽ ഇരുന്നുകൊണ്ടു മററുള്ളവർക്ക മാർഗ്ഗതടസ്സം ഉണ്ടാക്കാതിരിക്കുക, കമ്പസാരക്കൂടിനടുത്തു തിക്കുംതിരക്കും ഉണ്ടാക്കാതെ ആദ്യം വരുന്നവർക്ക ആദ്യാവസരം കൊടുക്കുക, വഴി പരിചയമില്ലാത്തവർക്ക വഴി കാണിച്ചുകൊടുക്കുക, മററുള്ളവരുടെ വസ്തുക്കൾ സൽപ്പേരു മുതലായവ സ്വന്തമെന്ന നിലയിൽ സൂക്ഷിക്കുക, ദരിദ്രരോടും ബലഹീനരോടും സമഭാവനയിലും സഹിഷ്ണുതയിലും പെരുമാറുക, ഇതരന്മാരുടെ വിജയത്തിൽ ആനന്ദിക്കുക, അനുമോദിക്കുക, അടക്കമില്ലാത്ത വസ്ത്രധാരണംവഴിയോ മററു ദുർമ്മാർഗ്ഗങ്ങൾവഴിയോ മററുള്ളവർക്ക ഇടർച്ചവരുത്താതിരിക്കുക, മീററിംഗ്ഹാൾ മുതലായവ ക്രമപ്പെടുത്തുന്നതിന് ഭാരവാഹികളെ സഹായിക്കുക, യാത്രചെയ്യുമ്പോഴും പള്ളിയിൽ ആയിരിക്കുമ്പോഴും (സമ്മേളനങ്ങളിലും) മുഷിഞ്ഞവസ്ത്രം ധരിച്ചോ വിയർത്തൊലിക്കുന്ന ശരീരംകൊണ്ടോ മററുള്ളവർക്ക ഈർഷ്യവരുത്താതിരിക്കുക, അന്യന്റെ വിളവുകൾ ആടുമാടുകൾ തിന്നു നശിപ്പിക്കുന്നതു കണ്ടാൽ ഓടിച്ചുകളയുക, അഥവാ ഉടമസ്ഥനെ അറിയിക്കുക.......

മേൽ കാണിച്ചിരിക്കുന്നതു് "എന്റെ മിത്ര"ത്തിൽ കൊടുത്തിട്ടുള്ള അനേകം ഉദാഹരണങ്ങളിൽ ചിലതുമാത്രമാണ്. അവ എത്ര പ്രായോഗികവും ഉപകാരപ്രദവുമാണെന്നു കാണുവാൻ ഇത്രയും ഉദാഹരണങ്ങൾ മതിയാകുമെന്നു കരുതുന്നു. വേദപാഠം പഠിപ്പിക്കുന്ന എല്ലാവരുടെയും പക്കൽ "എന്റെ മിത്ര"ത്തിന്റെ ഓരോ പ്രതിയുണ്ടെങ്കിൽ അതിൽ കൊടുത്തിരിക്കുന്ന ഉദാഹരണങ്ങൾ ചെറുപ്പത്തിലെ കുട്ടികളെ മനസ്സിലാക്കുന്നതിനും അഭ്യസിപ്പിക്കുന്നതിനും സാധിക്കും. മാതാപിതാക്കന്മാർക്കും വളരെ ഉപകാരപ്രദമായ ഒരു പുസ്തകമാണതു്.

ഒരു രൂപാ വിലയ്ക്കു വിററിരുന്ന ആ പുസ്തകം ഇപ്പോൾ 12 ണയ്ക്കു മിക്ക കത്തോലിക്കാ ബുക്കുഡിപ്പോകളിലും കിട്ടും.

എന്നു
പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്

## അടുത്തയാഴ്ചയിൽ

ഒക്ടോബർ
14 വ്യാ: കലിസ്തോസ്
15 വെ: അമ്മത്രേസ്യ
16 ശ: കപ്രിയാദനോസും യുസ്തിനായും
17 ഞാ: പന്തക്കുസ്ത 19-ാം ഞായർ കന്യകമറിയത്തിന്റെ ശുദ്ധത
18 തി: ലൂക്കാ
19 ചൊ: പത്രോസ് അൽകാന്ത്ര
20 ബു: യോഹന്നാൻകാന്തിസ്

## സൗജന്യവിതരണഫണ്ടു്

മി. കെ. ജെ. പത്രോസ് ടീച്ചർ, എച്ച്. എസ്സ്. വൈക്കം, ക. 6—0—0

## ഉപകാരസ്മരണ

വി. പത്താംപീയൂസ് പാപ്പായുടെ മാദ്ധ്യസ്ഥത്താൽ ഒരു കാര്യം സാധിച്ചതിനു ഉപകാരസ്മരണ.

I. C.


## വടക്കാഞ്ചേരി പള്ളിയിൽ വിശുദ്ധ ശൗരിയാർ പുണ്യവാന്റെ തിരുനാൾ

അത്ഭുതപ്രവർത്തകനായ വി. ഫ്രാൻസിസ് ശൗരിയാർ പുണ്യവാളന്റെ തിരുനാൾ വടക്കാഞ്ചേരി പള്ളിയിൽ 1954 ഒക്ടോബർ 17, 18 (ഞായർ, തിങ്കൾ) എന്നീ തിയ്യതികളിൽ ആഘോഷപൂർവ്വം കൊണ്ടാടുന്നതാണ്. തിരുനാളിൽ സംബന്ധിക്കുന്നവർക്ക് പ്രത്യേക ദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്. തീർത്ഥകർക്ക പതിവുപോലെ ഭക്ഷണത്തിനുള്ള സൗകര്യം ചെയ്തിട്ടുണ്ടു്.

വികാരി

## ഇടവകവാർത്തകൾ

**കരിംകുന്നം:** സത്യാരാധന സഖ്യം, സെൻറ് വിൻസെൻറ് ഡി പോൾ കോൺഫറൻസു ഇവയുടെ ഏകോപിച്ചുള്ള വാർഷികം നവമ്പർ 14-ാംതിയതി റവ. ഫാദർ ഗ്രേഷ്യസ് ഒ. എഫ്. എം. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തുന്നതിനു നിശ്ചയിച്ചിരിക്കുന്നു. തദവസരത്തിൽ ബ്രദർ പീറ്റർ റെഡ്ഡി എം. എ. യുടെ പ്രസംഗവും ഉണ്ടായിരിക്കുന്നതാണു്.

**കൊളമ്പ്:** കേരള സിലോൺ കത്തോലിക്കാ അസോസിയേഷന്റെ ഒരു വിശേഷാൽ പൊതുയോഗം 19-9-54-ൽ സ്ലേവ് ഐലണ്ടിലെ ഹോളിറോസറി ചർച്ച് സ്കൂൾഹാളിൽവച്ചു സ്ഥിരം പ്രസിഡണ്ടു റവ: ഫാദർ ജോസഫ് പാറൻകുളങ്ങര അവർകളുടെ അദ്ധ്യക്ഷതയിലും സ്ഥലം പള്ളിവികാരി റവ. ഫാദർ എസ്സ്. ഫെർണാണ്ടപുള്ള, ഒ. എം. ഐ. യുടെ സാന്നിദ്ധ്യത്തിലും കൂടുകയുണ്ടായി. പ്രാർത്ഥന, ഉപക്രമം, സിക്രട്ടറിയുടെ റിപ്പോർട്ടുവായന, ഖജാൻജിയുടെ കണക്കുവായന, അഭിപ്രായം, ഉപസംഹാരം, കൃതജ്ഞത എന്നിവയ്ക്കുശേഷം രാത്രി ഒരു ടോക്കിസിനിമ പ്രദർശിപ്പിക്കയും ചെയ്തു.

## ഉപകാരസ്മരണ

വേളാങ്കണ്ണിമാതാവിന്റെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു നന്ദി.

I. C.

**കരിമണ്ണൂർ:** വി. ചെറുപുഷ്പത്തിന്റെ തിരുനാളോടനുബന്ധിച്ചു്, സ്ഥലത്തെ ചെറുപുഷ്പമിഷൻലീഗ് സൊഡാലിററി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ റവ. ഫാദർ എമ്മാനുവൽ പള്ളിക്കുന്നേൽ അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ ഒരസാധാരണയോഗം കൂടുകയുണ്ടായി. തദവസരം വി. എ. ജോൺ ബി. എ., എ. ജെ. തോമസ് എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ വിവിധകലാപ്രകടനങ്ങളുമുണ്ടായിരുന്നു.

**ചിറക്കൽ:** ഇവിടെ അങ്ങാടിയിൽ സെൻറ് വിൻസെൻറ് ഡി പോൾ സംഘത്തിന്റെ ആഭിമുഖ്യത്തിൽ, വെരി റവ. ഫാദർ ജോൺ ചിറയത്തു് ഒരു സൗജന്യവായനശാല ഉൽഘാടനം ചെയ്തിരിക്കുന്നു.

**കാഞ്ഞിരപ്പള്ളി:** ഫൊറോനാപ്പള്ളിക്കു സമീപം മരിയൻ ജൂബിലിസ്മാരകമായി പണിതീർത്തുവരുന്ന ലൂർദ്ദ്ഗ്രോട്ടോയുടെ വെഞ്ചരിപ്പുകർമ്മം ചങ്ങനാശേരി മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് നവംബർ ഒന്നാംതിയതി—പരിശുദ്ധ ദൈവമാതാവിനെ സ്വർഗ്ഗീയരാജ്ഞിയായി തിരുസ്സഭ പ്രഖ്യാപനം ചെയ്യുന്ന ദിവസം — നിർവ്വഹിക്കുന്നതാണു്. ലൂർദിലെ ഗ്രോട്ടോയുടെ മാതൃകയിൽ സ്ഥലത്തെ ലീജിയൻ സംഘടനയുടെ നേതൃത്വത്തിൽ ഇടവകയിലെ സ്ത്രീജനങ്ങളുടെ വകയായി പണിതീർത്തുവരുന്നതാണു് ഈ ഗ്രോട്ടോ.

**നെടുംകുന്നം:** വിൻസെൻറ് ഡി പോൾ സംഘടനയുടെ സ്ഥാപകനായ ഫ്രെഡറിക്കു് ഒസ്സാനാമിന്റെ നൂററി ഒന്നാമതു ചരമവാർഷികം സംബന്ധിച്ചു് ചങ്ങനാശ്ശേരി പർട്ടിക്കുലർ കൗൺസിലിന്റെ നേതൃത്വത്തിൽ നെടുംകുന്നം ഹൈസ്കൂളിൽവച്ചു് സെപ്റ്റംബർ 19-ാംതിയതി ഉച്ചകഴിഞ്ഞു് 3മണിക്കു് ചങ്ങനാശ്ശേരി ബിഷപ്പ് റൈററ് റവ. ഡോക്ടർ മാത്യു കാവുക്കാട്ടു് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ഒരു മഹായോഗം കൂടുകയുണ്ടായി. ജ്ഞാനവായന, സ്വാഗതപ്രസംഗം, സെക്രട്ടറിയുടെ റിപ്പോർട്ടുവായന ഇവയ്ക്കുശേഷം അദ്ധ്യക്ഷൻ തിരുമേനി വിൻസെൻറ് ഡി പോളിനെയും അദ്ദേഹത്തിന്റെ നാമത്തിലുള്ള സംഘടനയെയും ഒസ്സാനാമിനെയും പററി പ്രസംഗിച്ചു. മീററിംഗിൽ ഇടയ്ക്കിടയ്ക്കു സ്ഥലം കോൺവെൻറ് ഹൈസ്കൂൾ വിദ്യാർത്ഥിനികളുടെ സംഗീതവും ഡാൻസും ഉണ്ടായിരുന്നു

**കലയന്താനി:** ഇവിടത്തെ സൊഡാലിററിയിൽ പ്രശസ്തമായി പ്രവർത്തിച്ചിരുന്ന, ഏ. സി. ഏലിയാമ്മ, ററി. എസ്. മേരി എന്നിവർ ശ്രേഷ്ഠമായ സന്യാസാന്തസ്സിൽ പ്രവേശിക്കുന്നതു സംബന്ധിച്ചു് റവ. സിസ്റ്റർ ഇസബെല്ലായുടെ നേതൃത്വത്തിൽ, സൊഡാലിററി അംഗങ്ങൾ അവർക്കു 2-ാംതിയതി ശനിയാഴ്ച ഒരു യാത്രയയപ്പു നൽകിയിരിക്കുന്നു.

**നാട്ടകാണി:** വി. തോമ്മാശ്ലീഹായുടെ നാമത്തിലുള്ള നാട്ടകാണി പള്ളിക്കു് കോതമംഗലത്തു് പെരുമ്പിള്ളിച്ചിറ വക്കി ജോസഫ് ഒരായിരത്തിൽ ചില്ല്വാനം രൂപാ വിലയുള്ള ഒരു വെള്ളിക്കുരിശു് സെപ്റ്റംബർ 27-ാംനു- ഞായറാഴ്ച ദാനം ചെയ്തിരിക്കുന്നു.

**ഇഞ്ചത്താനം:** അമേരിക്കൻ കത്തോലിക്കരുടെ സംഭാവനയായി ലഭിച്ച ഇരുനൂററി ഇരുപത്തഞ്ചു റാത്തൽ പാൽപ്പൊടി പാൽരൂപത്തിൽ സ്ഥലത്തെ വിദ്യാർത്ഥികൾക്കും സാധുക്കൾക്കുമായി ജാതിമതഭേദമെന്യേ മിഷ്യൻലീഗിന്റെ ആഭിമുഖ്യത്തിൽ വിതരണം നടത്തിയിരിക്കുന്നു.

**കരിമ്പനക്കുളം:** സ്ഥലം ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന സത്യാരാധനസഖ്യത്തിന്റെ രണ്ടാമതു വാർഷികസമ്മേളനം സെപ്റ്റംബർ 19-ാം തിയതി സാഘോഷം നടത്തപ്പെട്ടു. സഖ്യം മദ്ധ്യസ്ഥനായ ഫ്രാൻസീസ് അസ്സീസിയുടെ തിരുനാളിനെതുടന്നു് ഭക്തിനിർഭരമായ റാലിയും റവ. ഫാദർ ഗ്രേഷ്യൻ O. F. M. Cap. അവർകളുടെ അദ്ധ്യക്ഷതയിൽ എസ്. എച്ച്. മിഡിൽസ്കൂളിൽവച്ചു് മീററിംഗും നടത്തി. പ്രാസംഗികന്മാർ ശ്രീ മാത്തച്ചൻ എം. കുരുവിനാക്കുന്നേലും, ബ്രദർ പീററർ റെഡ്ഡി എം. എ യും ആയിരുന്നു. ഇടയ്ക്കു് കുട്ടികളുടെ ഡാൻസും കുമാരി സെലിനാമ്മ തോമ്മസിന്റെ പാട്ടുകച്ചേരിയും ഉണ്ടായിരുന്നു. കുമാരി പി. ററി. ത്രേസ്യാമ്മ "മരിയ ഗൊരേററി"യെ ആസ്പദമാക്കി കഥാപ്രസംഗം നടത്തി. കോട്ടാങ്ങൽ സത്യാരാധനാസഖ്യാംഗങ്ങൾ സന്നിഹിതരായിരുന്നു.





തങ്കം, പവൻ, സ്വർണ്ണം മുതലായവ ബോമ്പെ നിലവാരമനുസരിച്ചു മിതമായ വിലയ്ക്കു ലഭിക്കുന്നതാണു്.

ഓർഡർപ്രകാരം ആഭരണങ്ങൾ കൃത്യസമയത്തു് പണിതീർത്തു കൊടുക്കുന്നതാകുന്നു.


## കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എന്റെ സുഖക്കേടു് അത്ഭുതകരമായി ഭേദമായതിനു നന്ദി.

K. Rose Cherian
Anthinad

**കോതമംഗലം:** കോതമംഗലം സെൻറ് ജോർജ്ജ്സ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ റവ. ഫാദർ ജോസഫ് വിതയത്തിൽ B. A. L. T. യുടെ ഗുരുപ്പട്ടരജതജൂബിലി സാഘോഷംകൊണ്ടാടിയിരിക്കുന്നു. അന്നു് മൂന്നരമണിക്കു് പ്രസ്തുത സ്കൂളിൽവച്ചു് നിർമ്മലകോളേജ് പ്രിൻസിപ്പൽ റവ. ഫാദർ തോമസ് നെടുങ്കല്ലേൽ എം. എ. യുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ ശ്രീ എ. ജെ. മാത്യു എം. എ., ശ്രീ ഏ. ജെ. ജോസഫ് എം. എ., വിദ്വാൻ വി. ഐ. സക്കറിയാ എന്നിവരും ഏതാനും വിദ്യാർത്ഥിപ്രതിനിധികളും അദ്ധ്യാകപതദവസരത്തിൽ പ്രസംഗിച്ചു. ഭ്യത്താക്കളുടെ വക പല പാരിതോഷികങ്ങളും ജൂബിലേറിയനു് ലഭിക്കുകയുണ്ടായി.

**മുട്ടം:** സെൻറ് വിൻസെൻറ ഡി പോൾ സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ പാൽപ്പൊടി പാലാക്കി ജാതിമതവ്യത്യാസംകൂടാതെ എല്ലാ സാധുക്കൾക്കും, ഉച്ചഭക്ഷണത്തിനു് ഉപകരിക്കത്തക്ക വിധം സ്ഥലം പ്രൈമറിസ്കൂൾ വിദ്യാർത്ഥികൾക്കും വിതരണം ചെയ്തിരിക്കുന്നു.

ഇവിടെ സെൻറ് വിൻസെൻറ് ഡി പോൾ സഖ്യം ആരംഭിച്ചിട്ടു് ആറുമാസത്തിൽ കൂടുതൽ ആയിട്ടില്ലെങ്കിലും ഒട്ടനവധി സാധുക്കൾക്കു സഹായങ്ങൾ ചെയ്യുന്നതിനു് ഇതിനകം സാധിച്ചിട്ടുണ്ടു്.

**കല്ലൂർ:** സ്ഥലം ചെറുപുഷ്പംപള്ളി ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിന്റെ 16-ാം വാർഷികയോഗം സെപ്റ്റംബർ 26-ാംതിയതി ഞായറാഴ്ച വൈകുന്നേരം 4 മണിക്കു് സ്ഥലം പള്ളിയങ്കണത്തിൽവച്ചു് റവ. ഫാദർ ഫ്രാൻസിസ് പയ്യപ്പിള്ളി ബി. എസ്. സി. ഓണേഴ്സ് അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ സമംഗളം കൊണ്ടാടിയിരിക്കുന്നു. ഈശ്വരപ്രാർത്ഥന, സ്വാഗതപ്രസംഗം, റിപ്പോർട്ടുവായന ഇവ കഴിഞ്ഞു അദ്ധ്യക്ഷൻ ഉപക്രമപ്രസംഗം നടത്തി. മിസ്സ് കെ. പി. റീത്ത ബി. എ. യും മി. ജോർജ്ജ് നെല്ലായിയും ഓരോ പ്രസംഗം ചെയ്തു. യോഗത്തിനിടയ്ക്കു് സൊഡാലിററി പെൺകുട്ടികളുടെ "ഷന്താൾ" എന്ന പ്രഹസനവും യോഗാനന്തരം സൊഡാലിററി ആൺകുട്ടികളുടെ "രക്തസാക്ഷി" എന്ന നാടകവും അഭിനയിക്കുകയുണ്ടായി.

—o—

## കർദ്ദിനാൾ തിരുമേനിയുടെ ബഹുമാനാർത്ഥം

ബോംബെ ആർച്ചുബിഷപ്പ് അത്യുന്നത കർദ്ദിനാൾ ഡോക്ടർ വലേറിയൻ ഗ്രാഷ്യസ് തിരുമേനിയുടെ ബഹുമാനാർത്ഥം മദ്ധ്യപ്രദേശ് ഗവർണ്ണർ ഡോക്ടർ പട്ടാഭി സീതാരാമയ്യ ഒക്ടോബർ 2-ാം തിയതി ഒരു അററ്ഹോം നൽകിയിരിക്കുന്നു.

## ബാങ്കളൂർ ആർച്ചുബിഷപ്പിനു് "പാലിയം" നൽകി

ബാങ്കളൂർ ആർച്ചുബിഷപ്പ് മോസ്റ്റ് റവ. ഡോക്ടർ തോമസ് പോതക്കാമുറി തിരുമനസ്സിലേക്കു സെൻറ് ഫ്രാൻസിസ് സേവ്യർ കത്തീദ്രലിൽവെച്ചു ഒക്ടോബർ 10-ാംനു- "പാലിയം" സ്ഥാനവസ്ത്രം നൽകിയിരിക്കുന്നു.

## ചരമവാർത്തകൾ

**പാലാ:** 61 കൊല്ലത്തെ മാതൃകാപരമായ വൈദികജീവിതത്തിനു ശേഷം ദിവ്യശ്രീ വെള്ളരിങ്ങാട്ടു് വലിയ യാക്കോബച്ചൻ സെപ്റ്റംബർ 28-ാം തിയതി തന്റെ 95-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. മൃതദേഹം പാലാ ളാലം പുത്തൻപള്ളി മൈതാനത്തു് പരേതന്റെ പൗരോഹിത്യ വജ്രജൂബിലിസ്മാരകമായി പണിതിട്ടുള്ള മനോഹരമായ ഗാഗുൽത്തായുടെ ചുവട്ടിൽ പ്രത്യേകം തയാർചെയ്ത കല്ലറയിൽ സ്വസഹോദരപുത്രൻ സെൻറ് ജോസഫ്സ് മിഷൻഹോം റെക്ടർ ഫാദർ ജെയ്ക്കബ് വെള്ളരിങ്ങാട്ടു് അവർകളുടെ കാർമ്മികത്വത്തിൽ സംസ്കരിക്കപ്പെട്ടു. പാലാ, ചങ്ങനാശ്ശേരി, വിജയപുരം, തിരുവനന്തപുരം ഈ രൂപതാദ്ധ്യക്ഷന്മാരും 80-ൽപരം വൈദികരും സംസ്കാരചടങ്ങുകളിൽ സംബന്ധിച്ചു. റൈററ് റവ. ഡോക്ടർ കാവുകാട്ടു് തിരുമനസ്സുകൊണ്ടു് പരേതന്റെ മാതൃകാപരമായ ജീവിതത്തെ അനുസ്മരിച്ചു ചരമപ്രസംഗം നടത്തി. രോഗബാധിതനായി കിടക്കയിൽ അഭിവന്ദ്യ മധുര, തിരുവല്ല മെത്രാപ്പോലീത്തമാരും, വിജയപുരം, ചങ്ങനാശ്ശേരി, കോഴിക്കോട്ടു് മെത്രാന്മാരും ബ. വല്യച്ചനെ സന്ദർശിച്ചു ആശീർവ്വദിക്കുകയും പാലാമെത്രാൻ തിരുമേനി അന്ത്യലേപനം നൽകുകയും ചെയ്തു. രോഗസ്ഥിതി അപകടനിലയിലായ വിവരമറിഞ്ഞു് അത്യുന്നത കർദ്ദിനാൾ വലേരിയൻ ഗ്രേഷ്യസു് തിരുമേനി പ്രത്യേകമായ ആശീർവ്വാദം അയച്ചുകൊടുക്കുകയുണ്ടായി

**മങ്കൊമ്പു:** തെക്കേക്കര സെഹിയോൻപള്ളി ഇടവക കൊട്ടാരത്തിൽ മറിയാമ്മ ഒക്ടോബർ 2-ാംതിയതി തന്റെ 70-ാം വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം സ്വസഹോദരൻ വെ. റവ. സക്കറിയാസ് പുന്നാപ്പാടം അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. സേലത്തുള്ള അദ്ധ്യാപനസന്യാസിനി സഭാദ്ധ്യക്ഷ റവ. സിസ്റ്റർ അൽഫോൻസാ പരേതയുടെ പുത്രിയാണു്.

**ചങ്ങനാശേരി:** എസ്സ്. ബി. കോളെജ് ലക്ചറർ റവ. ഫാദർ ജോസഫ് വലിയവീട്ടിൽ ബി. എ. അവർകളുടെ മാതാവു് ശ്രീമതി ഏലിയാമ്മ വാർദ്ധക്യസഹജമായ സുഖക്കേടുമൂലം തന്റെ 85-ാമത്തെ വയസ്സിൽ ഭാഗ്യമരണം പ്രാപിച്ചു. മൃതദേഹം റവ. ഫാദർ ജോസഫ് അവർകളുടെ പ്രധാന കാർമ്മികത്വത്തിലും അനേകം വൈദികരുടേയും, വൻപിച്ച ഒരു ജനാവലിയുടേയും സാന്നിദ്ധ്യത്തിലും പുണത്തുറ പള്ളിസിമത്തേരിക്കല്ലറയിൽ സംസ്കരിക്കപ്പെട്ടു.

R. I. P.


## രണ്ടാളും മിച്ചംവച്ചു സൂക്ഷിച്ചു

ചാക്കോച്ചേട്ടൻ തന്റെ വരുമാനത്തിൽനിന്നും ചെലവുകഴിച്ചു മാസംതോറും പത്തുക വീതം ഒരു പെട്ടിയിൽവച്ചു സൂക്ഷിച്ചു. 46 മാസം കഴിഞ്ഞപ്പോൾ 460 ക. ഉണ്ടായിരുന്നു. അക്കാലമത്രയും കള്ളന്മാരെ പേടിച്ചു് ശരിക്കുറങ്ങുവാനും സാധിച്ചില്ല.

ചാണ്ടിച്ചേട്ടനും 10 ക. മാസാംതോറും മിച്ചംവച്ചു. പക്ഷേ സൂക്ഷിച്ചതു് ഫെഡറൽ ബാങ്കിലാണു്. കള്ളന്മാരെ പേടിക്കണ്ട, ചിതലിനേയും ഭയപ്പെടേണ്ട. 46 മാസത്തിനു ശേഷം 500 ക. ബാങ്കിൽനിന്നു ലഭിക്കുകയും ചെയ്തു.

ആദായകരമായും സുരക്ഷിതമായും നിക്ഷേപിക്കുന്നതിനു്

"ഫെഡറൽ മിച്ചനിക്ഷേപപദ്ധതി"

നിങ്ങളെ സഹായിക്കും.

അഞ്ചുരൂപ്പികയിൽ കുറയാത്ത ഏതു സംഖ്യകൊണ്ടും പദ്ധതി ആരംഭിക്കാം.
വിശദവിവരങ്ങൾക്കു്:

### ദി ഫെഡറൽ ബാങ്ക് ക്ലിപ്തം

**H. O. ആലുവാ**

ബ്രാഞ്ചുകൾ: എറണാകുളം, അങ്കമാലി, പെരുമ്പാവൂർ, ചാലക്കുടി.

# മരിയവത്സരമഞ്ജരി

## സൂനം 36

ഈ ലോകത്തെ കണ്ണുനീരിന്റെ ഉറവ എന്നു വിളിക്കുന്നതു ഏറ്റവും അർത്ഥവത്താണ്. ലോകത്തിൽ മനുഷ്യർ ചൊരിഞ്ഞിട്ടുള്ള കണ്ണുനീർകണങ്ങളെ എല്ലാം സംഭരിച്ചിരുന്നാൽ അക്ഷരാർത്ഥത്തിൽ അതൊരു മഹാ സമുദ്രമായിരിക്കും. ശാരീരികപീഡകളെ ഒരു വിധത്തിൽ സഹിക്കാം; ആത്മാവിന്റെ വേദന അസഹ്യമാണ്; സഹതാപത്തിനുള്ള ഒരു കേന്ദ്രംകൂടിയില്ലെങ്കിൽ അതിന്റെ



കഥ അചിന്ത്യമത്രെ. എന്നാൽ ഈ ലോകത്തിൽ ദാരുണമായ ഈ അനുഭവം കൂടാതെ സാദ്ധ്യമല്ല. പക്ഷേ നമുക്കൊരു മുക്തിമാർഗ്ഗമുണ്ട്. രോഗാണുക്കൾ നിറഞ്ഞ ശരീരത്തിൽ ജീവാണുക്കൾ കുത്തിവയ്ക്കുന്നതുപോലെ ലോകത്തിന്റെ പീഡകളെ ജീവന്റെ ആനന്ദമായി മാറ്റുന്ന ഈ ദിവ്യ ഔഷധമാണ് നാമാരായേണ്ടതു്. വ്യാകുലന്മാരുടെ ആശ്വാസമായ മറിയം ഈ ദിവ്യൗഷധം നമുക്കു പ്രദാനം ചെയ്യുന്നു.

### വ്യാകുലതയുടെ ചരിത്രം

സങ്കടങ്ങൾ നമ്മിൽനിന്നു തന്നെയോ പുറമെനിന്നുള്ള കാരണങ്ങളിൽനിന്നോ സംഭവിക്കാം. നമ്മുടെ പാപജീവിതവും നമ്മെ അലട്ടുന്ന ബഹുവിധപ്രലോഭനങ്ങളും നമ്മെ പീഡിപ്പിക്കുന്നു. നമ്മുടെ നിരാശ്രയസ്ഥിതിയും ജീവിതപരാജയങ്ങളും നമ്മുടെ ഹൃദയത്തെ മഥിക്കുന്നു. ജീവിതാവശ്യങ്ങൾ നമ്മെ അലട്ടുന്നു. മററുള്ളവരിൽനിന്നു നാമനുഭവിക്കേണ്ടിവരുന്ന അനാദരം, അനീതി, അവജ്ഞ എന്നിവ നമ്മെ അരിശംകൊള്ളിക്കുന്നു. പക്ഷെ ഇവയൊന്നും നമ്മെ നിരാശരാക്കരുതു്. പാപഫലമായിട്ടോ ദുർബലതകൊണ്ടോ വന്നുഭവിക്കുന്ന യാതൊരു പീഡയ്ക്കും പാപരഹിതയായ മറിയം വിധേയയായിരുന്നില്ല. എങ്കിലും കണ്ണുനീരിന്റെ ഈ ഉറവയിൽ വ്യാകുലതകളാൽ നിറഞ്ഞവളായിട്ടാണ് ഈ പരിശുദ്ധ അമ്മയെ നാം കാണുന്നതു്. നസ്രത്തിലെ പ്രശാന്തമായ രംഗത്തുപോലും പ്രവചനങ്ങളുടെ വെളിച്ചത്തിൽ ഗാഗുൽത്തായിലെ ദയനീയരംഗങ്ങൾ ഈ അമ്മയുടെ സ്നേഹഹൃദയത്തെ പിളർന്നുകൊണ്ടാണിരുന്നതു്. ദൈവവിരുദ്ധമായ ലോകത്തിന്റെ കൃതഘ്നമായ ഓരോ പ്രവൃത്തിയും ദൈവസ്നേഹം നിറഞ്ഞ ഈ മാതൃഹൃദയത്തെ വേദനിപ്പിച്ചുകൊണ്ടിരുന്നു.

ലോകത്തിന്റെ പീഡകൾ സമാശ്വാസമായി മാററുന്ന ഒരു ദിവ്യൗഷധമുണ്ട്. വിശ്വാസത്തോടും പ്രത്യാശയോടും സ്നേഹത്തോടുംകൂടി "അനുഗ്രഹങ്ങളുടെ പിതാവും സമാശ്വാസങ്ങളുടെ ദൈവവു്മായ സ്വർഗ്ഗപിതാവിങ്കലേക്കു തിരിയുക. ആകുലതകൾ നമ്മെ മഥിക്കുന്നതിനു അവിടുന്നു അനുവദിക്കുന്നുവെങ്കിൽ അതു നമ്മുടെ നന്മയ്ക്കായിട്ടുമാത്രമാണെന്നു നാം ഉറച്ചുവിശ്വസിക്കണം. "ദൈവത്തെ സ്നേഹിക്കുന്നവർക്കു എല്ലാം നന്മയ്ക്കായി സഹകരിക്കുന്നു എന്നു ഇപ്പോൾ നാമറിയുന്നു" എന്നാണല്ലോ അപ്പസ്തോലൻ റോമാക്കാരെ ഉൽബോധിപ്പിക്കുന്നതു്. അവിടുന്നു നമ്മുടെ കഴിവിൽ കൂടുതലായി നമ്മെ പരീക്ഷിക്കുകയോ, പരീക്ഷകളിൽനിന്നു മുക്തിപ്രാപിക്കുന്നതിനുള്ള സുഗമമായ മാർഗ്ഗങ്ങൾ നൽകാതിരിക്കുകയോ ചെയ്യുന്നതല്ല. പ്രത്യാശാമനോഭാവം പീഡനങ്ങളുടെ ദൈന്യതയിൽനിന്നു ക്രിസ്തുവിന്റെ വിജയപതാക പാറിക്കളിക്കുന്ന നിത്യസൗഭാഗ്യത്തിന്റെ രാജ്യത്തിലേക്കു കണ്ണുയർത്തുന്നതിനു നമ്മെ സഹായിക്കുന്നു. ലോകത്തിന്റെ ക്ലേശങ്ങൾ ക്ഷണികങ്ങളാണ്. മരണത്തിന്റെ തിരശ്ശീല അതിനെ മായിച്ചുകളയും. ഇരുളടഞ്ഞ ഈ രംഗത്തിനപ്പുറത്തു നിത്യസൂര്യന്റെ ശോഭായമാനമായ പ്രകാശം പ്രസരിക്കുന്നതാണ്. കണ്ണുകാണാത്തതും ചെവികേൾക്കാത്തതും മനുഷ്യബുദ്ധിയിൽ ഒതുങ്ങാത്തതുമായ ആനന്ദനികേതനത്തിലേക്കാണ് നമ്മുടെ യാത്ര. ദൈവസ്നേഹം പീഡനചരിത്രത്തിൽ അത്ഭുതങ്ങളാണു പ്രവർത്തിക്കുന്നതു്. വിശുദ്ധ ഗ്രിഗരി പ്രസ്താവിക്കുന്നതുപോലെ പീഡകളിൽ വിശുദ്ധന്മാർ അവരുടെ ആത്മാവിന്റെ ഭക്ഷണം കണ്ടെത്തുകയാണ്. കുരിശുവഴിയാണ് ലോകം രക്ഷിക്കപ്പെട്ടതു്. തന്മൂലം സങ്കടങ്ങൾ വിശുദ്ധന്മാരെ പരിശീലിപ്പിക്കുന്ന കളരികളായി പരിണമിച്ചിരിക്കുന്നു. പ്രാർത്ഥനയും സുവിശേഷപ്രസംഗവുംകൊണ്ടുമാത്രമല്ല, പ്രത്യുത ക്രിസ്തുസ്നേഹികളുടെ സഹനംകൊണ്ടുകൂടിയാണ് രക്ഷയുടെ സുവിശേഷം ലോകത്തിൽ പ്രചരിക്കുന്നതു്. ഈ വസ്തുതകളെ ഗ്രഹിക്കാത്തതുകൊണ്ടു സഹനം ലോകത്തിൽ നിഷ്ഫലമായിപ്പോകുന്നു; പോരാ നാശത്തിനുള്ള വഷളാവകമായി പരിണമിക്കുകയും ചെയ്യുന്നു. അതുകൊണ്ടു സ്നേഹത്താൽ പ്രേരിതമായ സഹനമാണ് ലോകരക്ഷയ്ക്കാവശ്യമായിരിക്കുന്നതു്. ക്രിസ്തുവിന്റെ ഹൃദയദാഹത്തെ ശമിപ്പിക്കുന്നതിനുവേണ്ടി മനുഷ്യാത്മാവുകളെ നേടുന്ന ഫലദായകമായ പീഡാസഹനമായിരിക്കണം ജീവിതകുരിശുകളെ നേരിടുന്നതിൽ നമ്മുടെ പ്രമുഖമായ ലക്ഷ്യം.

രക്ഷാകരവും പ്രേഷിതപരവുമായ ഈ യാഥാർത്ഥ്യത്തെ ഗ്രഹിച്ചു ലോകത്തിൽ ജീവിച്ച വിശുദ്ധന്മാരുടെ നേതൃസ്ഥാനത്തു് വ്യാകുലന്മാരുടെ രാജ്ഞിയായ പരിശുദ്ധ കന്യകമറിയം നിലകൊള്ളുന്നു. ക്ലേശമനുഭവിക്കുന്നവർ മിശിഹായോടു, അവിടുത്തെ ദിവ്യമാതാവിനോടുംകൂടി പാപമോചനത്തിനായും ആത്മാക്കളുടെ രക്ഷയ്ക്കായും അവരുടെ പീഡകളെ വിശ്വാസത്തോടും പ്രത്യാശയോടും സ്നേഹത്തോടുംകൂടി സഹിക്കട്ടെ. ഇതിനുള്ള മാർഗ്ഗദർശിനിയാണ് വ്യാകുലന്മാരുടെ ആശ്വാസമായ മറിയം നമുക്കു പ്രദാനംചെയ്യുന്നതു്. ആകയാൽ കണ്ണുനീരിന്റെ ഉറവയിൽ ജീവിക്കുന്നവരായ നമുക്കു പ്രത്യാശയോടുകൂടി പരിശുദ്ധ അമ്മയെ വിളിച്ചപേക്ഷിക്കാം:-

**വ്യാകുലന്മാരുടെ ആശ്വാസമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!**

## സൂനം 37

ലോകത്തിലുള്ള തിരുസഭാവിഭാഗം സമരസഭ എന്നാണല്ലോ വിളിക്കപ്പെടുന്നതു്. സഭാസത്യങ്ങളെ വ്യഭിചരിച്ചും, സന്മാർഗ്ഗികനിയമങ്ങളെ അവഗണിച്ചും, സഭയ്ക്കെതിരായി സാത്താനും അവന്റെ കിങ്കരന്മാരും പീഡനങ്ങൾ അഴിച്ചുവിട്ടുമാണ് ഈ സമരം നടത്തിക്കൊണ്ടിരിക്കുന്നതു്. സഭയുടെ ആരംഭകാലം മുതൽ ഈ സമരം നടന്നുകൊണ്ടിരിക്കുകയാണ്. ലോകാവസാനത്തോളവും അതു തുടരുകയും ചെയ്യും. ഈ വിപൽസന്ധിയിൽ ക്രിസ്ത്യാനികൾക്കു സുരക്ഷിതത്വം പ്രത്യാശിക്കാവുന്ന ഒരു മാർഗ്ഗം അനുപേക്ഷണീയമാണ്. പരിശുദ്ധ കന്യകമറിയത്തിലാണ് ഈ സഹായം പ്രത്യക്ഷമായിരിക്കുന്നതു്.

### ത്രിവിധ ആക്രമണങ്ങൾ

തിരുസഭാതത്വങ്ങൾക്കെതിരായ പഠനത്തെയാണല്ലോ പാഷണ്ഡതയെന്നു പറയുന്നതു്. പാഷണ്ഡത തിരുസഭാചരിത്രത്തിന്റെ ആരംഭംമുതൽ നാം കാണുന്നുണ്ട്. ശ്ലീഹന്മാരുടെ കാലത്തുതന്നെ സാത്താന്റെ ഈ പ്രലോഭനം മുളയെടുത്തതായി നാമറിയുന്നു. സെറിന്തുസ് എന്ന ഒരു പാഷണ്ഡിയോടു വിശുദ്ധ യോഹന്നാൻ പ്രസ്താവിച്ചതു്, "നീ സാത്താന്റെ മൂത്തപുത്രനാണെന്നു് എനിക്കു നന്നായറിയാ"മെന്നായിരുന്നു. തുടർന്നു സത്യവിശ്വാസത്തിന്റെ ഓരോ തത്വങ്ങളും നിഷേധിക്കുന്നതിനു ശത്രുക്കൾ ഓരോ കാലങ്ങളിൽ ശ്രമിച്ചിട്ടുണ്ട്. ത്രിത്വത്തിന്റെ രഹസ്യം, ക്രിസ്തുവിന്റെ ദൈവത്വം, മറിയത്തിന്റെ ദൈവമാതൃത്വം. ദൈവപ്രസാദവരം, വിശുദ്ധ കുർബാന, തിരുസഭയുടെ അപ്രമാദിത്വം ഇങ്ങനെ ഓരോ സത്യവും തീവ്രമായ പൈശാചിക എതിർപ്പിനു വിഷയമായി. എങ്കിലും പഴയകാലങ്ങളിൽ ഒരു പ്രത്യേകത കാണുന്നുണ്ടു്. പാഷണ്ഡികൾ ദൈവവിശ്വാസവും, സദാചാരത്തെ സംബന്ധിച്ച സനാതനതത്വങ്ങളും അംഗീകരിച്ചിരുന്നു. പൈശാചികപ്രവർത്തനങ്ങൾ അത്യധികം രൂക്ഷമായിരിക്കുന്ന ഇക്കാലത്താകട്ടെ. ഈ സത്യങ്ങളെപ്പോലും വെല്ലുവിളിക്കുന്നതിനും പാടെ നിഷേധിക്കുന്നതിനും ശത്രുക്കൾ തയാറായിരിക്കുന്നു. വസ്തുനിഷ്ഠമായ സനാതനസത്യങ്ങളോ ഒരു പരമസത്യമോ അവർക്കു സ്വീകാര്യമല്ല. അവയെല്ലാം താൽക്കാലികമായ കാര്യസാദ്ധ്യത്തിനുവേണ്ടി സാമൂഹികമായി ചെയ്യപ്പെടുന്ന ഒരു വ്യവസ്ഥ, അത്രമാത്രം. മനുഷ്യൻതന്നെ അവനെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളിലും സ്വീകാര്യമായ നിയമമുണ്ടാക്കുക. അത്യാവശ്യമില്ലെന്നു തോന്നുമ്പോൾ വേണ്ടെന്നു നിശ്ചയിക്കുക. അതുകൊണ്ടു് ദൈവം വേണ്ട, ആത്മാവില്ല. അനന്തരജീവിതമെന്നൊന്നില്ല. ദൈവത്തിന്റെ പിതൃത്വം എന്നും മനുഷ്യന്റെ സർവ്വസാഹോദര്യമെന്നും മററും പറയുന്നതു നിരർത്ഥകം. ഇതിലുപരിയായ ഒരു പാഷണ്ഡത ചിന്തിക്കുന്നതിനുപോലും സാദ്ധ്യമല്ല. സനാതനസത്യങ്ങളെ പാലിക്കണമെങ്കിൽ ഈ അഭിനവപാഷണ്ഡതയോടു ഒരുഗ്രസമരം ഒഴിച്ചുകൂട്ടുവാൻ വഹിയാ.

തിരുസഭയുടെ കറയററ സന്മാർഗ്ഗികനിയമങ്ങൾ പാപപങ്കിലമായ ജനതയ്ക്കു എല്ലാക്കാലത്തും ഒരു കീറാമുട്ടിപ്രശ്നമാണ്. അധാർമ്മികജീവിതത്തിലേക്കുള്ള അധഃപ്പതിച്ച മനുഷ്യന്റെ പ്രവണതകൾ തിരുസഭയ്ക്കു എന്നും ഒരു ശല്യകാരണമാണ്. നിരവധി ഇടത്തൂടുകളും ശിശ്മകളും തന്മൂലം ഉണ്ടായിട്ടുണ്ടു്. ഈ അധഃപ്പതനത്തെ തടയുന്നതിനാണ് ഓരോ കാലങ്ങളിൽ കഠിനമായ പ്രായശ്ചിത്തനിയമങ്ങൾ തിരുസഭ ക്രോഡീകരിച്ചതു്. 16-ാംനൂററാണ്ടിലെ മതവിപ്ലവത്തിന്റെയും മൂലകാരണം അന്നത്തെ ജനവിഭാഗങ്ങളുടെ അധാർമ്മികമായ പ്രവണതകളായിരുന്നു. 17-ാം നൂററാണ്ടിലെ തിരുഹൃദയവെളിപാടുകളും, ഈ ഇരുപതാംനൂററാണ്ടിലെ ഫാത്തിമാസന്ദേശവും മററും ഈ അനിയന്ത്രിതമായ പ്രവണതയെ എതിരിടുന്നതിനുള്ളവയാണ്. മൂന്നാമതായി മതപീഡനങ്ങൾ എല്ലാക്കാലത്തും തിരുസഭയിൽ ഓരോവിധത്തിൽ നടന്നുപോന്നിട്ടുണ്ടു്. ആധുനികകാലത്തെ പീഡനരീതി എന്നത്തേതിലും ക്രൂരതരവും മൃഗീയവുമാണെന്നു മാത്രം. ഇന്നു അറിയപ്പെടാതെതന്നെ, വിശ്വാസത്തെപ്രതി പീഡസഹിക്കുന്നവരും ജീവൻ ഹോമിക്കുന്നവരും എത്രമാത്രമുണ്ടെന്നു ഭാവിചരിത്രം വല്ലതും രേഖപ്പെടുത്തിയേക്കാം.

ഈ സാഹചര്യങ്ങളിൽ തിരുസഭയ്ക്കുള്ള ആലംബം ക്രിസ്ത്യാനികളുടെ സഹായമായ മറിയം മാത്രമാണ്. 1571-ൽ ലെപ്പാന്റോയിലും, 1683-ൽ വിയന്നായിലും വല്ലെന്നപോലെ മറിയത്തിന്റെ പ്രത്യക്ഷമായ ഒരു വിജയം ഇന്നും ആവശ്യമായിരിക്കുകയാണ്. ലോകം മുഴുവനിലും ഇരമ്പിപ്പാഞ്ഞുകയറി മനുഷ്യരാശിയിൽനിന്നു ദൈവവിശ്വാസത്തെയും സന്മാർഗ്ഗബോധത്തെയും പിഴുതുകളയുന്നതിനും മൃഗീയമായ പീഡനങ്ങളെ അഴിച്ചുവിട്ടു് വിശ്വാസികളെ നാമാവശേഷമാക്കുന്നതിനും അത്യുഗ്രമായ സമരം നടത്തുന്ന കമ്മ്യൂണിസത്തിന്റെ നശീകരപ്രവാഹത്തെ തടയുന്നതിനും ക്രിസ്ത്യാനികളുടെ സംരക്ഷണത്തിനു ഓടിയണയുന്നതിനും സ്വർഗ്ഗീയ മദ്ധ്യസ്ഥയായ മറിയത്തെ ആശ്രയിച്ചു നമുക്കു പ്രാർത്ഥിക്കാം:-

**ക്രിസ്ത്യാനികളുടെ സഹായമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!**


നിത്യമായ സന്തോഷത്തിന്

പണമാണ് മനുഷ്യനെ സന്തോഷവാനും ദുഃഖിതനുമാക്കുന്നതു്. ജീവിതത്തിലെ ഓരോ പ്രധാന സന്ദർഭത്തിലും പണം അപരിത്യാജ്യമായ ഒരു വസ്തുവാണ്. എല്ലാ മാസത്തിലും നിങ്ങളുടെ വരുമാനത്തിൽ ഒരു ക്ലിപ്തമായ അംശം ബാങ്കിൽ നിക്ഷേപിക്കുക. അങ്ങനെ ആ തുക വർദ്ധിച്ച് ചുരുങ്ങിയ ഒരു കാലയളവിനുള്ളിൽ അതു നിങ്ങൾക്ക് ധൈര്യവും പ്രചോദനവും തരുവാൻ തക്കവണ്ണം മതിയായ ഒരു സംഖ്യയായി രൂപാന്തരപ്പെടും. നിങ്ങളുടെ നിക്ഷേപങ്ങൾക്ക്.

ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇൻഡ്യാ ക്ലിപ്തം.
ഹെഡ് ആഫീസ്. ചങ്ങനാശ്ശേരി

ബ്രാഞ്ചുകൾ
ആലപ്പുഴ — അതിരമ്പുഴ — കോഴിക്കോട്
ചങ്ങനാശ്ശേരി — എടത്വാ - കോട്ടയം
മണിമല — തിരുവനന്തപുരം
കാഞ്ഞിരപ്പള്ളി


## കൃതജ്ഞത

വി. കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥതാലും സിസ്റ്റർ അൽഫോൻസായുടെ പ്രാർത്ഥനാസഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

മിസ്സസ് എം. പി. വറീസ്റ്റ്
ഞാറയ്ക്കൽ



FOR FAVOURS RECEIVED
By A BELIEVER

(11-ാംപേജ് തുടർച്ച)

മരണാസന്നനെ ഉപദേശിച്ചു. വിദ്വേഷം ഉള്ളിൽവച്ചുകൊണ്ടു്, ഒരന്തിരപ്പോലും കഴിക്കാനിടയാകരുതെന്നു് വേദപുസ്തകത്തിൽ പ്രഖ്യാപിച്ചിരിക്കെ, സഹോദരനോടുള്ള ദ്വേഷം മരണക്കിടക്കയിലുംവച്ചു പുലർത്തുന്നതു് നീതീകരണാർഹമല്ലെന്നു് അദ്ദേഹം സമർത്ഥിച്ചു. പൂജാർപ്പണത്തിനുമുമ്പായി, ആരോടെങ്കിലും വിദ്വേഷമുണ്ടെങ്കിൽ, പൂജാദ്രവ്യങ്ങൾ അവിടെ വച്ചിട്ടു്, ആദ്യം ചെന്നു് സഹോദരനോടു രമ്യപ്പെട്ടശേഷംമാത്രം വന്നു പൂജ അർപ്പിക്കണമെന്നുള്ള സുവിശേഷവാക്യം ആ വൈദികവരേണ്യൻ അയാൾക്കു വിശദീകരിച്ചുകൊടുത്തു സഹോദരവിദ്വേഷം ഉള്ളിലൊതുക്കികൊണ്ടു് മരിക്കാനിടയായാൽ, വന്നുചേരുന്ന ആത്മീയ നിർഭാഗ്യാവസ്ഥയെക്കുറിച്ചു് ആ പുരോഹിതൻ, ഹൃദയസ്പൃക്കമായ രീതിയിൽ വിവരിച്ചു

വൈദികൻെറ ഉപദേശം ആ പാപസങ്കീർത്തനാർത്ഥിയിൽ പശ്ചാത്താപത്തിൻെറ നേരിയ അലകൾ സൃഷ്ടിച്ചു. സഹോദരൻെറ തെററു ക്ഷമിക്കുവാനുള്ള വിശാലഹൃദയത്വം കുഞ്ഞപ്പുച്ചേട്ടനു കൈവന്നപോലെ തോന്നി.

വികാരിയച്ചൻ ഉതുപ്പാനു് ആൾപറഞ്ഞയച്ചു. ഉതുപ്പാൻ വന്നു. അവർ രണ്ടുപേരു തനിച്ചു് കുറേനേരം സംസാരിച്ചു വികാരിയച്ചൻെറ ഉദ്ബോധനം ഉതുപ്പാൻെറ ഹൃദയത്തിലും ചലനങ്ങൾ വിരചിച്ചു.

ഉതുപ്പാൻ കുഞ്ഞപ്പുച്ചേട്ടൻെറ കട്ടിലിനരികെ ചെന്നു മുട്ടുകുത്തി.

---

വിശുദ്ധ കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥത്താലും സിസ്റ്റർ അൽഫോൻസായുടെ സഹായത്താലും എൻെറ മകളുടെ ഭയങ്കരസുഖക്കേടു ഭേദമായതിനു നന്ദി. താമസിച്ചതിനു ക്ഷമാപണം.

കെ. അലോഷ്യസ്, സിങ്കപ്പൂർ

---

വി. യൗസേപ്പു പിതാവിൻെറയും വി കൊച്ചുത്രേസ്യായുടേയും മാദ്ധ്യസ്ഥത്താലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും എൻെറ ഭർത്താവിൻെറ സുഖക്കേടു മാറിയതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

M. J. T., Pavartty

---

കുഞ്ഞപ്പുച്ചേട്ടൻ, അയാളുടെ വിറകൊള്ളിപോലത്തെ കരങ്ങൾകൊണ്ടു് അനുജനെ തഴുകി

"അനിയാ, ഉതുപ്പാനെ, ഇനിക്കു നിന്നോടൊരു പിണക്കവും ഇല്ല, കേട്ടോ. നിങ്ങളെല്ലാവരും ഐകമത്യമായിട്ടു ജീവിക്കണം ...... ഇനിക്കുവേണ്ടി പ്രാർത്ഥിക്കണം... നിന്നെ ദൈവം അനുഗ്രഹിക്കട്ടെ"

"ചേട്ടാ...... ഞാൻ എൻെറ അറിവില്ലായ്മകൊണ്ടു പറഞ്ഞുപോയതെല്ലാം ചേട്ടൻ എന്നോടു ക്ഷമിക്കണം ചേട്ടൻെറ കാലുപിടിച്ചു് ഞാൻ മാപ്പു പറയുന്നു" ഉതുപ്പാൻ കൂപ്പുകൈയോടെ മുട്ടിന്മേൽനിന്നു.

കുഞ്ഞപ്പുച്ചേട്ടൻ അനുജനെ കെട്ടിപ്പുണർന്നു. ഉതുപ്പാൻ ആ വിളറിയ ചുണ്ടത്തു് സാഹോദര്യത്തിൻെറ മധുരചുംബനമർപ്പിച്ചു

പൂമണം തുളുമ്പുന്ന ഇളംതെന്നൽ, ഒരു സ്വർഗ്ഗീയാതിഥിയെപ്പോലെ ആ മുറിയിലേക്കു വന്നണഞ്ഞു.

കൺകവരുന്ന ആ രംഗം, ചുററും നിന്നവർ നിർന്നിമേഷരായി നോക്കിക്കൊണ്ടു നിന്നു

ആ രംഗത്തിനു സാക്ഷിയെന്നോണം, ആ പുരോഹിതൻെറ കണ്ണിൽനിന്നും ഒരു കണ്ണീർകണം അവിടെ അടർന്നുവീണു.

# കമ്മ്യൂണിസ്റ്റ് ഹംഗറിയിലെ പീഡിതനും പീഡകരും

കമ്മ്യൂണിസ്റ്റു പീഡനത്തിനു വിധേയരായ ലോകപ്രസിദ്ധവ്യക്തികളിൽ അദ്വിതീയനായ ഒരാളാണല്ലൊ ഹംഗറിയിലെ പ്രൈമേററു് കർദ്ദിനാൾ മിൻസെന്തി തിരുമനസ്സുകൊണ്ടു് അദ്ദേഹം സഹിച്ചിട്ടുള്ള പല പീഡനങ്ങളും ഉരുക്കുമർട്ടൻ ഭേദിച്ചു ലോകദൃഷ്ടിയിൽ പെട്ടുകഴിഞ്ഞിട്ടുണ്ടു് അദ്ദേഹത്തെ സംബന്ധിച്ച വസ്തുതകൾ പലതും കമ്മ്യൂണിസ്റ്റുകൾ ഒതുക്കിവയ്ക്കുന്നതിനു പരമാവധി പരിശ്രമിച്ചു വരുന്നു. ഏതായാലും മുഖ്യമായ നിരവധി പീഡ



ഇരുമ്പഴിക്കുള്ളിൽ വസിക്കുന്ന കർദ്ദിനാൾ മിൻസെന്തി തിരുമനസ്സുകൊണ്ടു്

നങ്ങളെ അതിജീവിച്ച അദ്ദേഹം ഇപ്പോഴും കമ്മ്യൂണിസ്റ്റുകാരുടെ അജ്ഞാതതുറുങ്കുകളിൽ അന്ധതിരശ്ശീലായി കഴിഞ്ഞുകൂടുകയാണു്. ഹങ്കേറിയൻ നാഷനൽ അസംബ്ലിയിലെ സ്പീക്കർ സാൻഡോർ റൊണേയിക്കു വിയന്നായിൽവച്ചു നൽകപ്പെട്ട ഹംഗേറിയൻ ലെഗേഷൻെറ ഒരു സല്കാരത്തിൽ വച്ചു്, കർദ്ദിനാൾ മിൻസെന്തിയുടെ മോചനം സംബന്ധിച്ചു ഒരു പ്രഖ്യാപനം താമസിയാതെ പ്രതീക്ഷിക്കപ്പെടാമെന്നു അദ്ദേഹം പ്രസ്താവിച്ചതായി ഇപ്പോൾ വെളിവാക്കപ്പെട്ടിരിക്കുന്നു. ഡെലഗേററുകൾ വിയന്നായിൽവച്ചു സമ്മേളിച്ച ഇൻറർപാർലമെൻററി യൂണിയൻെറ 43 മത്തു കോൺഗ്രസ്സിൽ സംബന്ധിക്കുകയായിരുന്നു കർദ്ദിനാളിനെ മോചിക്കുന്നതിനുള്ള തീരുമാനം അംഗീകരിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു എന്നും അതിൻെറ വ്യവസ്ഥകൾ മാത്രമേ ഇനിയും തീരുമാനിക്കപ്പെടേണ്ടതുള്ളു എന്നുമാണു് ഡെലഗേററുകളിൽനിന്നും വെളിവായിട്ടുള്ളതു്. പീഡിതനായ കർദ്ദിനാളിനെ മോചിക്കുന്നതിനു പര്യാലോചനകൾ നടക്കുന്ന ഈ അവസരത്തിൽ അദ്ദേഹത്തിൻെറ പീഡനത്തിൽ മുൻകൈയെടുത്തു പ്രവർത്തിച്ചിരുന്ന പീഡകർക്കു എന്തു സംഭവിച്ചു എന്നറിയുന്നതു രസാവഹമാണു്.

കർദ്ദിനാൾ മിൻസെന്തി തിരുമനസ്സിലെ പീഡകരുടെ നേതാവായിരുന്നു ഹംഗേറിയൻ രഹസ്യപ്പോലീസു മേധാവിയായിരുന്ന ഗാബോർ പീററർ. പീഡകപ്രധാനികളിൽ അദ്ദേഹം മാത്രമാണു് കൂടുതൽകാലം സ്വാതന്ത്ര്യത്തിൽ ജീവിച്ചിരുന്നതു്. എന്നാൽ 1953-ൽ അദ്ദേഹവും അപ്രത്യക്ഷനായി. ഒരു രഹസ്യവിചാരണയിൽ അദ്ദേഹം ജീവപര്യന്തം തടവിനു വിധിക്കപ്പെട്ടു എന്നും അജ്ഞാതമായ ഒരു ജയിലിൽ അടയ്ക്കപ്പെട്ടിരിക്കുന്നു എന്നുമാണു് ഇപ്പോൾ അറിവായിരിക്കുന്നതു്. കർദ്ദിനാളിനെ എസ്റ്റർഗോമിലുള്ള അദ്ദേഹത്തിൻെറ വസതിയിൽനിന്നും അറസ്റ്റു ചെയ്യുന്നതിനുള്ള ആജ്ഞ പോലീസിനു നൽകിയതു് ഗാബോർ പീറററായിരുന്നു. അതേതുടർന്നാണു് തിരുമേനിക്കെതിരായി കുപ്രചരണങ്ങൾ നടത്തുകയും അദ്ദേഹത്തിൻെറമേൽ മയക്കുമരുന്നുകൾ പ്രയോഗിക്കുകയും "ബുദ്ധിശോധന" നടത്തുകയും അഞ്ചുകൊല്ലംമുമ്പു വിസ്താരഭാസങ്ങൾ നിർവ്വഹിക്കുകയുംചെയ്തു ജീവപര്യന്തം തടവിനു വിധിച്ചതു്. തിരുമേനിയെ വിധിച്ച ജഡ്ജി, പ്രോസിക്യൂട്ടർ, ജയിലർ മുതലായി പ്രധാനപീഡകരായിരുന്ന 16 കമ്മ്യൂണിസ്റ്റു മേധാവികളും ഇതിനകം വധിക്കപ്പെടുകയോ ജയിലിലടയ്ക്കപ്പെടുകയോചെയ്തുകഴിഞ്ഞു. കമ്മ്യൂണിസ്റ്റു മേധാവിത്വത്തിൻെറയും അധികാരത്തിൻെറയും ഒരു സാമ്പിൾ മാത്രമാണിതു്.

"കർദ്ദിനാൾ മിൻസെന്തിയും അനുചരന്മാരും നശിപ്പിക്കപ്പെടണ"മെന്നു തീരുമാനിക്കുകയും അതിനുവേണ്ട കുപ്രചരണങ്ങൾ നടത്തികളമൊരുക്കുകയുംചെയ്ത ഹംഗേറിയൻ റിപ്പബ്ലിക്കു പ്രസിഡൻറായിരുന്ന കമ്മ്യൂണിസ്റ്റു് പാവയായ അർപാഡ് സക്കാസിററ്സ്. പ്രസ്തുത സംഭവം കഴിഞ്ഞു ഒരു കൊല്ലത്തിനകം അദ്ദേഹം ഉദ്യോഗം രാജിവയ്ക്കുന്നതിനു നിർബന്ധിതനായി. അതിൽപ്പിന്നെ അദ്ദേഹത്തെയും ഭാര്യയേയും കുട്ടികളേയും ബുഡാപെസ്റ്റിൽ കണ്ടിട്ടില്ല. ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ അടുത്ത സംബന്ധികളും അപ്രത്യക്ഷരായി. അവർ എവിടെയായിരിക്കാം?

മിൻസെന്തിക്കെതിരായി നടത്തപ്പെട്ട പോലീസ് നടപടികളുടെയെല്ലാം ചരടുപിടിച്ചിരുന്നതു് നിഷ്കണ്ടകനും കമ്മ്യൂണിസത്തിനുവേണ്ടി ആത്മാവും ഹൃദയവും പണയംവച്ചു ജീവിച്ചിരുന്നയാളുമായ അന്നത്തെ ആഭ്യന്തരകാര്യ സിക്രട്ടറി ലാസ്ലോ രാജക്കു് ആയിരുന്നു രണ്ടുകൊല്ലം കഴിഞ്ഞില്ല, രാജ്യദ്രോഹിയായി അയാൾ അറസ്റ്റു ചെയ്യപ്പെട്ടു പ്രക്ഷുബ്ധമായ ഒരു കമ്മ്യൂണിസ്റ്റു വിചാരണയിൽ അദ്ദേഹം മാർഷൽ ടിറ്റോയുമായി ഗൂഢാലോചന നടത്തിയെന്നും വിദേശമുതലാളികളുമായി സഖ്യംചെയ്തു കോഴവാങ്ങിയെന്നും ഗവമെൻറിനെതിരായി അട്ടിമറിപ്പൻ പ്രവർത്തനങ്ങളിലേർപ്പെട്ടുവെന്നും ഏററുപറയുകയും തൂക്കിക്കൊല്ലപ്പെടുകയും ചെയ്തു

കർദ്ദിനാളിനെ കോടതിയിൽ ചോദ്യംചെയ്യുകയും ജഡ്ജിമാരെ ഉപദേശിക്കുകയും ചെയ്തുകൊണ്ടിരുന്നതു നീതിന്യായവകുപ്പു സിക്രട്ടറി ഇസ്റ്റ്‌വാൻ റീയെസായിരുന്നു. രാജക്കിൻെറ വധത്തിനു ശേഷം അയാൾ അറസ്റ്റുചെയ്യപ്പെടുകയും രണ്ടുമാസത്തെ വിസ്താരത്തിനുശേഷം പരസ്യവിചാരണയ്ക്കുമുമ്പായി ഒരു ജയിൽകാവൽക്കാരനാൽ ഞെക്കികൊല്ലപ്പെടുകയും ചെയ്തു

കർദ്ദിനാളിനെതിരായ കുപ്രചരണത്തിൽ സൂത്രധാരത്വം വഹിച്ചവരാണു്, കമ്മ്യൂണിസ്റ്റു പാർട്ടി സിക്രട്ടറി ജാനോസ് കാഡാറും സാൻഡോർ സോൾഡും. രാജക്കിൻെറ വധത്തിനുശേഷം കാഡാർ ആഭ്യന്തരകാര്യ സിക്രട്ടറിയായി ഉയർത്തപ്പെട്ടു അധികം താമസിച്ചില്ല അയാൾ "അപ്രത്യക്ഷപ്പെട്ടു" ഈ സംഭവമറിഞ്ഞ ഉടനെ സോൾഡു് അയാളുടെ ഭാവി എന്തായിരിക്കുമെന്നു മനസ്സിലാക്കുകയും അയാളുടെ കുടുംബാംഗങ്ങളെയെല്ലാം വധിച്ചതിനുശേഷം ആത്മഹത്യ ചെയ്യുകയുംചെയ്തു.

"തലച്ചോറു ശുദ്ധീകരണ"വിദഗ്ദ്ധനായിരുന്നു ഗ്യുളാ ദേഷി. കർദ്ദിനാളിൻെറ സ്ഥിരബുദ്ധിയെ മന്ദീഭവിപ്പിക്കുന്നതിനു അയാളാണു് സാഹസികയത്നങ്ങൾ ചെയ്തതു്. പാരിതോഷികമായെന്നവണ്ണം കർദ്ദിനാളിൻെറ തിരുമോതിരം അയാൾ സ്വന്തമാക്കുകയും കൂട്ടുകാരുടെ അടുത്തു അതു ധരിച്ചു ഞെളിഞ്ഞുനടക്കുകയും ചെയ്തിരുന്നു. 1950 ൽ അയാളും അപ്രത്യക്ഷനായി. 1953-ൽ 9 കൊല്ലത്തെ തടവുശിക്ഷയ്ക്കുള്ള ഒരു വിധിയും സമ്പാദിച്ചു.

വിദേശപണമിടപാടുകളുടെ ചാർജ്ജു വഹിച്ചിരുന്നതു അന്ത്രാസ്സ് വില്ലാനിയായിരുന്നു. കർദ്ദിനാൾ വിദേശങ്ങളുമായി "കരിഞ്ചന്ത"പണമിടപാടുനടത്തി എന്നുള്ള കൃത്രിമാരോപണം വകഞ്ഞുണ്ടാക്കി തെളിയിച്ചതു അയാളുടെ കപടതന്ത്രമായിരുന്നു 4 കൊല്ലം കഴിഞ്ഞു അയാളും അറസ്റ്റു് ചെയ്യപ്പെട്ടു വിസ്താരത്തിൽ കുററംസമ്മതിച്ചു അയാളെ കഴുവിൽ തൂക്കികൊന്നു.

ഹംഗറിയിലെ "നമ്പ്ര് വൺ" കമ്മ്യൂണിസ്റ്റു് മത്തിയാസ് റക്കോഷിയുടെ വിശ്വസ്തസിക്രട്ടറിയായിരുന്നു ഡൗഷ്. കർദ്ദിനാളിനെതിരായി കള്ളയെഴുത്തുകളും നിരവധി കമ്പികളും വിദഗ്ദ്ധമായി സൃഷ്ടിച്ചതു അയാളുടെ കൈവേലയായിരുന്നു. തിരുമേനിക്കെതിരായി പൊതുജനാഭിപ്രായത്തെ പാകപ്പെടുത്തുന്നതിനു അതായിരുന്നു ഏററവുമധികം സഹായിച്ചതു് ഗൂഢാലോചനയും രാജ്യദ്രോഹവും ആരോപിച്ചു അയാളും അറസ്റ്റു ചെയ്യപ്പെട്ടു. വധശിക്ഷയിൽനിന്നു എങ്ങനെയോ രക്ഷപെട്ടു

പരസ്യവിചാരണയിൽ ചോദിക്കുന്നതിനുള്ള വക്രമായ ചോദ്യങ്ങൾ ഉണ്ടാക്കിയ ആളായിരുന്നു കേണൽ ജോസഫ് ടീമാർ. അയാൾ ലിക്വിഡേററു ചെയ്യപ്പെട്ടു

കർദ്ദിനാളിൻെറ അറസ്റ്റിലും വിചാരണയിലും പ്രമുഖമായ പങ്കെടുത്ത പോലീസുമേജർ ജാനോസ് തിഹാനിയും, ആഭ്യന്തരകാര്യ ഡെപ്യൂട്ടി സിക്രട്ടറി എൻഡ്റെ സെബെനിയും രണ്ടുകൊല്ലംമുമ്പു അപ്രത്യക്ഷരായി.

തിരുമേനിയെ അറസ്റ്റു ചെയ്തു വിലങ്ങുവച്ച പോലീസ് കേണലായിരുന്നു ഗ്യൂളാ ഓസ്റ്റോ ഹംഗറിയിലെ ജീവിതം സുരക്ഷിതമല്ലെന്നുകണ്ടു് മിൻസെന്തികേസിലെ പല രഹസ്യരേഖകളുമെടുത്തു അതിർത്തികടന്നു രക്ഷപെടാൻ ശ്രമിക്കവേ അയാൾ വെടിയേററു മരിച്ചു.

കമ്മ്യൂണിസ്റ്റു ഭരണത്തിൽ ചെരിപ്പുകുത്തിയുടെ ഉദ്യോഗത്തിൽ നിന്നുയർന്നു പാററാവുഗാർഡുകളുടെ മേധാവിയായിത്തീർന്നയാളാണു് ഇംറെ സിപ്സർ. കർദ്ദിനാളിൻെറ കാരാഗൃഹവാസത്തിലും വിചാരണാവസരങ്ങളിലും അയാൾ പ്രധാനഭാഗങ്ങൾ അഭിനയിച്ചിട്ടുണ്ടു്. ഒരു "ശുചീകരണ"ത്തിൽ 8 കൊല്ലത്തെ തടവുശിക്ഷകിട്ടി അയാൾ തിരോഭവിച്ചു.

---

## For favours received



Varkey Thaliath
Puthenpally

---

കർദ്ദിനാളിനെ സംബന്ധിച്ച പല രേഖകളുംകൊണ്ടു ഹംഗറിയിൽനിന്നും കടന്ന ഏകവ്യക്തി ലാസ്ലോ സർനർ ആയിരുന്നു. അയാളും ഭാര്യയുംകൂടിയാണു് വിസ്താരസമയത്തു ഹാജരാക്കാനുള്ള കള്ളരേഖകളെല്ലാം എഴുതിയുണ്ടാക്കിയതെന്നു അവർ സമ്മതിച്ചു. ന്യൂയാർക്കിലെ ഹെറാൾഡ് ട്രിബ്യൂൺ പത്രത്തിൽ മിൻസെന്തി കേസ്സുസംബന്ധിച്ച കള്ളത്തരങ്ങളെല്ലാം അയാൾ പ്രസിദ്ധപ്പെടുത്തി. കുറെ മാസങ്ങൾക്കുമുമ്പു പാരീസിൽ ഒരു ദിവസം അയാൾ മരിച്ചുകിടക്കുന്നതായിട്ടാണു് കാണപ്പെട്ടതു്. വിഷംകൊടുത്തു കൊന്നതാണെന്നു കരുതപ്പെടുന്നു.

പീഡകർക്കുവേണ്ടി പ്രാർത്ഥിച്ചു് ഇരുമ്പഴികൾക്കുള്ളിൽ കഴിഞ്ഞുകൂടുന്ന കർദ്ദിനാൾ തിരുമേനി സ്വാതന്ത്ര്യം പ്രാപിച്ചുകാണുവാൻ നമുക്കു പ്രാർത്ഥിക്കാം.


## തൃശ്ശിവപേരൂർ ലൂർദ്ദ പള്ളി പുതിയ കുറികൾ

ബ. ഗവമ്മേണ്ടിൽനിന്നും സിദ്ധിച്ച 9394/54 R. D. നമ്പ്ര് കല്പനപ്രകാരം തുടങ്ങുന്ന

| മാസക്കുറി | കൊല്ലക്കുറി |
| --- | --- |
| നറക്കു് 1ക്കു് 100 ക. | നറക്കു് 1ക്കു് 1000 ക. |
| 111 നറക്കു് 11100ക സല. | 32 നറക്കു് 32000ക. സല. |
| ആദ്യനറക്കെടുപ്പ് 1954 ഡിസം. 9-ാംനു- / 1130 വൃശ്ചികം 24-ാംനു- | ആദ്യനറക്കെടുപ്പ് 1954 ഡിസം. 30-ാംനു- / 1130 ധനു 5-ാംനു- |
| കുറിയിൽ കുറഞ്ഞതു് 1/32 നറക്കു് (3ക. 2ണ.യുടെ വീതം)വരെ ചേരാവുന്നതാണു് | കുറിയിൽ കുറഞ്ഞതു് 1/16 നറക്കു് (62ക. 8ണ.യുടെ വീതം) വരെ ചേരാവുന്നതാണു് |

കൂടുതൽ വിവരങ്ങൾക്കു് കുറിയാഫീസിൽ ആവശ്യപ്പെടുക:—

Trichur,
25—9—1954.

VICAR & TRUSTEES
The Lourdes Church Kuri Office

വിമർശനവീഥി

# ചൈനയിലെ യഥാർത്ഥസ്ഥിതി

## മി. ആററ്ലിയും കൂട്ടരും അറിഞ്ഞില്ലെന്നോ?

**ബ്രിട്ടീഷ് തൊഴിലാളിനേതാക്കന്മാർ ചൈനാ സന്ദർശിച്ചിട്ടും അവിടത്തെ മതമർദ്ദനം അറിയാഞ്ഞതു് ആശ്ചര്യകരം!—മതമർദ്ദനത്തെപ്പററി അന്വേഷിക്കാമെന്നു് ഉറപ്പുപറഞ്ഞവർപോലും മടങ്ങിവന്നപ്പോൾ അക്കാര്യത്തിൽ മൗനം അവലംബിച്ചു!—മതമർദ്ദനം ചൈനയിൽ ഇല്ലെന്നു് മി. ആററ്ലി ആസ്ത്രേലിയായിൽവച്ചു ചെയ്ത പ്രസ്താവത്തെ അവിടത്തെ മാനിക്സ് മെത്രാപ്പോലീത്താ മർദ്ദനത്തിൻെറ കണക്കുകളുദ്ധരിച്ചു വെല്ലുവിളിച്ചു.**

ബ്രിട്ടീഷ് തൊഴിലാളിപാർട്ടിയുടെ പ്രതിനിധിസംഘം കമ്മ്യൂണിസ്റ്റ് ചൈനായുടെ ഔദ്യോഗികക്ഷണമനുസരിച്ചു് തൊഴിലാളിഗവർമെൻറിലെ പ്രധാനമന്ത്രിയായിരുന്ന മി. ആററ്ലിയുടെ നേതൃത്വത്തിൽ ആ രാജ്യം ഈയിടെ സന്ദർശിച്ചു് മടങ്ങിയല്ലോ. കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങൾ ക്ഷണമനുസരിച്ചുതന്നേയും സന്ദർശിക്കുന്നവർക്കു് അവരെ കൂട്ടിക്കൊണ്ടുനടക്കുന്ന ഗവർമ്മെൻറുദൂതന്മാർ കാണിക്കുകയും, കേൾപ്പിക്കുകയും, അറിയിക്കുകയും ചെയ്യുന്നതുമാത്രമേ കാണാനും, കേൾക്കാനും, അറിയാനും സാധിക്കുകയുള്ളുവെന്നു് ഇതുവരെ ആ രാജ്യങ്ങൾ സന്ദർശിച്ചു മടങ്ങിയവരുടെ പ്രസ്താവങ്ങൾ പ്രസ്പഷ്ടം തെളിയിച്ചിട്ടുണ്ടു്. ഈ അനുഭവംതന്നെ ബ്രിട്ടീഷ് ലേബർപാർട്ടിയുടെ പ്രതിനിധിസംഘത്തിനും ഉണ്ടായിയെന്നു കാണുന്നതിൽ ആശ്ചര്യത്തിനു വകയില്ല.

### ലണ്ടൻ പത്രത്തിലെ റിപ്പോർട്ടു്

ലണ്ടനിലെ "യൂണിവേഴ്സ്" പത്രത്തിൻെറ സ്റ്റാഫ് റിപ്പോർട്ടർ ഈ വിഷയത്തെപ്പററി അതിൽ ഇങ്ങനെ എഴുതുന്നു:-

ലേബർപാർട്ടി സിക്രട്ടറി മി. മോർഗൻ ഫിലിപ്പ്സ് പ്രതിനിധിസംഘത്തിലെ മററംഗങ്ങളോടുമിച്ചു് ചൈനാസന്ദർശനം കഴിഞ്ഞു് ലണ്ടൻ വിമാനത്താവളത്തിൽ വന്നെത്തിയപ്പോൾ യാതൊരു ചോദ്യങ്ങൾക്കും മറുപടി പറയാൻ വിസമ്മതിച്ചു. പിറേറദിവസം അദ്ദേഹത്തിൽനിന്നു് ഒരു പ്രസ്താവനകിട്ടുവാൻ ഞാൻ ശ്രമിച്ചപ്പോഴും അദ്ദേഹം ആ മൗനം പാലിക്കുകയാണുണ്ടായതു്. അവർ വന്നദിവസം നേരത്തെ കൂട്ടി ഞാൻ ട്രാൻസ്പോർട്ടു ആഫീസിലെ ഒരുദ്യോഗസ്ഥനെ ചെന്നുകണ്ടു് മി. ഫിലിപ്സിനോടു് കുറെ ചോദ്യങ്ങൾ ചോദിക്കാൻ ഏർപ്പാടുചെയ്തിരുന്നു. പിറേറദിവസം ട്രാൻസ്പോർട്ടു് ആഫീസിൽ ഞാൻ ചെന്നു് വിവരം അറിയുന്നതിനു് ഒരു സമയവും നിശ്ചയിച്ചിരുന്നു. എന്നാൽ ഞാൻ ആ സമയത്തു ചെന്നപ്പോൾ ഉദ്യോഗസ്ഥൻ ആഫീസിലുണ്ടായിരുന്നില്ല. മി. മോർഗൻ ഫിലിപ്പ്സ് എവിടെയാണെന്നു് അറിവുമില്ലായിരുന്നു. അന്നു വൈകുന്നേരയപ്പോൾ ഞാൻ അറിഞ്ഞു, എൻെറ ചോദ്യങ്ങൾ മി. ഫിലിപ്സിൻെറ ശ്രദ്ധയിൽ കൊണ്ടുവരപ്പെട്ടെന്നു്. അദ്ദേഹം അതിനു നൽകിയ മറുപടി ഇങ്ങനെയാണെന്നു എനിക്കു അറിവുതന്നു.

"ആ ചോദ്യങ്ങൾക്കു മി. ആററ്ലി മടങ്ങിവരുമ്പോൾ മറുപടി പറയുന്നതായിരിക്കും അധികം നല്ലതു്. കാരണം, എനിക്കു് അതേപ്പററി വിവരമായ അറിവൊന്നുമില്ല." എന്നാൽ മി. ഫിലിപ്പ്സ് "സ്പോഡ് ഓഫ് ദി സ്ട്രീററു്" എന്ന സാംസ്കാരിക സംഘടനയ്ക്കു ഉറപ്പുനൽകിയിട്ടുണ്ടായിരുന്നു, ചൈനീസ് കമ്മ്യൂണിസ്റ്റു്ഭരണത്തിൻ കീഴിൽ മതമർദ്ദനം നടക്കുന്നുണ്ടെന്നുള്ള കത്തോലിക്കരുടെ ആരോപണങ്ങളെപ്പററി തങ്ങളുടെ പര്യടനത്തിൽ അന്വേഷിച്ചുകൊള്ളാമെന്നു്.

### സ്റ്റാഫ റിപ്പോർട്ടർ ചോദിച്ച ചോദ്യങ്ങൾ

1) സ്പോഡ് ഓഫ് ദി സ്ട്രീററു് സംഘടനയോടു് നിങ്ങൾ ഉറപ്പുപറഞ്ഞതനുസരിച്ചു് ചൈനയിൽ അന്വേഷണം നടത്തുന്നതിനിടയ്ക്കു്, അവിടത്തെ ഉത്തരവാദിത്വമുള്ള കത്തോലിക്കരുമായി നിങ്ങൾ വാസ്തവത്തിൽ കണ്ടുമുട്ടുകയോ സംസാരിക്കുകയോ ചെയ്തോ?

2) ചൈനായിൽനിന്നുള്ള റിപ്പോർട്ടുകളിൽ പറയുന്നു, പ്രതിനിധിസംഘത്തിലെ അംഗങ്ങൾ രണ്ടു കത്തോലിക്കാ വൈദികരുമായി കണ്ടുമുട്ടിയെന്നു്—ഫാദർ ലിയോ വാൻ-ടാ, ഫാദർ മാ വിങ് ചൺ എന്നിവരെ. ഇവരെ രണ്ടുപേരെ മാത്രമേ നിങ്ങൾ കണ്ടുമുട്ടിയുള്ളോ?

3) അങ്ങനെയാണെങ്കിൽ അവരിലൊരാൾ മഹാറോൻ ചൊല്ലപ്പെട്ടതാണെന്നും, മറേറയാൾ തൻെറ വൈദികാധികാരികളുടെ അപ്രീതിക്കു് പാത്രവാനാണെന്നും നിങ്ങൾ അറിഞ്ഞോ?

4) ചൈനയിൽ കത്തോലിക്കാസഭ മർദ്ദിക്കപ്പെടുന്നുണ്ടെന്നുള്ള ആരോപണങ്ങളെ ഖണ്ഡിക്കുന്ന വ്യക്തമായ തെളിവു് നിങ്ങൾക്കു ലഭിച്ചുവോ?

5) അവിടെ കത്തോലിക്കർക്കു് അവരുടെ മതം അനുഷ്ഠിക്കുവാൻ പരിപൂർണ്ണസ്വാതന്ത്ര്യമുണ്ടെന്നുള്ളതിനു് നിങ്ങൾക്കു തെളിവു ലഭിച്ചോ?

6) ചൈനീസ് കത്തോലിക്കർക്കു് അവരുടെ മക്കളെ കത്തോലിക്കരായി വിദ്യാഭ്യാസം ചെയ്യിക്കുവാൻ സ്വാതന്ത്ര്യമുണ്ടെന്നു നിങ്ങൾക്കറിവു ലഭിച്ചോ?

ചൈനയിലെ മതമർദ്ദനത്തെപ്പററിയുള്ള ആരോപണങ്ങളിൽ യാഥാർത്ഥ്യമുണ്ടോയെന്നു് ശരിയായ അന്വേഷണം നടത്തിയിട്ടുള്ളവരോടു് ന്യായമായി ചോദിക്കാവുന്നതും, ചോദിക്കേണ്ടതുമാണല്ലോ പ്രസ്തുത ചോദ്യങ്ങൾ. എന്നിട്ടും അവയ്ക്കു മറുപടിപറയുവാൻ സന്നദ്ധരാകാതെ ഒഴിഞ്ഞുമാറി മൗനം അവലംബിക്കുവാൻ പ്രതിനിധിസംഘത്തിലെ പ്രമാണികൾ ശ്രമിച്ചുകാണുന്നതിൻെറ അർത്ഥമെന്തായിരിക്കാം? ഒന്നെങ്കിൽ അവർ ശരിയായ അന്വേഷണം നടത്തിയിട്ടില്ല, അല്ലെങ്കിൽ അന്വേഷണഫലം ആരോപണങ്ങൾക്കു് അനുകൂലമാകയാൽ അതു പുറത്തുപറയാൻ അവർക്കു ധൈര്യമില്ല.

### ആററ്ലിയുടെ പ്രസ്താവത്തെ മെത്രാപ്പോലീത്താ വെല്ലുവിളിക്കുന്നു

പ്രതിനിധിസംഘം ആസ്ത്രേലിയായിൽ എത്തിയപ്പോൾ ഒരു പാർലമെൻററി വിരുന്നിനിടയിൽ ചൈനയിലെ മതപരമായ സ്ഥിതിഗതികളെപ്പററി മി. ആററ്ലി ചെയ്ത പ്രസ്താവത്തെ അവിടത്തെ മാനിക്സ് മെത്രാപ്പോലീത്താ അതിശക്തിയായി വിമർശിച്ചു. ചൈനീസ് ഭരണകർത്താക്കൾ ക്രിസ്ത്യാനികളെ അവരുടെ മതം അനുഷ്ഠിക്കാൻ നിർബാധം അനുവദിക്കുന്നുണ്ടെന്നും, പാശ്ചാത്യരുടെ മതം നിർമ്മാർജ്ജനം ചെയ്യുവാനോ ക്രിസ്ത്യൻ മിഷനറിമാരുടെ വേല ഇല്ലായ്മ ചെയ്യുവാനോ ആഗ്രഹിക്കുന്നതിൻെറ യാതൊരു യഥാർത്ഥ തെളിവും ചൈനയിൽ താൻ കണ്ടില്ലെന്നുമാണു് മി. ആററ്ലി പ്രസ്താവിച്ചതു്. ഇതിനെതിരായി മാനിക്സ് മെത്രാപ്പോലീത്താ ഏററവും വിശ്വാസയോഗ്യമെന്നു രേഖാമൂലം തെളിയിക്കപ്പെട്ടിട്ടുള്ള താഴെ കാണുന്ന മതമർദ്ദനകണക്കു് ഉദ്ധരിച്ചു:-

ചൈനാക്കാരനായ ഒരു മെത്രാനുൾപ്പെടെ 5 മെത്രാന്മാർ കാരാഗൃഹത്തിൽ കിടന്നു മൃതിയടഞ്ഞു. 8 മെത്രാന്മാർ ഇപ്പോഴും ജയിലിലാണു്. 70 മെത്രാന്മാർ ചൈനയിൽനിന്നു ബഹിഷ്കരിക്കപ്പെട്ടു. 400-ൽ അധികം ചൈനീസ് വൈദികരും സന്യാസികളും തടവിൽ കിടക്കുന്നു.

ഇതിനും പുറമെ ചൈനീസ് വിദേശമിഷനറി സൊസൈററി എന്ന അകത്തോലിക്കാ സംഘടനയുടെ പ്രസിഡൻറായ മി. ലിലാൻ വാങ്ങിൻെറ സാക്ഷ്യം ഉദ്ധരിച്ചുകൊണ്ടു് പ്രസ്താവിച്ചു, ചൈനായിൽ ക്രിസ്ത്യാനികൾ നായാടപ്പെടുകയും മർദ്ദിക്കപ്പെടുകയും ചെയ്യുന്നുണ്ടെന്നും ഒരു പ്രോവിൻസിൽതന്നെ 206 പള്ളികളിൽ 200-ം പൂട്ടപ്പെട്ടുവെന്നും.

### ആതിഥേയർ കാണിച്ചതേ ആററ്ലി കണ്ടുള്ളു

മി. ആററ്ലിക്കു് ഇത്ര വളരെ തെററായ വിവരങ്ങൾ ഗ്രഹിക്കുവാൻ ഇടയായതെങ്ങനെയെന്നു മെത്രാപ്പോലീത്താ ചോദിച്ചു. "അതിനുത്തരം എളുപ്പമാണു്" എന്നു തിരുമേനി മറുപടിയും പറഞ്ഞു. "മി. ആററ്ലി കുറെ ദിവസങ്ങൾ മാത്രമേ ചൈനയിലായിരുന്നുള്ളൂ. അദ്ദേഹം കാണണമെന്നു് ആതിഥേയർ ആഗ്രഹിച്ചതു മാത്രമേ അദ്ദേഹം കണ്ടുള്ളൂ. ചൈനയിൽ അനേകം വർഷങ്ങൾ ജോലിചെയ്ത ക്രിസ്തീയമിഷനറിമാരുമായി ഞാൻ സംസാരിച്ചിട്ടുണ്ടു്. ക്രിസ്തീയവിശ്വാസം അനുസരിക്കുകയാണെന്നുള്ള ഏകകാരണത്താൽ കാരാഗൃഹത്തിൽ അടയ്ക്കപ്പെടുകയും ഒടുവിൽ നാടുകടത്തപ്പെടുകയും ചെയ്തവരാണു് ആ മിഷനറിമാർ." തൻെറ വിമർശനപ്രസംഗം മെത്രാപ്പോലീത്താ ഇങ്ങനെ ഉപസംഹരിച്ചു: "മി. ആററ്ലി മനഃപൂർവ്വം കള്ളം പറയുകയില്ലാത്ത ഒരു ദയാലുവായ മനുഷ്യനാണു്. എങ്കിലും അദ്ദേഹത്തിനു ചൈനീസ്ഭാഷ സംസാരിക്കുവാൻ വശമില്ല. അവർ (ചൈനീസ് കമ്മ്യൂണിസ്റ്റുകൾ) തന്നോടു പറഞ്ഞതു് അദ്ദേഹം വിശ്വസിക്കേണ്ടതായി വന്നു."

കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങൾ സാക്ഷാൽ ഇരുമ്പുമറയുടെ ഉള്ളിലാണു കിടക്കുന്നതു്. അതിൽ പ്രവേശിക്കുന്നവർക്കു് സ്വതന്ത്രമായ സഞ്ചാരം അനുവദിക്കപ്പെടുന്നില്ല. ഗവർമെൻറുദൂതന്മാർ കൂട്ടിക്കൊണ്ടുനടന്നു കാണിക്കുന്നതു മാത്രം കാണുന്നതുകൊണ്ടും, ധരിപ്പിക്കുന്നതുമാത്രം അറിയുന്നതുകൊണ്ടും യഥാർത്ഥമായ സ്ഥിതിഗതികൾ അവർക്കു് അജ്ഞാതങ്ങളാണു്. ഏററവും ഉന്നതന്മാരും സത്യസന്ധന്മാരുമായ സന്ദർശകർക്കുപോലും കമ്മ്യൂണിസ്റ്റുരാഷ്ട്രങ്ങളെപ്പററി അബദ്ധധാരണകളുണ്ടാകുന്നതിൽ ആശ്ചര്യമില്ല തന്നെ!

തൈക്കാട്ടു് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ചു്:— ആലുവാ റെയിൽവേസ്റ്റേഷനു സമീപം
എല്ലാ വ്യാഴാഴ്ചയും ഒരു മണി മുതൽ അഞ്ചു മണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണു്.

ചെറുകഥ

# ക്ഷമാപണം

(വറഗീസ് കാഞ്ഞിരത്തുങ്കൽ)

(തുടർച്ച)

ഉതുപ്പാൻെറ മൂത്തമകനായിരുന്നു ഇതിൻെറയൊക്കെ കരിനുലുകാരൻ. കുഞ്ഞേപ്പുചേട്ടൻെറ ഒരു പശു "ചന"നിറഞ്ഞു നില്ക്കയായിരുന്നു. ഒരുദിവസം, കെട്ടിയിരുന്ന കയറുപൊട്ടിച്ചു്, അതു് എങ്ങനെയോ ഉതുപ്പാൻെറ വേലിക്കകത്തുകേറി, അഞ്ചാറുമൂട് പയറുതിന്നു.

"ദേ, വീട്ടിക്കാരുടെ പശുകേറിനിന്നു്, നമ്മടെ പയറുതിന്നുന്നേ," ഉതുപ്പാൻെറ ഇളയമകൻ വിളിച്ചുപറഞ്ഞു. ഇതു കേട്ടപാതി, കേൾക്കാത്തപാതി മൂത്തമകൻ ഒരു പാരയുമായി ഓടിയെത്തി. അവൻ വന്നപാടേ, പശുവിൻെറ പിൻഭാഗത്തായി ആഞ്ഞുപിടിച്ചു് അഞ്ചാറടി! ഒരടി പശുവിൻെറ പിൻകാലിൽ വിലങ്ങനെ കൊണ്ടു. കാലിനു് ഒടിവുതട്ടി. പശു വീണുപോയി!

"അയ്യോ! അതു മിണ്ടാപ്രാണിയല്ലേ! അതിനെയങ്ങനെ തല്ലിച്ചതയ്ക്കാതെ," ഈ ദണ്ഡനങ്ങളെല്ലാം കണ്ടുകൊണ്ടുനിന്ന ലക്ഷ്മിപ്പണിക്കത്തി പറഞ്ഞു.

ചെറുക്കനു് "അയ്യടാ" എന്നായി. അവൻ പശുവിനെ ഒരുകണക്കിൽ ഉന്തിത്തള്ളി പുറത്താക്കി. അതു് ഏന്തിയും വലിഞ്ഞും തൊഴുത്തിങ്കലോളം വന്നു. അപ്പോഴേക്കും തടി വീണുപോയി.

സംഭവിച്ചതെല്ലാം അതുപടി കുഞ്ഞേപ്പുചേട്ടൻെറ ചെവിയിൽ കിട്ടി. അന്വേഷിച്ചതിൽ ഉതുപ്പാൻ സ്ഥലത്തില്ലെന്നു മനസ്സിലായി. അനുജൻ വന്നിട്ടു്, കാര്യം ചോദിച്ചറിയാമെന്നുവച്ചു്, അയാൾ അടങ്ങി.

സന്ധ്യകഴിഞ്ഞു. ഉതുപ്പാൻ വന്നു. കുഞ്ഞേപ്പുചേട്ടനും അങ്ങോട്ടു ചെന്നു. നടന്ന സംഗതിയെക്കുറിച്ചു് കുഞ്ഞേപ്പുചേട്ടൻ ചിലതു സൂചിപ്പിച്ചു. ആദ്യമൊക്കെ അമ്മയും മകനും "ഒത്തം കുത്തം" സമ്മതിച്ചില്ല. പിന്നീടു്, "ഒപ്പം അടയാളവും" പറഞ്ഞപ്പോൾ സമ്മതിക്കാതെ ഗത്യന്തരമില്ലാതായി.

ഇത്രയുമൊക്കെയായിട്ടും, ഉതുപ്പാനും മകൻെറ പ്രവൃത്തിയെ ന്യായീകരിക്കുവാനാണു ഭാവം. കുഞ്ഞേപ്പുചേട്ടനു്, സങ്കടവും നൈരാശ്യവും തോന്നി. ആ വേദനാഭരിതൻ എന്തൊക്കെയോ പറഞ്ഞുപോയി.

ഉതുപ്പാൻെറ ഭാര്യ അടുക്കളയിൽക്കിടന്നു ചീറി. ഉതുപ്പാൻെറ ദുരഭിമാനം ഫണമുയർത്തി.

"കാലൊടിച്ചെങ്കിൽ നല്ല കണക്കായിപ്പോയി. എൻെറ വേലിക്കകത്തുകേറി വെളവുമുടിച്ചിട്ടാ. കൊണ്ടുകേസുകൊടു്."

അനുജൻ ഇതു പറഞ്ഞതിൽപിന്നെ, ഒരു നിമിഷാർദ്ധംപോലും കുഞ്ഞേപ്പുചേട്ടൻ ആ തിണ്ണയിൽ ഇരുന്നില്ല.

തെററു മുഴുവൻ ഉതുപ്പാൻെറ പക്കലാണെന്നു് സംഭവം കേട്ടവർ കേട്ടവർ പറഞ്ഞു. പക്ഷേ ഉതുപ്പാൻ അവിടെയെങ്ങും തലകുനിക്കാൻ ഭാവമില്ലായിരുന്നു. ആ ജ്യേഷ്ഠാനുജന്മാരെ തമ്മിൽ രമ്യപ്പെടുത്തുവാൻ ചില രഞ്ജനശ്രമങ്ങളും നടക്കാതിരുന്നില്ല. ഉതുപ്പാൻ വഴിപ്പെടാഞ്ഞതുകൊണ്ടു്, എല്ലാം വൃഥാവിലായെന്നുമാത്രം.

കുഞ്ഞേപ്പുചേട്ടനു സുഖക്കേടു കൂടുതലായതുമുതൽ, ഉതുപ്പാൻ അവിടെ ചെല്ലാത്തതിനെപ്പററി എല്ലാവരും ചോദ്യംതുടങ്ങി, എല്ലാ കേന്ദ്രങ്ങളും അയാളെ കുററപ്പെടുത്തി.

"എത്ര വന്നാലും കൂടപ്പിറപ്പല്ലേ!"

"കൂടപ്പിറപ്പ് ഈ ലോകത്തിലല്ലാണ്ടൊരുണ്ടോ!"

"കൂടപ്പിറപ്പുകളെ കൂലിക്കു കിട്ടുന്നതാണോ!"

"അവനെന്തൊരു കഠുപ്പപ്പെട്ട മനുഷ്യനാണ്!"

"അവൻ ചത്താ ചീയുവോ!"

ഇത്തരം അപവാദവും ആക്ഷേപണവും കേട്ടുകേട്ടു് സഹികെട്ടപ്പോഴാണു്, ഉതുപ്പാൻ അത്രടമൊന്നു ചെന്നുകളയാമെന്നു വച്ചതു്. കണ്ടാൽ, ചേട്ടൻ മിണ്ടാതിരിക്കയില്ലെന്നാണു് ഉതുപ്പാൻ കരുതിയിരുന്നതു്. വിളിച്ചിട്ടു ചേട്ടൻ വിളികേൾക്കാഞ്ഞതിൽ അയാൾക്കു കുണ്ഠിതമുണ്ടായിരുന്നു.

അന്ത്യകൂദാശകൾ കൊടുക്കാൻ വികാരിയച്ചൻതന്നെയാണു വന്നതു്.

"കുമ്പസാരത്തിനുള്ള ആസ്ഥപ്പാടു കൂട്ടിയോ?" വികാരിയച്ചൻ ചോദിച്ചു.

"ഉവ്വ്" കുഞ്ഞേപ്പുചേട്ടൻ പറഞ്ഞു.

"അതിനുമുമ്പു്, പറഞ്ഞുതീർക്കാനുള്ളതെല്ലാം തീർത്തോ? കുടുവല്ലതും മനസ്സിൽ വച്ചിട്ടുണ്ടോ?"

കുഞ്ഞേപ്പുചേട്ടൻ മറുപടിയൊന്നും പറഞ്ഞില്ല. അച്ചൻ ചോദ്യം തുടർന്നു. ചോദിച്ചുചോദിച്ചു്, ഒടുവിൽ ഉതുപ്പാൻ അന്നു് അവിടെ വന്നിരുന്നതുവരെയുള്ള സംഭവങ്ങളെല്ലാം വെളിപ്പെട്ടു.

വൈദികൻ തിരുസ്സഭാമാതാവിൻെറ അധികാരത്തോടും മിശിഹായുടെ പ്രാതിനിധ്യത്തോടുംകൂടി സഹോദരസ്നേഹത്തിൻെറ മാഹാത്മ്യത്തെക്കുറിച്ചു് ആ

(ശേഷം 10-ാംപേജിൽ)

Reg. M. No 2293

# Sathya Deepam

Vol. 28 Ernakulam, October, 13, 1954 No. 9

# —വിവിധവൃത്താന്തങ്ങൾ—

## മാപ്പാപ്പായ്ക്കു

### ജ്ഞാനപുഷ്പമഞ്ജരി

റോമയിൽവച്ചു സാർവ്വലൗകിക മരിയസഖ്യങ്ങളുടെ കോൺഗ്രസ്സ് ഉൽഘാടനംചെയ്ത അവസരത്തിൽ, പരിശുദ്ധ മാർപ്പാപ്പ മരിയസഖ്യാംഗമായതിൻെറ 60-ാം വാർഷികത്തെ അനുസ്മരിച്ചു മരിയസഖ്യങ്ങളുടെ അംഗങ്ങൾ തിരുമേനിക്ക് മരിയവത്സരത്തിലെ അവിടുത്തെ ത്രിവിധോദ്ദേശ്യങ്ങളുടെ സാഫല്യത്തിനുവേണ്ടി 40,00,000 അംഗങ്ങളുടെ പ്രാർത്ഥനകളടങ്ങിയ ഒരു ജ്ഞാനപുഷ്പമഞ്ജരി സമർപ്പിക്കുകയുണ്ടായി.

## സെൻറ് പീറേഴ്സ് ക്രിപ്ററിൽ

### ഐറിഷ് കപ്പേള

റോമിൽ സെൻറ് പീറേഴ്സ് ക്രിപ്ററിൽ വിശുദ്ധ കൊളുമ്പാനൂസിൻെറ നാമധേയത്തിൽ പണിതീർത്തിരിക്കുന്ന കപ്പേളയിൽ ഐർലണ്ടിൻെറ പ്രൈമേററായ ഡബ്ളീനിലെ ആർച്ചുബിഷപ്പ് മാക്ക് കെയ്ഡ് തിരുമേനി പ്രഥമ ദിവ്യബലി അർപ്പിച്ചിരിക്കുന്നു. ഈ കപ്പേള സ്ഥിതിചെയ്യുന്ന സ്ഥലത്തിനു വിശുദ്ധ പത്രോസിൻെറ കുഴിമാടത്തിൽ നിന്നു 50 അടി മാത്രമേ അകലമുള്ളു. ഐറിഷ് ജനതയുടെ വിശ്വാസദാർഢ്യത്തേയും, ലോകമാകെ ക്രിസ്തീയസംസ്കാരം പ്രചരിപ്പിക്കുന്നതിൽ അവരനുഷ്ഠിച്ചിട്ടുള്ള സേവനത്തേയും ആദരിച്ചാണ് ഈ പ്രത്യേകാനുമതി പരിശുദ്ധ പിതാവു അവർക്കു നൽകിയതു്. കപ്പേളപണിയുടെ ചിലവു വഹിച്ചതു് വിശുദ്ധ കൊളുമ്പാനൂസിൻെറ മാടമ്പിസംഘടനയാണ്. ആ സംഘടനയുടെ പ്രമുഖ മാടമ്പിയായ പ്രൊഫസർ സി. ജെ. ഒറേല്ലിയും പരിശുദ്ധ സിംഹാസനത്തിലെ ഐറിഷ് പ്രതിനിധിയായ മി. ജെ. പി. വാൽഷുമാണ് ദിവ്യപൂജയിൽ സഹായിച്ചതു്.

## കർദ്ദിനാൾ അനാഥബാലൻെറ വിവാഹം

### ആശീർവ്വദിച്ചു

അത്യുന്നത കർദ്ദിനാൾ ലെർകാരോ ബൊളോഞ്ഞായിൽനിന്നു ട്രിയെസ്റ്റേ എന്ന സ്ഥലത്തു പോയി ഒരു വിവാഹം ആശീർവ്വദിച്ചു. കർദ്ദിനാൾ ഏഴുകൊല്ലം മുമ്പു ചെയ്ത ഒരു വാഗ്ദാനം പൂർത്തിയാക്കുന്നതിനായിരുന്നു ഈ യാത്ര. തിരുമേനി റാവെന്നായുടെ മെത്രാപ്പോലീത്താ ആയിരുന്ന കാലത്തു തിരുമേനിയുടെ അരമനയുടെ ഒരുഭാഗം ഏതാനും അനാഥബാലന്മാരുടെ താമസത്തിനായി വിട്ടുകൊടുത്തിരുന്നു. തിരുമേനിയും ഈ അനാഥക്കുട്ടികളുമായി ഒരുടമ്പടിയുണ്ടായിരുന്നു, അവർ പ്രായമായി വിവാഹം കഴിക്കുന്ന അവസരത്തിൽ എവിടെയായിരുന്നാലും തിരുമേനി ചെന്നു വിവാഹകർമ്മം നടത്തിക്കൊടുത്തുകൊള്ളാമെന്നു്. അവരെല്ലാം ആ അവസരത്തിൽ ചെന്നെത്തിക്കൊള്ളാമെന്നു കുട്ടികളും പരസ്പരം വാഗ്ദാനംചെയ്തു. പാദുവാ സ്വദേശിയും ഇപ്പോൾ ബൊളോഞ്ഞായിൽ ഒരു ചെറിയ ഗവർമ്മൻറുദ്യോഗത്തിൽ ജോലിനോക്കുന്നയാളുമായ സെർജിയോ മർസിലോയാണ് ഇപ്പോൾ ആദ്യമായി വിവാഹം കഴിച്ചതു്. യൂഗോസ്ലാവിയായിൽനിന്നും രക്ഷപെട്ടു ട്രിയെസ്റ്റേയിൽ അഭയാർത്ഥിയായി കഴിയുന്ന റോസിനാ റിസ്സുത്തിയെന്ന യുവതിയെയാണ് മർസിലോ വിവാഹം കഴിച്ചതു്. സെർജിയോയുടെ 23 അനാഥസഹവാസികളും അവരുടെ വാഗ്ദാനമനുസരിച്ചു വിവാഹത്തിൽ സംബന്ധിച്ചു. കർദ്ദിനാളിൻേറയും അനാഥമക്കളുടേയും ഈ സമ്മേളനം എത്ര ആനന്ദപ്രദമായിരുന്നു!

## സംഗീതവിദഗ്ദ്ധൻ

### മൃതിപ്പെട്ടു

ദേവാലയസംഗീതത്തിൽ പ്രസിദ്ധ വിദഗ്ദ്ധനായ മോൺ. ലിച്ചിനിയോ റെഫീസ് എന്ന ദേഹം റിയോദെജനേയ്റോ എന്ന സ്ഥലത്തെ മുൻസിപ്പൽ വേദിയിൽ "സെസിലിയാ" എന്ന അദ്ദേഹത്തിൻെറ പ്രസിദ്ധ പരിപാടി നിർവ്വഹിച്ചുകൊണ്ടിരിക്കെ ഹൃദയസ്തംഭനംമൂലം നിര്യാതനായിരിക്കുന്നു. "സെസിലിയാ" ഓപ്പറാ ആദ്യമായി 1934-ൽ ഇററലിയുടെ രാജാവും രാജ്ഞിയും സന്നിഹിതരായിരുന്ന ഒരു സദസ്സിലാണ് റോമയിൽവച്ചു വിജയപൂർവ്വം നടത്തപ്പെട്ടതു് എന്നുള്ളതു സ്മരണീയമാണ്.

## നൂറുഭാഷകളിൽ

### "നന്മനിറഞ്ഞമറിയം"

100 ഭാഷകളിൽ "നന്മനിറഞ്ഞ മറിയം" എന്ന ജപം എഴുതിയിട്ടുള്ള ഒരു പുസ്തകം റോമയിലുള്ള വെനറബിൾ ഇംഗ്ലീഷ് കോളേജിലെ വിദ്യാർത്ഥികൾ രചിച്ചു ഇംഗ്ലണ്ടിലെ വാൽസിങ്ങാം മരിയതീർത്ഥത്തിനു കാഴ്ചവച്ചിരിക്കുന്നു. മരിയവത്സരം പ്രമാണിച്ചു് വിദ്യാർത്ഥികൾ വാൽസിങ്ങാമിലേക്കു തീർത്ഥയാത്ര കഴിച്ച അവസരത്തിൽ അവരുടെപേർക്കു ബർമിങ്ഹാം മെത്രാപ്പോലീത്താ ഗ്രീംഷാ തിരുമേനിയാണ് ഈ കാഴ്ച സമർപ്പിച്ചതു്. 22 വൈദികരും 12 വിദ്യാർത്ഥികളും സംബന്ധിച്ചിരുന്നു.

## നിർബന്ധിതവേലയിൽ

### 30 വൈദികർ

പൂർവ്വപോളണ്ടിൽ കഴിച്ചുകൊണ്ടിരിക്കുന്ന 60 മൈൽ നീളമുള്ള ഒരു തോട്ടപണിയിൽ അനേകശതം അടിമജോലിക്കാരെ ഏർപ്പെടുത്തിയിരിക്കുകയാണ്. ലൂബ്ളിൻ ഭാഗത്തുള്ള അടിമക്യാമ്പുകളിൽനിന്നാണ് ഇവരെ കൊണ്ടുവന്നിട്ടുള്ളതു്. അവരിൽ 30 വൈദികരുള്ളതായി അറിയുന്നു. പോളണ്ടിലെ പ്രൈമേററായ കർദ്ദിനാൾ വിഷിൻസ്കിയുടെ അറസ്റ്റിനെത്തുടർന്നു കഴിഞ്ഞകൊല്ലത്തിൽ അവരവരുടെ ഇടവകകളിൽനിന്നും അറസ്റ്റുചെയ്തു തടങ്കൽപ്പാളയങ്ങളിലേക്കു കൊണ്ടുപോകപ്പെട്ടവരാണ് അവരിൽ ഭൂരിഭാഗവും.

## ഓർലിയൻസ വില്ലെയിലെ

### ഭൂകമ്പം

ഓർലിയൻസ്‌വില്ലെ എന്ന പട്ടണത്തിൽ ഭയാനകമായ ഒരു ഭൂകമ്പം സംഭവിച്ചിരിക്കുന്നു. ഈ വാർത്ത അൽജിയേഴ്സിൽ കിട്ടിയ ഉടനെ അവിടത്തെ മെത്രാപ്പോലീത്താ ഡുവാൽ തിരുമേനിയും ഏതാനും വൈദികരും സംരക്ഷണവകുപ്പുകാരുംകൂടി പാറന്നു സ്ഥലത്തെത്തി. മെത്രാപ്പോലീത്താ തിരുമേനി സ്ഥലത്തിറങ്ങിയപ്പോൾ ഭൂമിയുടെ ചലനം നിലച്ചിട്ടില്ലായിരുന്നു. അദ്ദേഹം മുട്ടിന്മേൽനിന്നു ദൈവത്തെ പ്രാർത്ഥിച്ചശേഷം മരണാസന്നരായ എല്ലാവർക്കും പാപമോചനം നൽകി. വൈകിട്ടു് 5 മണിയോടുകൂടി മൃതരായവരുടെ ശവസംസ്കാരകർമ്മങ്ങൾ ആരംഭിച്ചു. പട്ടണം മുഴുവൻ നശിച്ചുകഴിഞ്ഞിരിക്കുന്നു. മരണത്തെ അതിജീവിച്ചിട്ടുള്ളവരുടെ സംരക്ഷണത്തിനു നാനാഭാഗങ്ങളിൽനിന്നു അടിയന്തിരസഹായങ്ങൾ എത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഫ്രഞ്ചുകത്തോലിക്കരുടെ പരസഹായസംഘടനക്കാർ പാരിസിലുള്ള അവരുടെ കേന്ദ്രത്തിൽനിന്നു 10 ലക്ഷം പാരു ഉടുപ്പുകളും അത്യാവശ്യവിഭവങ്ങൾവാങ്ങുന്നതിനു് 10ലക്ഷം ഫ്റാങ്കും എത്തിച്ചുകൊടുത്തു. കൂടാതെ ഡോക്ടറന്മാരേയും സാമൂഹികപ്രവർത്തകരേയും വിമാനമാർഗ്ഗം അൽജിയേഴ്സിലേക്കെത്തിച്ചിട്ടുണ്ട്. ഡുവാൽ മെത്രാപ്പോലീത്താ തിരുമേനി ഓരോ ഇടവകയിലും സഹായാർത്ഥം റിലീഫ് കമ്മിററികൾ ഏർപ്പെടുത്തിയിരിക്കുന്നു. പരിശുദ്ധ പിതാവു് വിവരമറിഞ്ഞ ഉടനെ 1000 പവൻ അവരുടെ സഹായത്തിനു മെത്രാപ്പോലീത്താവഴി എത്തിച്ചുകൊടുത്തു.

## സാർവ്വലൗകിക

### യുവസംഘടന

സാർവ്വലൗകികയുവസംഘടനയുടെ (W. A. Y.) ഒരു സമ്മേളനം സിങ്കപ്പൂരിൽവച്ചു നടത്തപ്പെട്ടിരിക്കുന്നു. 50 രാജ്യങ്ങളിൽനിന്നു 283 പ്രതിനിധികൾ അതിൽ സംബന്ധിച്ചു. കമ്മ്യൂണിസ്റ്റ് അധീനത്തിലുള്ള "വേൾഡ് ഫെഡറേഷൻ ഓഫ് ഡെമോക്രാററിക്കു യൂത്തു്" എന്ന സംഘടനയ്ക്കു "ബദലാ"യിട്ടുള്ളതാണ് ഈ സംഘടന. 80 കത്തോലിക്കാ യുവാക്കന്മാർ മാത്രമേ അതിലുണ്ടായിരുന്നുള്ളു. കത്തോലിക്കനായ ഒരു ജപ്പാൻ പ്രതിനിധി അണുബോമ്പുപ്രയോഗത്തെ നിയമവിരുദ്ധമാക്കണമെന്നു സമ്മേളനം ആഹ്വാനം നൽകണമെന്നു ഒരു പ്രമേയം അവതരിപ്പിച്ചു. അഭിപ്രായവ്യത്യാസം കൂടാതെ അതു പാസ്സാക്കപ്പെട്ടു. കമ്മ്യൂണിസത്തിൻെറ നിരീശ്വരപരമായ സിദ്ധാന്തങ്ങളെ എതിർക്കണമെന്നുള്ള പ്രമേയം പാക്കിസ്ഥാൻ പ്രതിനിധിയാണവതരിപ്പിച്ചതു്. സമ്മേളനം അതും അംഗീകരിച്ചു. സന്താനനിയന്ത്രണപ്രശ്നം ചർച്ചയ്ക്കുവന്നെങ്കിലും അതു തല്ക്കാലം നീക്കിവയ്ക്കപ്പെട്ടു.

## ജപമാലയുടെ രഹസ്യങ്ങൾ

### ചലച്ചിത്രത്തിൽ

കുടുംബജപമാല പ്രസ്ഥാനത്തിൻെറ പ്രചാരകനായ ഫാദർ പാട്രിക്കു പെയ്ററൻ ജപമാലയുടെ 15 രഹസ്യങ്ങൾ ഓരോന്നും അരമണിക്കൂർ ദീർഘിക്കുന്ന ചലച്ചിത്രങ്ങളായി എടുക്കുന്നതിനു് ഏർപ്പാടുചെയ്തുവരുന്നതായി അറിയുന്നു. വിവിധഭാഷകളിൽ അതു തയാറാക്കപ്പെടുന്നതും ലോകത്തിൻെറ വിവിധഭാഗങ്ങളിലും പ്രദർശിപ്പിക്കപ്പെടുന്നതുമാണ്. ഓരോ ഫിലിമിനും 9000 പവൻവീതം ചെലവുവരും. ഐക്യനാടുകളിൽനിന്നും ആസ്ട്രേല്യയിൽനിന്നുമായി 12 എണ്ണത്തിൻെറ ചിലവിനുള്ള തുക ലഭിച്ചിട്ടുണ്ട്. അടുത്തു ഐർലണ്ടിൽ നടത്തപ്പെട്ട ജപമാലപ്രചാരണത്തിനിടയിൽ കൂടുതൽ സംഖ്യകൾ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഒന്നാമത്തെ ഫിലിംനിർമ്മാണം അമേരിക്കയിൽ മറിയത്തിൻെറ അമലോത്ഭവത്തിരുനാളായ ഡിസംബർ 8-ാംനു സമാരംഭിക്കുന്നതാണ്.

## ജനനനിയന്ത്രണത്തെപ്പററി

### ഒസ്സെർവത്തോരെ

ലോകത്തിൻെറ വിവിധഭാഗങ്ങളിലുള്ള 70 രാജ്യങ്ങളിൽനിന്നു 500 പ്രതിനിധികൾ, റോമിൽവച്ചു നടത്തപ്പെട്ട ജനസംഖ്യയെ സംബന്ധിച്ച സാർവ്വലൗകികസംഘടനയുടെ കോൺഗ്രസ്സിൽ സംബന്ധിച്ചു. പര്യാലോചനകൾക്കിടയിൽ. ജപ്പാനിൽ വിവാഹിതരായ ജനങ്ങളിൽ മൂന്നിലൊരുഭാഗത്തോളം ജനനനിയന്ത്രണം ഏതെങ്കിലും വിധത്തിൽ പ്രയോഗിക്കുന്നു എന്നു പ്രസ്താവിക്കപ്പെടുകയുണ്ടായി. വത്തിക്കാൻ പത്രമായ ഒസ്സെർവത്തോരെ റൊമാനോ അതേപ്പററി ശ്രദ്ധാർഹമായ ഒരു കുറിപ്പു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. "ഇക്കാലത്തിൻെറ ഏററം ഗുരുതരവും വേദനാജനകവുമായ ഒരു ലക്ഷണം, വർഗ്ഗഹത്യക്കുവേണ്ടിയുള്ള രാജ്യങ്ങളുടെ വർദ്ധമാനവും ശക്തിമത്തുമായ പുരോഗതിയാണ്. . . . . ക്രിസ്തുമതത്തിൻെറ ലക്ഷ്യവും ശിക്ഷണവുമില്ലാത്ത സ്ഥലങ്ങളിൽപോലും സ്വാഭാവിക നിയമം മനുഷ്യനുണ്ടല്ലോ. സഞ്ചയിക്കപ്പെട്ടിട്ടുള്ള വെള്ളം കൃഷിയുടെ ആവശ്യങ്ങൾക്കനുസരിച്ചു സ്ലൂസുകൾ തുറന്നുവിടുകയോ അടച്ചുനിർത്തുകയോ ചെയ്യുന്നതുപോലെ നിയന്ത്രിക്കപ്പെടാവുന്ന ഒന്നല്ല ജീവൻെറ ഉല്പത്തി. ഒരു പേഗൻ രാജ്യത്തിലായാലും ശരി, മരണത്തെ സ്വാഗതംചെയ്യുന്ന ഒരു പ്രതിവിധി വിഡ്ഢിത്വത്തെയല്ലാതെ മറെറാന്നുമല്ല സൂചിപ്പിക്കുന്നതു്."

## ലൂർദ്ദിലേക്കുള്ള തീർത്ഥകർ

### 25 ലക്ഷം

ഇക്കൊല്ലം ആദ്യത്തെ 8 മാസങ്ങളിൽ ലൂർദ്ദിലേക്കു തീർത്ഥാടനം നടത്തിയവരുടെ സംഖ്യ 25 ലക്ഷമാണെന്നു കണക്കുകൾ കാണിക്കുന്നു. അവരിൽ 40,000 ത്തോളം വിമാനംവഴിക്കാണ് സ്ഥലത്തെത്തിയതു്. അതിൽ പകുതിപ്പേരും ഇംഗ്ലണ്ടിൽനിന്നായിരുന്നുവത്രെ.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam— 1

